

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 92 ● ലക്കം 01 ● ജൂലൈ 2019

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം


# ഉള്ളടക്കം

ഇടയലേഖനം : സഭാദിനം - ജൂലൈ 03, 2019 ........ 07
സർക്കുലർ : യുവജനദിനം 2019 ........ 12
സർക്കുലർ : ശ്ലീഹാക്കാല പരിചിന്തനം ........ 17
കച്ചേരിക്കാര്യം ........ 22
അനുസ്മരണങ്ങൾ ........ 32
പഞ്ചവത്സര അജപാലന പദ്ധതി ........ 39
ജാഗ്രതാസമിതി ........ 40
സന്ദേശനിലയം ........ 41
ചെറുപുഷ്പ മിഷൻലീഗ് ........ 46
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........ 50
ഫാമിലി അപ്പോസ്റ്റലേറ്റ് ........ 54
യുവദീപ്തി ........ 57
കെ.സി.എസ്.എൽ. ........ 60
കത്തോലിക്കാ കോൺഗ്രസ് ........ 61
ചാസ് ........ 62
സപ്തതി സ്മാരക ഭവനപദ്ധതി ........ 70
ജീവകാരുണ്യനിധി ട്രസ്റ്റ് ........ 71
ദീപികാഫ്രണ്ട്സ് ക്ലബ്ബ് ........ 72
കേരളാ ലേബർ മൂവ്മെന്റ് ........ 73
പ്രവാസി അപ്പോസ്റ്റലേറ്റ് ........ 75
കെയർ ഹോംസ് ........ 76
ആത്മതാകേന്ദ്രം ........ 78
ദലിത് കത്തോലിക്കാ മഹാജനസഭ ........ 80
ആവേമരിയ ........ 81
ഫ്രാൻസിസ്കൻ അല്മായസഭ ........ 82
വിൻസെൻഷ്യൻ വേദി ........ 84
ചാരിറ്റി വേൾഡ് ട്രസ്റ്റ് ........ 86
കരിസ്മാറ്റിക് നവീകരണം ........ 89
പൗരോഹിത്യ ആദ്ധ്യാത്മികത ........ 91
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 97
Engagements ........ 103

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

# 106-ാം ചരമവാർഷികം



**അഭിവന്ദ്യ ചാൾസ് ലവീഞ്ഞ് മെത്രാൻ**

11–07–2019

# നാമഹേതുകത്തിരുനാൾ
## മംഗളങ്ങൾ





അഭിവന്ദ്യ
തോമസ് തറയിൽ പിതാവിനും
പെരിയ ബഹു. തോമസ്
പാടിയത്ത് അച്ചനും
അതിരൂപതാ കുടുംബത്തിന്റെ
നാമഹേതുകത്തിരുനാൾ
മംഗളങ്ങളും പ്രാർത്ഥനയും...

Prot. No. 0984/ 2019

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**
**കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.**

# സഭാദിനം - ജൂലൈ 3, 2019

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിവസമായ ജൂലൈ 3 ആണല്ലോ പതിവനുസരിച്ച് സീറോമലബാർ സഭാദിനമായി ആചരിച്ചു വരുന്നത്. തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ വിശ്വാസം സ്വീകരിച്ച പൂർവ്വികന്മാർ നമുക്ക് കൈമാറിത്തന്ന വിശ്വാസത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിപ്പിക്കാൻ കടപ്പെട്ടവരാണ് നാമെല്ലാവരുമെന്ന് ദുക്റാന തിരുനാൾ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും സഭാദിനം ആഘോഷിക്കുമ്പോൾ, കാലഘട്ടത്തിന്റെ പ്രത്യേകതകളിൽ ഈശോമിശിഹായുടെ സുവിശേഷം ഫലപ്രദമായി പ്രഘോഷിക്കാനുള്ള കൃപയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ഗാഗുൽത്തായിൽ രക്തം ചിന്തിയവനിലുള്ള വിശ്വാസത്താൽ പ്രേരിതനായി മൈലാപ്പൂരിൽ തോമാശ്ലീഹ സ്വന്തംരക്തം ചിന്തി മരണം കൈവരിച്ചതുമുതലാണ് നമ്മുടെ സഭ വളർന്നു തുടങ്ങിയത്. തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ രൂപീകൃതമായ വിവിധ സഭകളുടെ ഇടയിൽ നമ്മുടെ സഭ പ്രേഷിതപ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നു. ഇക്കാരണത്താൽ, നമ്മുടെ പിതാവിനെ പ്പോലെ ധീരതയോടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനുള്ള

ദൗത്യം നമുക്കുണ്ട്. 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' (യോഹ. 11:16) എന്ന അപ്പസ്തോലന്റെ വാക്കുകൾ ഈശോയുമായുള്ള ആഴമായ സൗഹൃദത്തിൽ നിന്ന് ശക്തി പ്രാപിച്ചവയായിരുന്നു. ഈശോയെ കൂടുതൽ അറിയാനും കൂടുതൽ സ്നേഹിക്കാനും ആഗ്രഹിച്ച ശ്ലീഹായുടെ ആത്മാർത്ഥത നിറഞ്ഞു നില്ക്കുന്ന സമീപനം സുവിശേഷത്തിൽ കാണുന്നുണ്ട്. 'കർത്താവേ, നീ എവിടേയ്ക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ, പിന്നെ വഴി ഞങ്ങൾ എങ്ങനെയറിയും'? (യോഹ. 14:5) എന്ന ചോദ്യവും ഈശോമിശിഹായെ ഏറ്റവും അടുത്തനുഗമിക്കാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തെയാണ് പ്രകടമാക്കുന്നത്. താൻ സ്ഥലത്തില്ലാതിരുന്നപ്പോൾ മറ്റുള്ളവർക്കു നൽകപ്പെട്ട ഉത്ഥിതന്റെ ദർശനം തനിക്കും ലഭിക്കണമെന്ന തീവ്രമായ ആഗ്രഹവും 'അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈവയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല' (യോഹ. 20:25) എന്ന ശാഠ്യവും തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ വലിയ ഏറ്റുപറച്ചിലായിരുന്നു. ഇപ്രകാരം, ഈശോമിശിഹായോടുള്ള വ്യക്തിപരമായ സ്നേഹവും അടുപ്പവും ഹൃദയത്തിൽ സൂക്ഷിച്ച തോമാശ്ലീഹാ, തന്റെ ഗുരുവിൽ ഉത്ഥിതന്റെ അടയാളങ്ങൾ കണ്ടപ്പോൾ നടത്തിയ 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന വിശ്വാസ പ്രഖ്യാപനം, അദ്ദേഹത്തിന്റെ സ്നേഹവും തീക്ഷ്ണതയും പ്രകടിപ്പിക്കുന്നതായിരുന്നു.

തന്റെ ഗുരുവിനോടുള്ള സ്നേഹവും അടുപ്പവും പരസ്യജീവിത കാലത്തെ സാധാരണ അനുഭവങ്ങളുടെ പരിമിതികൾ കടന്ന് ഉത്ഥാനാനുഭവത്തിലെത്തിയപ്പോഴാണ് തോമാശ്ലീഹായിലെ പ്രേഷിതൻ രൂപപ്പെടുന്നത്. പലസ്തീനായിൽ നിന്ന് കൊടുങ്ങല്ലൂർ വഴി, വിവിധ സ്ഥലങ്ങൾ കടന്ന് മൈലാപ്പൂരിൽ അവസാനിച്ച തോമാശ്ലീഹായുടെ പ്രേഷിതയാത്ര ആധുനികസമൂഹത്തിന്റെ വിശാലവഴികളിലൂടെ തുടരാൻ വിളിക്കപ്പെട്ടവരാണ്, സഭാമക്കളായ നമ്മൾ എല്ലാവരും. നമ്മുടെ സഭയും തോമാശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ച ഇതരസഭകളും ഈ ദൗത്യം തുടരുന്നുണ്ട്. തോമാശ്ലീഹായുടെ വിശ്വാസ തീക്ഷ്ണതയും അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ വെല്ലുവിളികളും അതിന്റെ ഫലമായ രക്തസാക്ഷിത്വവും നമ്മുടെ സുവിശേഷപ്രചരണ സംരംഭങ്ങളിൽ കാലാനുസൃതമായി പ്രതിഫലിക്കണം.

സഭാദിനാചരണത്തിന്റെ പശ്ചാത്തലത്തിൽ, സീറോമലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെയും അവ ലോകത്തിനു നല്കിയ നിരവധി ഫലങ്ങളെയും ഓർത്ത് നന്ദി പറയാം. ലോകമെമ്പാടും

ഇന്ന് സീറോമലബാർ സഭയുടെ മക്കൾ സജീവസാക്ഷ്യം നല്കി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നത് സന്തോഷകരമായ യാഥാർത്ഥ്യമാണ്. നമ്മുടെ സഭയിൽ നിന്നുള്ള മെത്രാന്മാരും വൈദികരും സമർപ്പിതരും മറ്റ് വ്യക്തിസഭകളിൽ ഫലപ്രദമായ അജപാലന-പ്രേഷിത ശുശ്രൂഷകൾ ചെയ്യുന്നതും അഭിമാനാർഹമായ കാര്യമാണ്. മാർതോമ്മാ ശ്ലീഹാ തെളിയിച്ചുതന്ന വിശ്വാസദീപം ലോകമാസകലം പ്രകാശിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ തീക്ഷ്ണതയോടെ നമുക്കു തുടരാം. ഭാരതം മുഴുവനിലും പ്രേഷിത പ്രവർത്തനം നടത്തുവാനുള്ള അവസരം ലഭിച്ച നമ്മുടെ സഭ പ്രേഷിത ചൈതന്യത്തിൽ കൂടുതൽ വളരേണ്ടതുണ്ട്. ഗൾഫ്, സിംഗപ്പൂർ, ആഫ്രിക്കയിലെ ചില രാജ്യങ്ങൾ എന്നിവിടങ്ങളിലെ നമ്മുടെ വിശ്വാസികൾക്കുംകൂടി നമ്മുടെ സഭയുടെ തനതായ അജപാലന സൗകര്യങ്ങൾ അവയുടെ പൂർണ്ണതയിൽ ലഭിക്കുന്നതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം.

ഏതൊരു പ്രേഷിതപ്രവർത്തനവും ആത്മാർത്ഥതയോടെ ഏറ്റെടുക്കുകയും പ്രതിബദ്ധതയോടെ തുടരുകയും ചെയ്യണമെങ്കിൽ അയച്ചവനോടുള്ള ബന്ധവും വിശ്വസ്തതയും സജീവമായി നില നിർത്തണം. ആധുനിക സമൂഹത്തിന്റെ പ്രായോഗിക സംസ്കാരത്തിൽ, ചില തത്വചിന്തകളും ദൈവശാസ്ത്ര സമീപനങ്ങളും ഈ വിശ്വസ്തതയ്ക്ക് എതിരായി നിൽക്കുന്നുണ്ട്. ഈശോയുടെ രക്ഷാകര ദൗത്യം തങ്ങളോടുതന്നെയും വിശ്വാസസമൂഹത്തോടും പൊതുസമൂഹത്തോടും ഫലപ്രദമായി പ്രഘോഷിക്കാൻ എല്ലാ സഭാംഗങ്ങൾക്കും സാധിക്കണം.

വർത്തമാനകാലത്തിൽ സഭയുടെ പ്രേഷിത സ്വഭാവത്തെയും ദൗത്യത്തെയും ലോകത്തിനു മുൻപിൽ അവതരിപ്പിക്കുന്നതിൽ ഫ്രാൻസിസ് മാർപാപ്പ എപ്പോഴും ശ്രദ്ധാലുവാണ്. യുവജനങ്ങൾക്കുവേണ്ടി റോമിൽ നടന്ന പ്രത്യേക സിനഡിനുശേഷം പുറത്തിറക്കിയ 'ക്രിസ്തു ജീവിക്കുന്നു' (*Christus vivit*) എന്ന അപ്പസ്തോലിക പ്രബോധനം മാർപാപ്പയുടെ ലോകത്തോടുള്ള ശക്തമായ സുവിശേഷ പ്രഘോഷണമാണ്. ഈ അപ്പസ്തോലിക പ്രബോധനത്തിൽ ഏതൊരു ക്രൈസ്തവനും വിശ്വസിക്കേണ്ടതും ജീവിക്കേണ്ടതും പ്രഘോഷിക്കേണ്ടതുമായ മൂന്ന് സത്യങ്ങളെ അവതരിപ്പിക്കുന്നുണ്ട്. ദൈവം നിന്നെ സ്നേഹിക്കുന്നു, ക്രിസ്തുവാണ് രക്ഷകൻ, ക്രിസ്തു ജീവിക്കുന്നു എന്നിവയാണ് മാർപാപ്പ ലോകത്തോട് പ്രഘോഷിക്കുന്ന സുവിശേഷ സത്യങ്ങൾ. ഉപഭോഗ മരണസംസ്കാരങ്ങൾ ആധുനിക മനുഷ്യന്റെ നിഷേധാത്മകതയെ വളർത്തി സുവിശേഷമൂല്യങ്ങളിൽ

നിന്നും സഭയിൽനിന്നും അകറ്റുമ്പോൾ രക്ഷകനായ ക്രിസ്തു ഇന്നും ജീവിക്കുന്നവനാണെന്നു പ്രഘോഷിക്കുന്നതാണല്ലോ വിമോചനത്തിന്റെ സുവിശേഷം. എല്ലാ പ്രേഷിതപ്രവർത്തനങ്ങളും അടിസ്ഥാനമിടേണ്ടതും അർത്ഥം കണ്ടെത്തേണ്ടതും ഈ സത്യത്തിൽ നിന്നാണ്. ഈ കാലഘട്ടത്തിലും നമ്മൾ പ്രഘോഷിക്കേണ്ടതും ജീവിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമായ സത്യവും ഇതുമാത്രമാണ്.

ദൈവം നല്കിയ അനുഗ്രഹങ്ങൾക്കിടയിലും ഇനിയും ആത്മപരിശോധനയ്ക്ക് വിഷയമാക്കേണ്ട കാര്യങ്ങൾ നമ്മുടെ മുൻപിലുണ്ട്. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഇടപെടലുകളിലും സുവിശേഷത്തിന്റെ കലർപ്പില്ലാത്ത സന്ദേശം പകർന്നുകൊടുക്കുവാൻ നമുക്കു കഴിയണം. ആദിമസഭയിലുണ്ടായിരുന്ന പങ്കുവയ്ക്കൽ മനോഭാവം വിവിധ സഭാസംവിധാനങ്ങളിലും സ്ഥാപനങ്ങളുടെ നടത്തിപ്പിലും വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലും നയരൂപീകരണത്തിലും കൂടുതൽ പ്രകടമാകേണ്ടതുണ്ട്. ചരിത്രത്തിലൂടെ ദീർഘയാത്ര തുടരുന്ന ഇന്നത്തെ സഭ, ആദിമസഭയുടെ ജാഗ്രതയും തീക്ഷ്ണതയും കൈമോശം വരാതെ കാത്തുസൂക്ഷിക്കണം. മണവാളൻ എപ്പോൾ വരുമെന്ന് നിശ്ചയമില്ലാത്തതിനാൽ, വിളക്കണയാതിരിക്കാൻ എണ്ണ കരുതി സ്വീകരിക്കാൻ കാത്തിരിക്കുന്ന കന്യകമാരുടെ ജാഗ്രത സഭയുടെ എല്ലാ മേഖലകളിലും ഉറപ്പുവരുത്തുവാൻ കൂട്ടായ്മയോടെ പ്രവർത്തിക്കേണ്ടതുണ്ട്. ദൈവം ഈ ലോകം മുഴുവനെയും സ്നേഹിക്കുന്നുവെന്നും ദൈവപുത്രനായ ഈശോമിശിഹായാണ് നമ്മുടെ രക്ഷകനെന്നും ഈ രക്ഷകൻ ഇന്നും ജീവിക്കുന്നുവെന്നും ഫലപ്രദമായി പ്രഘോഷിക്കുവാൻ നമുക്ക് സാധിക്കണം.

ഈ പ്രഘോഷണത്തിലും സാക്ഷ്യത്തിലും നമുക്കു വന്നുപോയ പോരായ്മകളെ എളിമയോടെ അംഗീകരിക്കാം. തെറ്റിദ്ധാരണകളെയും വിമർശനങ്ങളെയും എതിർപ്പുകളെയും ഈശോയുടെ ശൈലിയിൽ സ്വീകരിക്കാൻ സാധിക്കണം. നാമെല്ലാവരും വിശുദ്ധിയിലേയ്ക്ക് വളരാൻ വിളിക്കപ്പെട്ടവരാണെന്ന സത്യം 'ആനന്ദിച്ച് ആഹ്ളാദിക്കുവിൻ' എന്ന തന്റെ ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നുണ്ട്. വിശുദ്ധിയെന്നത് നമ്മുടെ ദുർബലതയും ദൈവിക കൃപയുടെ ശക്തിയും തമ്മിലുള്ള കണ്ടുമുട്ടലാണ്. നമ്മുടെ പരിമിതികളിൽനിന്നും കൂടുതൽ ഉയരത്തിലേയ്ക്കു നോക്കാൻ വേണ്ടി, ദൈവത്താൽ സ്നേഹിക്കപ്പെടാനും, വിമോചിതരാകാനും വിട്ടുകൊടുക്കുന്നതിൽ നമുക്ക് ഭയപ്പെടാതിരിക്കാം (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, നമ്പർ 34). എല്ലാ ക്ലേശങ്ങൾക്കുമിടയിൽ ആനന്ദം നല്കുന്ന രക്ഷയുടെ പ്രത്യാശ നമുക്ക് മുറുകെ പിടിക്കാം.

നമ്മുടെ സഭാദിനാചരണവേളയിൽ നിങ്ങൾക്കെഴുതുമ്പോൾ സുപ്രധാനമായ ചില വാർത്തകൾ കൂടി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. തിരുകുടുംബ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയും നമ്മുടെ സഭാംഗവുമായ വാഴ്ത്തപ്പെട്ട മറിയംത്രേസ്യ അടുത്ത ഒക്ടോബർ മാസത്തിൽ വിശുദ്ധ പദവിയിലേയ്ക്കുയർത്തപ്പെടുമെന്ന് നമുക്ക് അറിവു ലഭിച്ചിട്ടുണ്ട്. അതുപോലെ കാനഡയിലെ മിസിസാഗ എക്സാർക്കേറ്റ് രൂപതയായി പരിശുദ്ധ പിതാവ് ഉയർത്തിയ വിവരം നിങ്ങൾ അറിഞ്ഞു കാണുമല്ലോ. രൂപതയുടെ ഉദ്ഘാടന ചടങ്ങിലും പ്രഥമ മെത്രാന്റെ സ്ഥാനാരോഹണ കർമ്മത്തിലും ഞാൻ പങ്കെടുത്തിരുന്നു. മൂന്നാമത്തേത്, വരുന്ന ഒക്ടോബർ മാസത്തിൽ, നമ്മുടെ സഭയിലെ പിതാക്കന്മാരെല്ലാം ആദ് ലിമിന(*Ad limina*) സന്ദർശനത്തിനായി റോമിലേയ്ക്ക് പോകുന്നു എന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനയിൽ നമ്മുടെ സഭയുടെ എല്ലാ നിയോഗങ്ങളെയും എളിയവനായ എന്നെയും ഓർക്കുന്നതിന് നന്ദി പറയുന്നു. ആഗസ്റ്റ് മാസം നടക്കാനിരിക്കുന്ന നമ്മുടെ സഭയുടെ സിനഡിനു വേണ്ടിയും നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. നമ്മുടെ പിതാവായ തോമാശ്ലീഹായെപ്പോലെ ഉത്ഥിതനായ ഈശോയെ നാഥനും രക്ഷകനുമായി ഏറ്റു പറഞ്ഞ്, ഈശോ ഇന്നും ജീവിക്കുന്നു എന്ന ഉറച്ച ബോദ്ധ്യത്തിൽ നമ്മുടെ എല്ലാ ജീവിത സാഹചര്യങ്ങളിലും പ്രേഷിത ചൈതന്യത്തിൽ മുന്നേറാൻ നിരന്തരം പരിശ്രമിക്കാം. ദുക്റാന തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

**+ കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാം ആണ്ട് ജൂൺമാസം 14-ാം തീയതി നല്കപ്പെട്ടത്.

---

*NB: ഈ ഇടയലേഖനം 2019 ജൂൺ 30-ാംതീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.*

Ref: 3206/K-5/KCBC/OL/DS 25.06.2019

# യുവജനദിനം 2019
## ജൂലൈ 7, ഞായർ
### കെസിബിസി യുവജന കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കെസിബിസി യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ 2019 ജൂലൈ 7-ാം തീയതി നാം യുവജനദിനമായി ആചരിക്കുകയാണ്. ഈ യുവജനദിനത്തിന്റെ എല്ലാവിധ അനുഗ്രഹങ്ങളും ആശംസകളും കേരളത്തിലെ എല്ലാ കെസിവൈഎം പ്രവർത്തകർക്കും ഇതരയുവജനസംഘടനകൾക്കും കേരളത്തിലെ കത്തോലിക്കാ മെത്രാൻസംഘത്തിന്റെ പേരിൽ ഹൃദയപൂർവം നേരുന്നു. 2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ നടന്ന അന്തർദേശീയ യുവജന സിനഡിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ യുവജനദിനാചരണം. സിനഡിന്റെ വെളിച്ചത്തിലുള്ള പ്രബോധനരേഖ 'ക്രിസ്തു ജീവിക്കുന്നു' എന്ന പേരിൽ 2019 ഏപ്രിൽ 2-ന് ഫ്രാൻസിസ് പാപ്പാ പ്രസിദ്ധീകരിച്ചു. ''ക്രിസ്തു ജീവിക്കുന്നു...നിങ്ങൾ ജീവനുള്ളവരായിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു'' എന്ന് യുവജനങ്ങളെ ഓർമ്മിപ്പിക്കുന്ന ഫ്രാൻസിസ് പാപ്പാ, യുവജനം ലോകത്തിന്റെയും സഭയുടെയും ഭാവിയല്ല, ഇന്നാണ് എന്നു എടുത്തുപറയുന്നു.

യുവജനം സഭയുടെ ഇന്നിന്റെ മുഖമാകണം. അവർ സഭയിൽ മുൻനിരയിൽ പ്രതിഷ്ഠിക്കപ്പെടണം. എന്നാൽ യുവജനങ്ങൾ അവഗണിക്കപ്പെടുന്ന സംസ്കാരം ഇന്ന് വളർന്നുകൊണ്ടിരിക്കുന്നു. ഇന്നത്തെ ഡിജിറ്റൽ സാഹചര്യങ്ങളും കുടിയേറ്റത്തിന്റെ കയ്പുനിറഞ്ഞ അനുഭവങ്ങളും ലൈംഗികവും ധാർമികവുമായ ദുരുപയോഗങ്ങളും യുവജനത്തെ തളർത്തുന്നുണ്ട്. ഫ്രാൻസിസ് പാപ്പാ യുവജനങ്ങളെ ആഹ്വാനം

ചെയ്തുകൊണ്ട് പറയുന്നു, യുവജനങ്ങളേ, ഇന്നും ജീവിക്കുന്ന ക്രിസ്തു നിങ്ങളിലുണ്ട്. നിങ്ങളോടുകൂടെയുണ്ട്. ഒരിക്കലും നിങ്ങളെ ഉപേക്ഷിക്കുകയില്ല. നിങ്ങൾ ജീവിതത്തിന്റെ ഏതവസ്ഥയിലായാലും തിരിച്ചുവരാനും പുതുതായി തുടങ്ങാനും ഭയപ്പെടേണ്ടതില്ല. ഉത്ഥിതനായ ക്രിസ്തുവാണ് നിങ്ങളുടെ പ്രത്യാശയും ശക്തിയും. യുവജനത്തെ അവജ്ഞയോടെ കാണുന്നതും അവരുടെമേൽ ആധിപത്യം പുലർത്തുന്നതും അവരുടെ സ്വപ്നങ്ങളെ കാണാതിരിക്കുന്നതും കഴിവുകളെ പ്രയോജനപ്പെടുത്താതിരിക്കുന്നതും പ്രത്യാശയെ അപഹരിക്കുന്നതുമായ ശൈലികൾ തിരുത്തപ്പെടണമെന്ന് ഫ്രാൻസിസ് പാപ്പാ മുന്നറിയിപ്പു നല്കുന്നു.

സഭയ്ക്കും ലോകത്തിനും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും സാക്ഷ്യം കൊടുക്കുന്ന വ്യക്തികളായി വളരാൻ യുവജനങ്ങളെ സഹായിക്കുക എന്നതാണ് യുവജനകമ്മീഷന്റെ മുഖ്യമായ ദൗത്യം. ഈ ദൗത്യം കേരളസഭയിൽ നാം പ്രാവർത്തികമാക്കുന്നത് കെ.സി.വൈ.എമിന്റെയും, അതിനോട് ചേർന്ന് പ്രവർത്തിക്കുന്ന കേരളത്തിലെ മറ്റു കത്തോലിക്കാ യുവജന സംഘടനകളുടെയും കർമ്മപരിപാടികളിലൂടെയാണ്. യുവജനങ്ങളുടെ രൂപീകരണത്തിനായി അനേകം കർമ്മ പരിപാടികൾ യുവജന കമ്മീഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. അവ പ്രധാനമായും മൂന്ന് ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്.

ഒന്നാമതായി, യുവജനങ്ങളെ ഈശോയുടെ യഥാർത്ഥ ശിഷ്യന്മാരായിത്തീരാൻ സഹായിക്കുകയെന്നതാണ്. യുവത്വത്തിന്റെ നിറവിൽ രക്ഷയുടെ സന്ദേശം പങ്കുവച്ചുതന്ന ഈശോയുടെ മാതൃകയിൽ കരുത്താർജ്ജിക്കുന്നതിനുവേണ്ടിയുള്ള ആത്മീയ രൂപീകരണമാണത്. ''ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന'' (ലൂക്കാ 2,52) ഈശോയോട് അനുരൂപരായി യുവതീയുവാക്കൾ ജീവിക്കണം.

രണ്ടാമത്തെ ലക്ഷ്യം, യുവജനങ്ങളെ നല്ല മിഷനറിമാരായി വളരാൻ സഹായിക്കുകയെന്നതാണ്. കർത്താവ് നമ്മെ ഏല്പിച്ച വലിയ ഉത്തരവാദിത്വമാണ് ദൈവരാജ്യത്തിന്റെ സന്ദേശം അഥവാ, രക്ഷയുടെ മാർഗം എല്ലാവരെയും അറിയിക്കുക എന്നത്. ''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ 16,15) എന്നാണ് അവിടന്ന് അവസാനമായി നമ്മോട് കല്പിച്ചത്. ഈശോയുടെ രക്ഷയുടെ സന്ദേശം, സ്നേഹമായും കരുണയായും കരുതലായും സമാധാനമായും സമൂഹത്തിൽ പ്രഘോഷിക്കുവാൻ

ക്രൈസ്തവയുവജനങ്ങൾ മുന്നിട്ടിറങ്ങുന്നതിന്റെ നേർക്കാഴ്ചകൾ കേരളത്തിൽ അങ്ങോളമിങ്ങോളം കാണാം. സുവിശേഷത്തിന്റെ സന്തോഷവും സമാധാനവും എല്ലാവരിലും പ്രത്യക്ഷമായും പരോക്ഷമായും എത്തിക്കുവാൻ ഉത്സാഹത്തോടെ, ഉണർന്നു പ്രവർത്തിക്കുന്ന യുവജനം സഭയുടെ അമൂല്യസമ്പത്താണ്. കഴിഞ്ഞ നാലുപതിറ്റാണ്ടുകാലം കെ.സി.വൈ.എം ''സഭയുടെ നല്ല സാക്ഷ്യമുഖമായി'' പ്രവർത്തിച്ച് സഭയ്ക്ക് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇന്ന് കേരള കത്തോലിക്കാ സഭയിലെ മഹത്തായ യുവജന പ്രസ്ഥാനമായി അതു നിലകൊള്ളുന്നു.

യുവജനങ്ങളുടെ സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ട് അവരെ സമൂഹനിർമ്മിതിയിൽ പങ്കാളികളാക്കുകയും ഈശോയുടെ മാതൃകയിലും ശൈലിയിലും തിന്മയ്ക്കെതിരേ പോരാടുവാൻ ശക്തരാക്കുകയും ചെയ്യുക എന്നതാണ് യുവജനകമ്മീഷന്റെ മൂന്നാമത്തെ ലക്ഷ്യം. കുടുംബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും യുവജനങ്ങളോടുള്ള ഉത്തരവാദിത്വം മറ്റേതു കാലഘട്ടത്തെക്കാളും ഇന്ന് വർദ്ധിച്ചിരിക്കുന്നു. ശാസ്ത്ര-സാങ്കേതിക വളർച്ചയും ഇലക്ട്രോണിക് മീഡിയായും സമൂഹത്തിന്റെ ചിന്താഗതിയിലും പ്രവർത്തനത്തിലും വലിയ മാറ്റം വരുത്തിയിരിക്കുന്നു. ഈശോ പ്രഖ്യാപിച്ച ജീവന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും സംസ്കാരം കടുത്ത വെല്ലുവിളി നേരിടുകയാണ്. ഇതിനെ പ്രതിരോധിക്കുവാൻ യുവജനവിഭവശേഷി ശരിയായി നാം പ്രയോജനപ്പെടുത്തണം.

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഭീകരപ്രവർത്തനം, അക്രമം, അസഹിഷ്ണുത, വിഭാഗീയത, ഏകാന്തത എന്നിവയെല്ലാം മരണസംസ്കാരത്തിന് വേദി ഒരുക്കുന്നു. മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം എന്നിവയൊക്കെ ഈ സംസ്കാരത്തിന് ശക്തി പകരുന്നു. ഇവയോട് നാം സന്ധിയില്ലാസമരം ചെയ്യണം. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബലവിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, ഓഖി ദുരന്തം, വെള്ളപ്പൊക്കദുരിതം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് യുവജനങ്ങൾ സമൂഹനിർമ്മിതിയിൽ പങ്കുചേരുന്നു.

നാം ജീവിക്കുന്ന ഈ സമൂഹത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അക്രമത്തിനും ഭീകരപ്രവർത്ത

നത്തിനുമെതിരേ, യുവജനങ്ങൾ ഏറ്റെടുത്ത 'യുവജനങ്ങൾ സമാധാനത്തിന്''(Youth for Peace Campaign) എന്ന യജ്ഞം അഞ്ച് ഘട്ടങ്ങളിലായാണ് നടത്തപ്പെടുന്നത്.

1. സമാധാനസന്ദേശ യാത്ര (കാസർഗോഡ് മുതൽ കന്യാകുമാരി വരെ സമാധാനസന്ദേശയാത്ര - K2K)

2. സമാധാനദീപം തെളിക്കൽ (Lighting Peace Lamp)

3. സമാധാനപദയാത്ര (Peace Walk, July 7, 2019)

4. അന്തർദേശീയ സമാധാനസമ്മേളനം (International Peace Conference)

5. രൂപതാതല സമാധാനസമ്മേളനങ്ങൾ (Peace Conference in 32 Dioceses)

ഇതിൽ ഏതാനും പരിപാടികൾ നടത്തപ്പെട്ടു കഴിഞ്ഞു. കാസർഗോഡ് മുതൽ കന്യാകുമാരി വരെ കേരളത്തിലെ 32 രൂപതകളിലും തമിഴ്നാട്ടിലെ നാല് രൂപതകളിലുമായി കെ.സി.വൈ.എമിന്റെ നേതൃത്വത്തിലുള്ള സമാധാന സന്ദേശ യാത്ര (K2K) കടന്നുപോയപ്പോൾ, സമൂഹത്തിൽ ശാന്തിയുടെയും സൗഹൃദത്തിന്റെയും വലിയ സന്ദേശമാണ് പരന്നത്. ഈ സന്ദേശയാത്രയ്ക്ക് അഭിവന്ദ്യപിതാക്കന്മാരും വൈദികരും സന്ന്യസ്തരും വിശ്വാസികളും പൊതുസമൂഹവും നല്കിയ ആവേശോജ്ജ്വലമായ സ്വീകരണങ്ങൾ യുവജനങ്ങൾക്ക് വലിയ പ്രത്യാശയും ആവേശവും പകർന്നു. അഭിവന്ദ്യപിതാക്കന്മാരോടും ഈ സന്ദേശയാത്രയെ വരവേറ്റ് അനുഗമിച്ച എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു. യാത്രയിൽ പങ്കെടുത്ത എല്ലാ കെ.സി. വൈ.എം. പ്രവർത്തകരെയും അനുമോദിക്കുന്നു.

ഈ വർഷം യുവജനങ്ങൾ ഏറ്റെടുക്കുന്ന മറ്റ് പരിപാടികൾ ഇവയാണ്: 1) ഉന്നതവിദ്യാഭ്യാസവും തൊഴിലിനുവേണ്ടിയുള്ള പരിശീലനവും (Higher Education and Placement Cell); 2) ഹരിതകേരളം പദ്ധതിയോട് ചേർത്ത് നടപ്പാക്കുന്ന പരിപാടികൾ (Green Protocol in 10 Cathedral Campuses); 3) മീഡിയയുടെയും സാങ്കേതിക വിദ്യയുടെയും സുവിശേഷവത്കരണം (Evangelizing Media, Technology and Cell Phone Campaign); 4) ബൈബിൾ, പാരമ്പര്യം, സഭാ പ്രബോധനങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവത്കരണ പരിപാടികളും പഠനക്ലാസ്സുകളും.

നാം ജീവിക്കുന്ന ഈ സമൂഹത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അക്രമത്തിനും തിന്മയ്ക്കും എതിരേ ഫലപ്രദമായി പ്രവർത്തിക്കുവാൻ യുവജനങ്ങളോട് ചേർന്ന് നില്ക്കുവാനും അവരെ പ്രോത്സാഹിപ്പിക്കാനും സഹായസഹകരണ

ങ്ങൾ നൽകുവാനുമുള്ള ആഹ്വാനമാണ് യുവജനദിനം നമുക്ക് നല്കുന്നത്. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെ.സി.വൈ.എമും മറ്റു യുവജനസംഘടനകളും കേരളസഭയ്ക്കു നല്കുന്ന എല്ലാ ശുശ്രൂഷകളെയും ഓർത്ത് യുവജനങ്ങൾക്ക് നന്ദി പറയുന്നു.

എല്ലാ യുവജനങ്ങൾക്കും ഈ ദിനത്തിന്റെ ആശംസകൾ! ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

---

*N.B. 2019 ജൂലൈ 7-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

## സർക്കുലർ

19 Ch. 221-296

# സഭ അയയ്ക്കപ്പെട്ടവരുടെ കൂട്ടായ്മ-
# ശ്ലീഹാക്കാല പരിചിന്തനം

ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

പിതാവായ ദൈവം പുത്രനായ മിശിഹായെ ലോകത്തിലേക്കയച്ചു. മനുഷ്യകുലത്തെ മുഴുവൻ രക്ഷിച്ച് ദൈവസന്നിധിയിൽ എത്തിക്കാനായിരുന്നു അത്. അതിനായി സ്വർഗത്തിലും ഭൂമിയിലും എല്ലാ അധികാരവും പിതാവ് പുത്രനു നൽകി (മത്താ 28: 18). അങ്ങനെ അനിഷേധ്യമായ അധികാരത്തോടെ ഈശോ പഠിപ്പിച്ചു, പാപങ്ങൾ മോചിച്ചു, പിതാവിന്റെ പക്കലേക്കുള്ള വഴി ഏതെന്നും വെളിപ്പെടുത്തി. അതേ അധികാരത്തോടെ ശിഷ്യന്മാർ ലോകത്തിൽ തന്റെ പ്രേഷിതദൗത്യം തുടരുന്നതിന് സ്വർഗ്ഗാരോഹണത്തിനുമുമ്പ് ഈശോ അവർക്ക് കല്പന നൽകി:

'പോയി സകല ജനങ്ങളെയും ശിഷ്യരാക്കി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസാ നൽകുകയും ഞാൻ നിങ്ങളോട് ആജ്ഞാപിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുകയും ചെയ്യുക' (മത്താ 28:19). ഇതാണ് സഭയുടെ പ്രേഷിതദൗത്യം. പിതാവ് പുത്രനെ അയച്ചതുപോലെ പുത്രൻ സഭയെയും അയച്ചിരിക്കുന്നു.

ഈശോമിശിഹായിലൂടെ വെളിപ്പെടുത്തപ്പെട്ട നിത്യരക്ഷയുടെ മാർഗ്ഗം എല്ലാവരെയും പഠിപ്പിക്കുക എന്നുള്ള സഭയുടെ ദൗത്യനിർവഹണത്തിൽ എല്ലാവരും അവരുടെ വിളിക്കനുസരിച്ച് പങ്കാളികളാകണം. പ്രേഷിതയായ സഭയുടെ പ്രേഷിതമക്കളാണ് നാം എല്ലാവരും. 'പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പയുടെ നേതൃത്വത്തിൽ സഭ മുഴുവന്റെയും പ്രാർത്ഥനയോടും സഹകരണത്തോടുംകൂടി

നിർവഹിക്കേണ്ട ഒരു ചുമതലയാണ് പ്രേഷിതവൃത്തി' എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു (പ്രേഷിതപ്രവർത്തനം, 6). വഴിയും സത്യവും ജീവനുമായി ഈശോമിശിഹായെ അറിയുകയും സ്നേഹിക്കുകയും വിശ്വസിച്ചനുസരിക്കുകയും ചെയ്യുന്നവരായി മനുഷ്യരെ രൂപപ്പെടുത്തുകയാണ് പ്രേഷിതപ്രവർത്തനങ്ങളുടെ ലക്ഷ്യം. മിശിഹായാണ് വഴിയും സത്യവും ജീവനുമെന്ന് ഇനിയും വിശ്വസിക്കാത്ത ജനതകളോടു ഈ സുവിശേഷം പ്രസംഗിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്യുന്ന മിഷൻ പ്രവർത്തനം (പ്രേഷിതപ്രവർത്തനം, 6) സഭവയുടെ അനിഷേധ്യമായ ദൈവനിയോഗമാണ്.

ഇപ്രകാരമുള്ള പ്രേഷിതപ്രവർത്തനം മതസ്വാതന്ത്ര്യത്തിന് എതിരല്ലേയെന്ന് സംശയമുണ്ടാകാം. മതസ്വാതന്ത്ര്യം മനുഷ്യന്റെ അവകാശമാണെന്ന് സഭ വ്യക്തമായി പഠിപ്പിക്കുന്ന കാര്യമാണ്. മതസ്വാതന്ത്ര്യത്തെക്കുറിച്ച് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് ഇതാണ്: 'ആരിൽനിന്നായാലും ഉണ്ടായേക്കാവുന്ന സമ്മർദ്ദങ്ങളിൽ നിന്ന് വിമുക്തരായിരിക്കുക എന്നതിലാണ് മതസ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നത്. അതായത്, മതകാര്യങ്ങളിൽ സ്വന്തം മനഃസാക്ഷിക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ ആരും നിർബന്ധിക്കപ്പെടരുത്. അതുപോലെതന്നെ മതസംബന്ധമായ കാര്യങ്ങളിൽ സ്വന്തം മനസാക്ഷിയനുസരിച്ച് പ്രവർത്തിക്കുന്നതിൽനിന്ന് ഒരുവനെ ആരും തടയാൻ പാടില്ല. ഭരണകൂടം പൗരന്മാരുടെ മതജീവിതത്തെ അംഗീകരിക്കുകയും അതിനുവേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുകയും വേണം. മതാനുഷ്ഠാനത്തെ നിയന്ത്രിക്കാനോ തടസ്സപ്പെടുത്താനോ ആണ് ഭരണാധികാരികൾ തുനിയുന്നതെങ്കിൽ അവർ തങ്ങളുടെ പരിധികൾ അതിലംഘിക്കുകയാണ്' (മതസ്വാതന്ത്ര്യം, 3). ഇന്ത്യൻ ഭരണഘടന മതസ്വാതന്ത്ര്യത്തെ മനുഷ്യന്റെ മൗലികാവകാശമായി അംഗീകരിച്ചിട്ടുള്ളതാണ്. അത് അഭംഗുരം സംരക്ഷിക്കപ്പെടണം.

മനുഷ്യന്റെ നിത്യരക്ഷയ്ക്കാവശ്യമായ കാര്യങ്ങളാണ് ഈശോമിശിഹായിലൂടെ ദൈവം നമുക്ക് വെളിപ്പെടുത്തി തന്നത്. ഇക്കാര്യങ്ങൾ എല്ലാവരെയും പഠിപ്പിക്കുക എന്നത് (മത്താ 28:19) ദൈവകല്പനയാണ്. അത് വിശ്വസ്തയോടെ നിർവ്വഹിക്കപ്പെടണം ( മതസ്വാതന്ത്രം, 14). രക്ഷയുടെ സന്ദേശമായ സുവിശേഷം അറിഞ്ഞ് ബോദ്ധ്യപ്പെടുന്ന ആൾക്ക് അത് ജീവിക്കാനും മറ്റുള്ളവരെ തന്റെ ബോദ്ധ്യം അറിയിക്കാനുമുള്ള കടമയും അവകാശവുമുണ്ട്. മറ്റുള്ളവർക്ക് നന്മയ്ക്കുപകരിക്കുന്ന ഒരു കാര്യം അറിയുന്ന വ്യക്തി ഒരു മനുഷ്യസ്നേഹിയാണെങ്കിൽ അക്കാര്യം ഒളിച്ചുവയ്ക്കാതെ അറിയിക്കുക എന്നതാണ് സ്വാഭാവികമായ രീതി. അങ്ങനെയെങ്കിൽ മനുഷ്യവർഗ്ഗത്തിനു മുഴുവൻ നിത്യരക്ഷയുടെ

സന്ദേശമായ സുവിശേഷം സ്വീകരിച്ചവർ അത് മറ്റുള്ളവരോട് പ്രഘോഷിക്കയും അതിന് സാക്ഷ്യം വഹിക്കയും വേണം. അതാണ് സഭയുടെയും സഭാമക്കളുടെയും പ്രേഷിതദൗത്യം.

പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്ന മൂന്ന് കാര്യങ്ങളിലൂടെയാണ് പ്രേഷിതദൗത്യം നിർവഹിക്കാൻ സഭ നിയുക്തയായിരിക്കുന്നത് സഭയുടെ അജപാലനപ്രവർത്തനങ്ങളെല്ലാം ഈ മൂന്നു കാര്യങ്ങളിലായി സംഗ്രഹിക്കാവുന്നതാണ്. സഭയുടെ ഘടനയും സംവിധാനങ്ങളും സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഇവയിൽ അധിഷ്ഠിതമാകണം. അതിരൂപതാംഗങ്ങളില്ലെല്ലാവരിലും ഇപ്രകാരമൊരു പ്രേഷിതാഭിമുഖ്യം വേരുപിടിച്ച് വളരണം. അങ്ങനെ സഭയോട് ചേർന്ന്, അതിരൂപതയോട് ചേർന്ന് ചിന്തിക്കാനും ജീവിക്കാനും പ്രവർത്തിക്കാനും ഇടയാകണം. അപ്പോഴാണ് സഭയോടൊപ്പം നമ്മളും പ്രേഷിതരാകുന്നത്.

നമ്മുടെ അതിരൂപത നടപ്പിലാക്കിവരുന്ന പഞ്ചവത്സര അജപാലന പദ്ധതിയുടെ ഒരു പ്രധാനപ്പെട്ട ലക്ഷ്യം അതിരൂപതാംഗങ്ങളിൽ പ്രേഷിതാഭിമുഖ്യം വളർത്തുകയും പ്രേഷിത പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നാതാണ്. ഇപ്പോൾ ഒന്നരവർഷം പിന്നിട്ടിരിക്കുന്നു. ഈ ലക്ഷ്യത്തിലേക്ക് എത്രമാത്രം വളരുന്നുണ്ടെന്നു വിലയിരുത്താനും, അതിനായി കൂടുതൽ തീവ്രതയോടെ പരിശ്രമിക്കാനും, സുവിശേഷത്തിൽ നിന്ന് അതിനുള്ള ഊർജ്ജവും പ്രചോദനവും ഉൾക്കൊള്ളാനുമുള്ള അവസരമാണ് ആരാധനാവത്സരത്തിലെ ശ്ലീഹാക്കാലം.

ആരാധനാവത്സരകലണ്ടറിൽ ശ്ലീഹാക്കാലത്തെ വേദപുസ്തകവായനകൾ പ്രേഷിതപ്രവർത്തനത്തിനും സാക്ഷ്യത്തിനും ഏറെ വെളിച്ചവും ഊർജ്ജവും പകരുന്നതാണ്. ഏകമനസ്സോടെ പ്രാർത്ഥിച്ച് കാത്തിരുന്ന ശ്ലീഹന്മാരുടെമേൽ കർത്താവ് വാഗ്ദാനം ചെയ്ത റൂഹാദ്ക്കുദ്ശാ ഇറങ്ങി വസിച്ചപ്പോൾ സുവിശേഷപ്രഘോഷണത്തിന് അവർ ശക്തരായി. ശിഷ്യപ്രമുഖനായ കേപ്പായുടെ ധീരമായ സുവിശേഷപ്രഘോഷണം അനേകരെ മിശിഹായിലേക്കടുപ്പിച്ചു. വിവിധ ഭാഷകൾ സംസാരിച്ചിരുന്നവരും വിവിധ ദേശങ്ങളിൽ നിന്നുള്ളവരും കേപ്പായുടെ ആറാമായ (സുറിയാനി) ഭാഷയിലെ പ്രസംഗം ഗ്രഹിച്ചു ഒരു കൂട്ടായ്മയായി. ഭാഷകൾക്കും രാജ്യങ്ങൾക്കും അതീതമായി എല്ലാവർക്കും വേണ്ടിയുള്ളതാണ് സുവിശേഷമെന്നും അത് എല്ലാവരെയും ഒരു കുടുംബം പോലെ സ്നേഹത്തിൽ ഒരുമിപ്പിക്കുന്നതാണെന്നും, റൂഹാദ്ഖുദ്ശായുടെ പ്രവർത്തനമാണതെന്നും വെളിപ്പെടുത്തുന്നതാണ് പെന്തക്കുസ്താ

സംഭവം. പ്രേഷിതപ്രവർത്തനത്തിലുടനീളം റൂഹാദ്ഖുദ്ശായുടെ പ്രവർത്തനത്തിനു നമ്മൾ വിധേയപ്പെടണമെന്നും മാനുഷികശക്തി കൊണ്ടല്ല മാനസാന്തരം സംഭവിക്കുന്നതെന്നും ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

സുവിശേഷപ്രഘോഷണമെന്നാൽ മുഖ്യമായും ഈശോയെ പ്രഘോഷിക്കുകയാണെന്ന് കേപ്പായുടേതുൾപ്പെടെ നടപടി പുസ്തക ത്തിൽ രേഖപെടുത്തിരിയിക്കുന്ന സുവിശേഷപ്രഘോഷണങ്ങൾ വ്യക്ത മാക്കുന്നു. ഈശോയുടെ അത്ഭുതപ്രവർത്തികളും ഉപമകളുമൊക്കെ സുവിശേഷം രക്ഷയുടെ സന്ദേശമാണെന്നും അത് ഈശോതന്നെയാ ണെന്നുമുള്ള സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. സുവിശേഷം സാർവ്വത്രികസാഹോദര്യത്തിന്റെ സന്ദേശമാണെന്നും മിശിഹാനുയായി എങ്ങനെ ജീവിക്കണമെന്നും പഠിപ്പിക്കുന്ന ഉപമയാണ് നല്ല സമരിയാ ക്കാരന്റേത്. പാപികളെ മാനസാന്തരത്തിലേക്കും വിശുദ്ധിയിലേക്കും ആനയിക്കാനാണ്, ശിക്ഷിക്കാനല്ല, ഈശോ വന്നിരിക്കുന്നതെന്നും, ഒരു പരസ്യപാപിനിയെപ്പോലും മഹാപ്രേഷിതയാക്കാൻ സാധിക്കുമെന്നും തെളിയിക്കുന്നതാണ് സമരിയാക്കാരി സ്ത്രീയുടെ മാനസാന്തരസം ഭവം. ഇപ്രകാരം വിവിധ വേദപുസ്തവായനകൾ നൽകുന്ന സന്ദേശ ങ്ങൾ പഠിച്ചും ധ്യാനിച്ചും പ്രാർത്ഥിച്ചും പ്രേഷിതസാക്ഷ്യത്തിനുള്ള ശക്തിയാർജ്ജിക്കാൻ ശ്ലീഹാക്കാലം ഉപകരിക്കണം. ഭൗതികനേട്ടങ്ങളും സമ്പത്തുമല്ല ഈശോയിലുള്ള വിശ്വാസമാണ് യഥാർത്ഥ നിക്ഷേപം എന്ന തിരിച്ചറിവ് പ്രേഷിതസാക്ഷ്യത്തിൽ അനിവാര്യമാണ്. ബാഹ്യ പ്രകടനങ്ങളേക്കാൾ ആന്തരികപരിവർത്തനമാണാവശ്യമെന്ന് പുളിമാ വിന്റെ ഉപമ വെളിപ്പെടുത്തുന്നു.

സ്നേഹം, കരുണ, ക്ഷമ, സഹിഷ്ണുത, സംയമനം, സഹനശീലം, നിഷ്കളങ്കത, എളിമ, ദൈവാശ്രയം തുടങ്ങിയവയാണ് പ്രേഷിതപ്രവർ ത്തനങ്ങളുടെ വിജയരഹസ്യം എന്ന് തെളിയിച്ച വിശുദ്ധരെയും രക്ത സാക്ഷികളെയുമൊക്കെ ശ്ലീഹാക്കാലത്ത് നമ്മൾ അനുസ്മരിക്കുന്നുണ്ട്. അവരൊക്കെ മാതൃകയും പ്രചോദനവുമാകണം.

ചങ്ങനാശേരി അതിരൂപതയുടെ പ്രേഷിത പ്രവർത്തന ചരിത്രം അതിരൂപതാംഗങ്ങൾ എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. വൈ ദികരും സമർപ്പിതരും ഉൾപ്പെടെ ആയിരക്കണക്കിന് മിഷണറിമാർ അതിരൂപതയിൽനിന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽപ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. 1960 കന്യാകുമാരിയിൽ അതിരൂപത മിഷൻ പ്രവർത്തനം ആരംഭിച്ചു. കന്യാകുമാരി മിഷൻ ഇന്ന് തക്കല രൂപതയായി വളർന്നിരിക്കുന്നു. തക്കലരൂപതയിലെ വിരുതു നഗർ ജില്ല പ്രവർത്തനത്തിനായി അതിരൂപത ഏറ്റെടുത്തിരിക്കുന്നു.

1975-ൽ ഉത്തർപ്രദേശിൽ അതിരൂപത പ്രവർത്തനം ആരംഭിച്ചു- ഇറ്റാവാ മിഷൻ. അത് ഇന്ന് വിപുലമായ ഒരു മിഷൻ പ്രദേശമായി വളർന്നിരിക്കുന്നു. 2018-ൽ രാജസ്ഥാനിൽ പുതിയൊരു മിഷൻ നമ്മൾ ഏറ്റെടുത്തു- ജെയ്പൂർ മിഷൻ. ഇതും വിപുലമായ ഒരു പ്രദേശമാണ്.

ഈ പ്രേഷിതപ്രവർത്തനങ്ങൾക്ക് തീക്ഷ്ണമതികളും വിശുദ്ധരുമായ മിഷനറിമാരെ നമുക്കാവശ്യമുണ്ട്. നമ്മുടെ കുട്ടികളിലും യുവജനങ്ങളിലും പ്രേഷിതാഭിമുഖ്യം വളർത്താൻ എല്ലാവരും ശ്രദ്ധിക്കണം. എറ്റവും പ്രധാനം, ഈശോ തന്നെ പറഞ്ഞതുപോലെ, 'വിളവധികം വേലക്കാർ ചുരുക്കം. അതിനാൽ തന്റെ വയലിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് നിങ്ങൾ പ്രാർത്ഥിക്കുവിൻ'. മക്കൾക്ക് ദൈവവിളി ലഭിക്കാൻ മാതാപിതാക്കൾ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം. ദൈവവിളി സ്വീകരിക്കാൻ ആഗ്രഹിക്കുന്ന മക്കളെ പിന്തിരിപ്പിക്കയല്ല, പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്.


മിഷനിൽ വേല ചെയ്യുന്നവർക്കുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം. പുതുതായി ആരംഭിച്ചിരിക്കുന്ന മിഷനുകൾ ഇല്ലായ്മയിൽ നിന്നാണ് വളർത്തിയെടുക്കേണ്ടത്. അതിന് സാധിക്കുന്നവരെല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. ഈ മിഷനുകളിൽ പ്രവർത്തിക്കാൻ വൈദികരെയും സിസ്റ്റേഴ്സിനെയും ആവശ്യമുണ്ട്. സാധിക്കുന്ന അല്മായ പ്രേഷിതരും മുന്നോട്ടുവരണം. അങ്ങനെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ നമുക്കും സജീവമായി പങ്കുചേരാം. നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളുടെമേൽ കർത്താവിന്റെ കൃപ സമൃദ്ധമായി ഉണ്ടാകട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

ശ്ലീഹാ മൂന്നാം ശനി
മാർ കേപ്പാ-പൗലോസ് ശ്ലീഹന്മാർ
29- 06-2019

N.B: *ഈ സർക്കുലർ ജൂലൈ 14-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*




# I
## TRANSFERS & APPOINTMENTS

| Very Rev/Rev Fr | Transferred from | Transferred to |
|---|---|---|
| Aerathedom Philip | Thazhathuvadakara | Kainakary |
| Alencherry Jose | Yudapuram | Retirement/ Canada |
| Ambalathinkal Jacob | Kottangal | Kavalam Lisieux |
| Anchupankil Jacob | Kurumpanadam F | Nedumkunnam F |
| Chekonthayil Thomas | | Kavalam St Joseph F. (addl) |
| Cheruplavil Jose O Praem | Pulincunnoo F | Palode, Vithura |
| Kalapura Toms | Potta | Priest Home, Ithithanam |
| Kamicherry Scaria | Kelamangalam | Moncompu Pius X & MSc, SB Chry |
| Karikompil Cherian | Kainakary | Finance Officer |
| Karukaparampil Cherian | Parampuzha | Relived, Archbishop House (resi) |
| Kattapuram Joseph | Karimpanakulam | Vallanchira |
| Kavalam Antony | Eara | Pongummoodu |
| Kayamkulathusserry Joseph | Muttar New | St Joseph Press & Book Stall |
| Kayamkulathussery Thomas | | Bible Convention, Madhysthan & Veliyanadu Kesaria, St Joseph (addl) |
| Kinganamchira Micheal | Moncompu Pius X | Venchembu, Narikallu |
| Kizhakkeyil Peter | | Viruthu Nagar ( Thucklay Mission) |
| Kottayil Cyriac | Athirampuzha F | Zion, Kunnamthanam |
| Madickanal George CRM | Ambalapuzha f | Relieved |

| | | |
|---|---|---|
| Maleckal Mathew | Kesavadasapuram | Relieved |
| Maleckal James | Fathimapuram | Pacha-Chekidikadu |
| Mudanthangelil Martin | Laikadu | Bursar SB College |
| Mullanpara John | SB College | Leave |
| Mundakathil Joseph | Syncellus | Athirampuzha F |
| Muppathilchira Martin | Veliyanadu St Xavier | Sahrudya Hospital & Chathanad |
| Muthalakavil Antony | Muhamma | Kelamangalam |
| Naduvilekkalam Jacob | Mayam | Paduvapuram, SL Puram |
| Nalpathamkalam Cyril | Kaithavana | Muttar New |
| Nalpathamkalam Joseph | Kainady | Puthukary |
| Nambimadam Varghese | Palode, Vithura | Relieved |
| Nereyth Antony | Pacha-chekidikadu | Mallappally |
| Nilavanthara Jose | Cheeramchira | Laikadu |
| Nuzhaithadam George | Mallappally | Kurumpanadam F |
| Padinjarekuttu Mathew | St. Joseph Press & Book Stall | Parampuzha |
| Parappuram Alex | Pullangady | Kaithavana |
| Paruvaparampil John | Kurichy | Muhamma |
| Pathalil John | | Kariyil f (addl) |
| Pazhayamadam Varghese | Kurumpanadam Assump-tion | Karyavattam, Kazhakoottam B Ed Study, Thiruvanathapuram |
| Pazhayapura George | Malankara Seminary | Confessor & Counsellor, Lourdes TVM |
| Peediakel Kuriakose | | Ithithanam, SB HSS Chry |
| Plaparampil Thomas | Bible Convention | Relieved |
| Plathanam John | Ithithanam | SB College & Paral Sunday Ministry |
| Purackal Joseph | Karyavattam, Kazhakoot-tam | Changanacherry M & Assumption College |
| Puthenkalam Antony | MOC | Mannanam 12 Sleeha |
| Puthenkalam Tom | | Punnathura |

| | | |
|---|---|---|
| Puthenkalam Xavier | Villoonni | Fathimapuram |
| Puthenparampil Joseph (Shijo) | Kavalam Lisieux | Kurichy, Finance Officer Kurichy Seminary |
| Puthenparampil Thomas (Tijo) | Kavalam St Joseph F. | Veliyanadu St Xavier, Asst Dir, Family Apostolate |
| Puthenpurackal Francis | Pravasi Apo./ Anickad | Relieved |
| Puthenpurackal Thomas (Aji) | Kudamaloor Alphonsa Centre | Ambalapuzha f Church |
| Puthiyaparampil Joseph (Toji) | Punnathura | Arpookara LF |
| Puthumanamoozhiyil George | Puthukary | Vettithuruthu f church |
| Puthuparampil Joseph | Nedumkunnam F | Manimala New |
| Puthuparampil Sebastian | | Asso. Pastor, Fathimapuram resi. |
| Puthusseril Sebastian | Vettithuruth F Church | Eara |
| Puthuveedu Joseph | Chathanad & Sahrudaya | Arunoottampadam & Kuttaman-galam |
| Puthuveettilkalam Joseph | | Tourisministry & Pravasi Apo. (addl) |
| Srampickal Scaria | Paral ministry | Yudapuram |
| Thadathil John V | Manimala New | Mammoodu |
| Thalachelloor Antony | Veliyanadu Kesaria, St Joseph | Media Commission, Kakkanad |
| Thanniyath Mathew | ZION, Kunnamthanam | Villoonni |
| Thayil Philip | Finance Officer | Alapuzha F |
| Thekkedam Mathew | Vadavathoor | Kainady, Ecumenisam & Dialogue |
| Thekkekara Thomas | Arpookara LF | Edathua Mahajubilee Hospital |
| Thekkepurath Jose | | Cheeramchira (addl) |
| Thekkummuriyil Thomas | Mammoodu | Thazhathuvadakara |
| Thevary Antony | Pandankary f Church | Mayam |
| Thoompunkal Joseph Jr | Vallamchira | Karimpanakulam |
| Vadakettam Francis | Venchempu, Narikallu | Kondackal |
| Valiamangalam Jinto CMI | Kariyil f (Purackadu) | Relieved |
| Vallathara Aloysius | | Pandankary f Church |

| | | |
|---|---|---|
| Vallayil George | Mannanam 12 Sleeha | M Th Study, Vadavathoor |
| Vangasserry Paul | Paduvapuram, SL Puram | Vadavathoor, M Th Vadavathoor |
| Vaniyapurackal Joseph | Alapuzha F | Syncellus |
| Varuvelil Mathew | Arunoottampadam/Kut-tamangalam | Kesavadaspuram |
| Vathyakary George | Kondackal | Kottangal |
| Vattackatt Jacob | | Anickad f (addl) |
| Velangattusserry Joseph | | Kurumpanadam Assum. resi (addl) |
| Veliyath George | Pogummoodu | Pullangady |

## Parochial Vicars

| Rev Fr | Transferred from | Transferred to |
|---|---|---|
| Anakkallunkal Antony | Changanacherry M | Youth Ministry Study Bangalore |
| Chackumkal George | Thathampally | Archbishop House (resi) |
| Erupathil Zacharias | Pacha-Chekidikadu | Alappuzha F |
| Kossakal Varghese | Villoonni | MBA Study Bangalore |
| Muttel Thomas | Alapuzha F | Ayarkunnam & Syriac Theology Study, Vadavathoor |
| Pallichirayil Joseph | Athirampuzha F | Changanacherry M |
| Plamparampil Varghese | Ayarkunnam | Koilmuck- Edathua F |
| Parathanam Thomas | Thrickodithanam F | Pacha-Chekkidikad |
| Puthenparampil Joseph | Nedumkunnam F | Athirampuzha F |
| Puthiyidam Joseph | Kalloorkad-Champak-ulam F | Madappally |
| Vellanickal Thomas | Koilmuck-Edathua F | Etawah |
| Vengasseery Thomas | Koothrappally | Villoonni |
| Kollarettu Dominic Savio (Satna) | | Thrickodithanam F |
| Aerathedathu Jossey CMI | Madappally | Relieved |
| Arimattathil Joseph MST | | Kodinattukunnu |
| Azhakath Thomas CSSR | | Nedumkunnam F |
| Chiramel Sebastian CST | Kodinattukunnu | Relieved |
| Chirayil Augustine MST | | Champakara |
| Kochukaniyamparampil CMI | Poonthope | Relieved |

| | | |
|---|---|---|
| Kochumalayil Dominic CRM | Koilmuck-Edathua F | Relieved |
| Lanithottam Joseph CMI | Changancherry Metropo. | Relieved |
| Mamala Mathew MSFS | | Vattiyoorkavu |
| Mampallithadathil Antony CRM | | Koothrappally |
| Naluchira Toji OFM Cap | | Poonthope |
| Palliyadiyil Philip CMI | Mudiyoorkara | Relieved |
| Perumpallikunnel Joseph CMI | Champakara | Relieved |
| Pulichumackal Joby MSFS | | Thiruvananthapuram F |
| Erupathanchil Rino John SVD | | Kalloorkad-Champakulam F |
| Srampickal Joseph MCBS | Parampuzha | Relieved |
| Thumpechirayil Joshy MSFS | Thiruvananthapuram F | Relieved |

## II
## ബഹു. വൈദികരുടെ വാർഷികധ്യാനം

നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം മൂന്നു ബാച്ചുകളിലായി കുന്നന്താനം സെഹിയോൻ ധ്യാനഭവനത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം 6 മണിക്ക് റംശായോടുകൂടി ആരംഭിച്ച് സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടുകൂടി അവസാനിക്കുന്നു.

**ധ്യാനഗുരു : റവ. ഫാ. മാത്യു കക്കാട്ടുപിള്ളിൽ V.C.**

**<u>ധ്യാനങ്ങളുടെ തീയതികൾ</u>**

ബാച്ച് 1 : 2019 ജൂലൈ 14 മുതൽ 19 വരെ

ബാച്ച് 2 : 2019 ജൂലൈ 28 മുതൽ ആഗസ്റ്റ് 2 വരെ

ബാച്ച് 3 : 2019 സെപ്റ്റംബർ 15 മുതൽ 20 വരെ

അതിരൂപതയ്ക്ക് വെളിയിൽ സേവനത്തിലോ, പഠനത്തിലോ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കും അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്ന്യാസവൈദികർക്കും വിശ്രമജീവിതം നയിക്കുന്ന വൈദികർക്കും ധ്യാനത്തിൽ സംബന്ധിക്കാൻ താല്പര്യമുള്ള പക്ഷം ഇഷ്ടമുള്ള ഏതെങ്കിലും ബാച്ചിൽ ധ്യാനിക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഏതു ബാച്ചിലാണ് ധ്യാനിക്കുന്നതെന്ന് അതിരൂപതാ ചാൻസിലറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

ധ്യാനാവസരത്തിൽ ബഹു. വൈദികർ എല്ലാവരും അവരവരുടെ കുർബാന കണക്കുപുസ്തകം പരിശോധനയ്ക്കായി കൊണ്ടുവരേണ്ടതാണ്. അനുരഞ്ജനകൂദാശ പത്തേന്തി പുതുക്കാനുള്ളവർ അത് കൊണ്ടുവരാൻ ശ്രദ്ധിക്കണം.

## LIST OF ANNUAL RETREAT OF PRIESTS

### July 14-19

Alencherry Isaac
Ampalathumparampil Francis
Anchupankil Jacob
Aranjaniyil Geevarghese
Aruparayil Joseph
Athikalam James
Chackumkal George
Chakkathara Jacob
Changanakary Mathew
Chavara John J
Cheeramvelil Jacob
CheppilaScaria
Choolaparampil Joseph
Chundakattil James
Elamkulam Kurian
Elamthuruthil Joseph
Kakkuzhy Cherian
Kachamkode Antony
Kadaprakunnil Joseph
Kaithaparampil Joseph
Kakkaparambil Antony
Kalapura Toms
Kalarickal Joseph
Kalathil Joseph
Kalayil Varghese
Kamicherry Scaria
Kampiyil Thomas
Kanjiravelil Thomas
Kappithottam Philipose
Karakkadu Thomas
Karukayil Joseph
Karuvelil Francis
Kattady Jacob
Kayamkulathussery Joseph
Kayithara Varghese
Kezhaplackal Philipose
Kinganamhira Michael
Kochelechemkalam Thomas
Kocherry Damianose
Kochuparampil George
Kochuparampil Jose
Kochuthara Thomas
Koippally Jacob
Kollara Joseph
Kooroth Jacob
Kottathil Mathew
Kunnil James
Kurinjiparampil Sebastian
Kurisumkal Martin
Kuthukallumkal Thomas
Kuzhippallil Jacob
Kuzhiyadiyil Joseph
Madathiparampil Mathew
Maleckal James
Malieckal Mathew
Malieckal Thomas
Manakkunnel John
Manavath Varkey
Mancherikalam Sebastian jr
Mangalathu Thomas
MathilakathukuzhyVarghese
Mavelil John MCBS
Moolamkunnam George
Moolayil Antony
Mukalel Jose
Mullankuzhy George
Mullanpara John
Muttathil Antony
Muttel Thomas
Naduviledam Gregory
Naduvilekalam Jacob
Nalpathamkalam Cyril

Nambimadam Varghese
Nelpurackal Alexander
Nelpuraparampil Philip
Ninaparampil Antony
Nuzhaithadam George
Padinjarekuttu Mathew
Padiyathu Thomas
Panachinkal Varghese
Parathottal Thomas
Pathalil John
Pazhayapura George
Peediakal Kuriakose
Peediakal Luke
Peelianickal Thomas
Plathanam Joseph
Plathottam Joseph
Poovatholil Thomas
Poovathussery Joseph
Powanchira Mathew
Purackal Joseph
Puthenangady Mathew
Puthenkalam Antony
Puthenkalam Tom
Puthenparambil Joseph (Sr.)
Puthenpura Kurian
Puthenpura Varghese
Puthenpurackal Francis
Puthenpurackal Thomas (Sr.)
Puthiaparampil Chacko
Puthiaparampil Jose
Puthiyidom Mani
Puthuparampil Devasia
Puthuparampil Joseph
Puthuparampil Sebastian
Puthusserril Sebastian
Puthuveedu Joseph
Puthuveettilkalam Joseph
Puthuveettilkalam Joseph (Jr.)
Puthuvelil Varghese
Srampickal Scaria
Thanniath Thomas
Thattassrry Antony
Thekkekara Thomas
Thekkepurathu Jose
Thekkummuryil Thomas
Thoompunkal Joseph (Sr.)
Thottackattukalayil Joseph
Thundiyil Devasia
Thuruthumalil Thomas
Thycheril George
Thyparampil Martin
Vadakkettam Francis
Vaikkathukaranveettil Philip
Vanchickal Thomas
Vaniapurackal Joseph
Vazhaparampil Thomas
Veliyath George
Vellanickal George
Vengasserry Paul
Vengassery Joseph
Vettuvayalil Abraham

**July 28-Aug 2**

Aerathadam Philip
Aiyamkary Joseph
Ampalathinkal Jacob
Avanoor George
Ayyamathara Jacob
Chalackal Sebastian
Checkonthayil Thomas
Chethipuzha Jacob
Chethipuzha Mathew
Choorapuzha Scaria
Choorattuchamakala Joseph
Chooravady Mathew (Sr.)

Edachethra Varghese
Erupathil Zacharias
Ethackad Antony
Kadathukalam Abraham
Kalacherry Sebastian *
Kalathil Mathew
Kalayamkandam James
Kanicheril Varghese
Kanikunnel James
Kanjooparampil Thomas
Kannadippara Sebastian
Karattu Mathew
Karikompil Cherian
Karukaparampil Cherian
Kattappuram Joseph
Kattooppara Antony
Kattoor Thomas
Kavalam Antony
Kiliyattusseril Varghese
Kizhakkemury Joseph
Kochuchira Joseph
Kochukarottu Joseph
Kochuparampil Sebastian
Kochuparampil Varghese
Kokkavayalil James
Koottummel George
Kottayil Cyriac
Kottayil Mathew
Kunnathu James
Kunnumpuram Thomas
Malyeckal Matthew
Manakalam Joseph
Mannamthuruthil Sebastian
Mannumadom George
Marattukalam Mathew
Meppuram Gregory
Moonnuparayil Varghese
Mudanthangelil Martin
Mullassery Mathew
Mundakathil Joseph
Nalpathamkalam Joseph
Nedumparampil Joseph
Odalany Mathew
Paikkattumattathil Thomas
Panackal Varghese
Panakezham George
Panakezham Joseph
Parackal Thoma Paulose
Parappallil Scaria
Parappally Jose
Parappuram Alex
Parathanam Joseph
Parathanam Thomas
Parathara Thomas
Paruvaparampil John
Pattathanam Stephen
Pazhayamadam Cyric
Perumpalathussery Abraham
Perumpallithara Antony
Ponganamthadathil Augustine
Pulichamackal Mathew
Pulickaparambil Joseph
Puthenkalam Xavier
Puthenparampil Joseph (Shijo)
Puthenpurackal Thomas (Joshy)
Puthenpurackal Varghese (Babu)
Puthiyidam Joseph
Puthiyidom Thomas *
Puthumanamoozhiyil George
Thanniathu Mathew
Thattassery Antony
Thekkedathu Kuriakose
Thevary Antony
Thoompunkal Joseph (Roy)
Thyparampil Augustine
Valiakunnumpurathu Cyriac
Valiyaparampil Sebastian
Vallathara Aloysius

Vallayil George
Varikkappallil  Jose
Varikkattu Jacob
Velangattussery Joseph
Vellamathara Sebastian
Vellanickal Louis
Viruppel Jose
Wadakekalam Philips
Puthuveettil Joseph

## Sept 15-20

Alumkal Joseph
Anchil Mathew
Arackal Varghese
Bangalavuparampil Joseph
Chalackal Joseph
Chalassery Joseph
Champakulathil Joseph
Changankary Abraham
Chempilakam Joseph
Chirakadavil Joseph
Chooravady Antony
Kainikkara Thomas
Kaithaparampil Varghese
Kakkanattu Joseph
Kamukumpallil Antony
Kanchikal Philip
Kanniyakonil Scaria
Kappamoottil George
Karippingapuram Abraham
Karivelil Zacharias
KarukakalamThomas (Jr.)
Kayamkulathusserry Thomas
Kizhakkeveedu  Jacob
Kizhakkeveettil Antony
Kizhakkeyil Peter
Kochumalayil John
Kodickal Varghese
Kollaparampil Augustine
Kooliparambil Issac
Koottummel Sebastian
Kudilil  James
Kulathumkal Thomas
Kunnakkattuthara Zacharias
Kunnuparampil Joseph
Kuriannurparampil Joseph
Kuzhuppil Thomas
Madathiparampil John
Mammoottil Joseph
Mampra Sebastian
Mangalathil George
Manianchira Thomas
Manthuruthil George
Mudunadackal Isaac
Mulavana Joseph
Muppathilchira Martin
Muriyankavunkal Dominic
Muthalakkavil Antony
Nadackal Mathew
Nadamukath Mathew
Nelluvelil Emmanuel
Nerayath Antony
Nilavanthara Joseph
Onamkulam Gregory
Padinjareveettil Thomas
Pakalomattam Joseph
Palakkachery Chacko
Palamattam Alexander
Pallichirayil Joseph
Parackal Jacob
Parackal Joseph
Parasseril Jose
Pazhayamadam James
Pazhayamadam Varghese
Plamparambil Varghese

Plaparampil Thomas
Plathanam John
Plathottathil Thomas
Porookara Antony
Punnasserry Sebastian
Puthenchira Jose
Puthenparampil Joseph
Puthenparampil Thomas
Puthenpurackal Thomas (Aji)
Puthenpurackal Thomas (Tomy)
Puthiaparampil Joseph (Jr.)
Thadathil John
Thaikkattussrril Thomas
Tharmasserry Abraham
Thayil Philip
Thayilnedumparampil Abraham
Thekkedathu Mathew
Thumpechirayil Mathew
Thundathil Thomas
Thundiyil Johnson
Thyparampil Joseph
Vadakkekalam John
Vallayil Job
Varuvelil Mathew
Vathyakary George
Vattackattu Jacob
Vengasserry Thomas
Vettukuzhiyil Varghese

# IV
# ARCHEPARCHIAL HISTORICAL COMMISSION

ചങ്ങനാശേരി അതിരൂപതാ ചരിത്രത്തിന്റെ 3-ാം വാല്യം തയ്യാറാക്കുന്നതിന് താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മീഷനെ അഭിവന്ദ്യ മെത്രാപ്പോലീത്ത നിയമിച്ചിരിക്കുന്നു.

1. റവ. ഫാ. ജോസഫ് പനക്കേഴം (കൺവീനർ)
2. റവ. ഡോ. ജോസഫ് കൊല്ലാറ (സെക്രട്ടറി)
3. പ്രൊഫ. ജെ.സി. മാടപ്പാട്ട്
4. പ്രൊഫ. പി.സി. അനിയൻകുഞ്ഞ്
5. ശ്രീ. കുര്യച്ചൻ പുതുക്കാട്ടിൽ
6. ശ്രീ. കെ.വി. സെബാസ്റ്റ്യൻ

# V
## സമർപ്പിതരുടെ ഏകദിന സംഗമം

ചങ്ങനാശേരി അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വിവിധ സന്യാസിനി സമൂഹങ്ങളിൽപ്പെട്ട സമർപ്പിതർക്കുവേണ്ടി രണ്ട് ഏകദിന കൺവൻഷനുകൾ സംഘടിപ്പിക്കുന്നു.

തീയതി : **ജൂലൈ 13 ശനി, സെപ്റ്റംബർ 07 ശനി**
സമയം : **രാവിലെ 9:30 മുതൽ വൈകുന്നേരം 4:00 വരെ**
സ്ഥലം : **അസംപ്ഷൻ കോളേജ് ഓഡിറ്റോറിയം**

*NB:* അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന 70 വയസ്സിന് താഴെയുള്ള എല്ലാ സിസ്റ്റേഴ്സും ഏതെങ്കിലും ഒരു കൺവൻഷനിൽ പങ്കെടുക്കേണ്ടതാണ്. ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

***Contact Person :*** **Fr. Varghese Thanamavumkal, 8547461903**

# മാലിയിൽ ബഹു. തോമസച്ചൻ
## (1952-2019)



പുന്നത്തുറ വെള്ളാപ്പള്ളി സെന്റ് തോമസ് ഇടവകയിൽ കൊങ്ങാണ്ടൂർ, മാലിയിൽ ജോസഫ് - മേരിക്കുട്ടി ദമ്പതികളുടെ മകനായി 1952 മെയ് 15-ാം തീയതി തോമസ് ജനിച്ചു. ജോയിച്ചൻ എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന അദ്ദേഹം പുന്നത്തുറ സെന്റ് ജോസഫ്സിൽ നിന്നും ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ശേഷം പാറേൽ മൈനർ സെമിനാരിയിൽ വൈദികപരിശീലനത്തിനായി പ്രവേശിച്ചു. തുടർന്ന് ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വ - ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി അദ്ദേഹം 1979 ഡിസംബർ 23-ാം തീയതി അഭി. മാർ ആന്റണി പടിയറ പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

മാലിയിൽ ബഹു. തോമസ് അച്ചൻ തന്റെ പൗരോഹിത്യശുശ്രൂഷ ആരംഭിക്കുന്നത് അമ്പൂരി സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടാണ്. തുടർന്ന് എടത്വാ സെന്റ് ജോർജ് ഫൊറോനാ പള്ളിയിലും മണ്ണാർകുന്ന് സെന്റ് ഗ്രിഗോരിയോസ് പള്ളിയിലും അസിസ്റ്റന്റ് വികാരിയായി ശുശ്രൂഷ ചെയ്ത ശേഷം ആയൂർ ക്രിസ്തുരാജാ, ആർപ്പൂക്കര ചെറുപുഷ്പം, മാമ്പുഴക്കരി ലൂർദ്മാതാ, മുട്ടാർ സെന്റ് തോമസ്, കൊടുപ്പുന്ന സെന്റ് ജോസഫ്സ് എന്നീ പള്ളികളിൽ വികാരിയായും ബഹു. തോമസ് അച്ചൻ അജപാലനശുശ്രൂഷ നിർവ്വഹിച്ചു. തന്റെ പൗരോഹിത്യശുശ്രൂഷയുടെ ഏറിയനാളും മാലിയിൽ തോമസ് അച്ചൻ ചിലവഴിച്ചത് ഫാത്തിമാപുരം എസ്. എച്ച് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലായിരുന്നു. 1987 ജൂൺ 25 മുതൽ 2009 ജൂൺ വരെ പ്രസ്തുത സ്കൂളിൽ അധ്യാപകനായും പ്രധാനഅധ്യാപകനായും സേവനം അനുഷ്ഠിച്ച തോമസച്ചൻ അനേകം വിദ്യാർത്ഥികൾക്ക് വഴികാട്ടിയും മാർഗ്ഗദർശിയുമായിട്ടുണ്ട്.

മാലിയിൽ ബഹു. തോമസ് അച്ചൻ തന്റെ പൗരോഹിത്യജീവിതത്തിൽ സഭാധികാരികൾ തന്നെ ഭരമേല്പിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റവും ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടി നിറവേറ്റുന്നതിൽ ഏറെ ശ്രദ്ധാലുവായിരുന്നു. ഒരു അജപാലകനെന്ന നിലയിൽ ദൈവജനത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി എല്ലാവരേയും ഒരുമിപ്പിച്ച് നിർത്തി മനോഹരമായ രണ്ടു ദൈവാലയങ്ങൾ - മാമ്പുഴക്കരിയിലും മുട്ടാറിലും - പണിതുയർത്തുവാൻ മാലിയിൽ ബഹു. തോമസച്ചൻ നേതൃത്വം നൽകി എന്നത് ഇവിടെയുള്ള വിശ്വാസികൾ ഇന്നും സ്നേഹത്തോടും നന്ദിയോടും കൂടി അനുസ്മരിക്കുന്നു.

ഉപരിപ്ലവമായ ഒത്തിരി ബന്ധങ്ങളെക്കാൾ തോമസച്ചൻ പ്രാധാന്യം കൊടുത്തിരുന്നത് ആഴവും ആത്മാർത്ഥവുമായ ഇത്തിരി ബന്ധങ്ങളാണ്. പുറമേ

കാർക്കശ്യക്കാരനായ ഒരു അധ്യാപകനായി അച്ചൻ കാണപ്പെട്ടിരുന്നെങ്കിലും തന്റെ വിദ്യാർത്ഥികളോടു അവരുടെ വിദ്യാലയജീവിതത്തിനു ശേഷം എന്നും ആത്മബന്ധം പുലർത്തുന്നതിൽ ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യസമ്പത്തിൽ പൗരോഹിത്യ - സന്യസ്ത ദൈവവിളികൾ സ്വീകരിച്ചവർ ധാരളമുണ്ടെന്ന് അഭിമാനത്തോടെ അച്ചൻ ഓർക്കാറുണ്ട്. അഭി. മാർ തോമസ് തറയിൽ പിതാവും തോമസച്ചന്റെ ശിഷ്യഗണത്തിൽ ഉൾപ്പെടുന്നു.

ആഴമായ ദൈവാശ്രയബോധവും തന്നെ വിളിച്ചവനോടുള്ള വിശ്വസ്തതയുമാണ് തോമസച്ചന് തന്റെ രോഗാവസ്ഥയെ ശാന്തതയോടെ സ്വീകരിക്കാനും ദൈവേഷ്ടത്തിനു സമർപ്പിക്കുവാനും സാധിച്ചത്. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരവേ 2019 മാർച്ച് 15 -ാം തീയതി ബഹു. മാലിയിൽ തോമസച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷകൾ മാർച്ച് 20-ാം തീയതി പുന്നത്തുറ വെള്ളാപ്പള്ളി സെന്റ് തോമസ് ദൈവാലയത്തിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

**ഫാ. ജോർജ്ജ് പുതുമനമൂഴിയിൽ**

---

# കളത്തിൽ സിറിയക് അച്ചൻ
## (1936-2019)



വിശുദ്ധ ചാവറയച്ചന്റെ വിശുദ്ധിയുടെ പരിമളം നിറഞ്ഞ കൈനകരിയിൽ 1936 ഫെബ്രുവരി 29-ാം തീയതി കളത്തിൽ ജോസഫ് - മേരിക്കുട്ടി ദമ്പതികളുടെ മകനായി പിറന്ന സിറിയക്, കൈനകരി സെന്റ് മേരീസ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന്, പാറേൽ മൈനർ സെമിനാരിയിൽ വൈദികപരിശീലനം ആരംഭിച്ചു. ആലുവാ സെമിനാരിയിലും പൂനാ സെമിനാരിയിലുമായി തത്ത്വശാസ്ത്ര, ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി പൂനയിൽവച്ച് ബിഷപ്പ് ആൻഡ്രൂസ് ഡിസൂസ പിതാവിന്റെ കൈവയ്പ് ശുശ്രൂഷവഴി 1936 സെപ്റ്റംബർ 21-ാം തീയതി വൈദികനായി അഭിഷിക്തനായി.

എടത്വാ സെന്റ് ജോർജ് പള്ളിയിൽ അസി. വികാരിയായി അജപാലന ശുശ്രൂഷ ആരംഭിച്ച ബഹു. സിറിയക്ക് അച്ചൻ കാഞ്ഞിരപ്പള്ളി രൂപതയിലെ കണ്ണമ്പള്ളിയിലും തുടർന്ന് തടിയൂർ, എഴുമറ്റൂർ പള്ളികളിലും വികാരിയായി ശുശ്രൂഷ ചെയ്തു. പഠനത്തിൽ സമർത്ഥനായ ബഹു. അച്ചനെ കർണ്ണാടകയിലെ ധർവാഡ് യൂണിവേഴ്സിറ്റിയിൽ സോഷ്യൽ ആന്ത്രോപ്പോളജിയിൽ ബിരുദാനന്തരബിരു

ദത്തിന് അഭി. പിതാവ് അയച്ചു. പഠനം വിജയകരമായി പൂർത്തിയാക്കി മടങ്ങിയെത്തിയ ബഹു. കളത്തിലച്ചൻ കണ്ടങ്കരി പള്ളിയിൽ വികാരിയായി ശുശ്രൂഷ ചെയ്തു. വീണ്ടും ഉപരിപഠനാർത്ഥം അയയ്ക്കപ്പെട്ട ബഹു. സിറിയക് അച്ചൻ ഫിലിപ്പൈൻസിലെ പ്രസിദ്ധമായ Xavier University യിലെ South East Asia Rural Social Leadership Institute (SEARSOLIN) ൽ നിന്ന് Rural Social Development-ൽ ഡിപ്ലോമ കരസ്ഥമാക്കി. നാട്ടിൽ മടങ്ങിയെത്തി മാന്നില, കൈനടി, കുറുമ്പനാടം, മുഹമ്മ, മുട്ടാർ സെന്റ് തോമസ്, ഐക്കരച്ചിറ, തെക്കേക്കര, പൂന്തോപ്പ്, കൈനകരി, അറുനൂറ്റാംപാടം, കുട്ടമംഗലം ഇടവകകളിൽ അജപാലനശുശ്രൂഷ നിർവ്വഹിച്ചു. ആയിരുന്ന ഇടവകകളിലൊക്കെ അച്ചന്റെ ദൈവവചനവ്യാഖ്യാനവും കൂദാശാ പരികർമ്മങ്ങളും ദൈവജനത്തിന് ഹൃദ്യമായി അനുഭവപ്പെട്ടിരുന്നു. തന്റെ സേവനമേഖലകളിലൊക്കെ അനവധി വ്യക്തികളോട് ദൃഢമായ സൗഹൃദം സൂക്ഷിക്കുന്നതിന് ബഹു. അച്ചന് സാധിച്ചിരുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും വ്യക്തിജീവിതങ്ങളിൽ തകർച്ചയിലായിരുന്നവരെ ശരിയായ ക്രൈസ്തവജീവിതത്തിലേയ്ക്ക് കൊണ്ടുവരുന്നതിലും അച്ചൻ വളരെയേറെ ശ്രദ്ധചെലുത്തിയിരുന്നു.

മൂന്നുവർഷക്കാലം അതിരൂപതാ കൂരിയായിൽ ചാൻസിലറായി ശുശ്രൂഷ ചെയ്ത ബഹു. അച്ചന്റെ കൃത്യനിഷ്ഠയും ഉത്തരവാദിത്വങ്ങളോടുള്ള വിശ്വസ്തതയും എടുത്തുപറയത്തക്ക സവിശേഷതകളാണ്. സുന്ദരമായ കൈയക്ഷരവും അനുയോജ്യമായ ഭാഷാ ഉപയോഗവും ബഹു. സിറിയക്കച്ചന്റെ പ്രത്യേകതകളായിരുന്നു. അതിരൂപതയുടെ ഔദ്യോഗിക രേഖാലയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന പല രേഖകളും മേൽപറഞ്ഞവ സാധൂകരിക്കുന്ന തെളിവുകളാണ്. അതിരൂപതാകേന്ദ്രത്തിലെ ശുശ്രൂഷാകാലയളവിൽ അഭിവന്ദ്യ പിതാക്കന്മാരുടേയും വൈദികരുടേയും അജപാലനപ്രവർത്തനങ്ങളിൽ ബഹു. അച്ചൻ താല്പര്യപൂർവ്വം ബന്ധപ്പെട്ടിരുന്നു.

അറുനൂറ്റാംപാടം തിരുഹൃദയപള്ളി ബഹു. അച്ചന്റെ കഠിനപ്രയത്നത്തിന്റേയും ഇച്ഛാശക്തിയുടേയും പ്രതിഫലനമാണ്. ആറിനക്കരെ ഇടവകദൈവാലയത്തിലെത്താൻ വൃദ്ധരും രോഗികളും കുട്ടികളുമൊക്കെ വിഷമിക്കുന്ന അവസരത്തിൽ അതിനൊരു പരിഹാരമായി അറുനൂറ്റാംപാടം ദൈവാലയം അച്ചന്റെ നേതൃത്വത്തിൽ രൂപപ്പെടുകയായിരുന്നു. വിശ്രമജീവിതം നയിക്കുമ്പോഴും ഈ ദൈവാലയത്തിൽനിന്ന് മാറിനിൽക്കുവാൻ ബഹു. അച്ചന് കഴിയുമായിരുന്നില്ല. തന്റെ ഭവനത്തോട് അടുത്തുള്ള അറുനൂറ്റാംപാടം ദൈവാലയാങ്കണത്തിൽ അന്ത്യവിശ്രമം കൊള്ളണമെന്ന് ആഗ്രഹിച്ചെങ്കിലും സിവിൽ നിയമപരമായി സ്ഥാപിക്കപ്പെട്ട സിമിത്തേരിയുടെ അഭാവം അതിനു തടസ്സമായി.

2019 ഏപ്രിൽ 24-ാം തീയതി ബഹു. സിറിയക് അച്ചന്റെ ഈലോകജീവിതത്തിന് വിരാമമായി. ഏപ്രിൽ 27-ാം തീയതി അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ അറുനൂറ്റാംപാടം പള്ളിയിലെ ശുശ്രൂഷകൾക്കുശേഷം കൈനകരി സെന്റ് മേരീസ് പള്ളിയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു.

ബഹു. സിറിയക് അച്ചൻ സേവനം ചെയ്ത സ്ഥലങ്ങളിലൊക്കെ ഇടവകക്കാർക്ക് പ്രിയങ്കരനായി ജീവിച്ചു. വിശ്രമജീവിതകാലത്തു തന്റെ ഭവനത്തിൽ ശുശ്രൂഷിച്ച പ്രിയപ്പെട്ടവരോടും തന്നെ സന്ദർശിച്ചിരുന്ന അനേകരോടും സ്നേ

ഹവും സൗഹൃദവും അവസാനനിമിഷംവരെ കാത്തുസൂക്ഷിച്ചു.

അമ്പതുവർഷവും വിശ്രമമില്ലാതെ അജഗണങ്ങൾക്കായി അദ്ധ്വാനിച്ചു. തന്റെ ക്ലേശങ്ങളും സഹനങ്ങളും സഭയുടെ വളർച്ചയ്ക്കും നന്മയ്ക്കും കാരണമാകുമെന്ന് ഉറച്ചു വിശ്വസിച്ചു. 56 വർഷത്തെ പൗരോഹിത്യജീവിതത്തിന്റെ ദൈവമുമ്പാകെയുള്ള സമർപ്പണത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം. 'അങ്ങയുടെ അദ്ധ്വാനങ്ങൾക്കും ക്ലേശങ്ങൾക്കും അങ്ങ് സമർപ്പിച്ച ദിവ്യബലികൾക്കും ദൈവം പ്രതിഫലം നൽകട്ടെ.'

**ഫാ. ഐസക്ക് ആലഞ്ചേരി**

---

# ഫാ. ജോസഫ് തുരുത്തുമാലിൽ
## (1939 - 2019)



1939 ഏപ്രിൽ 4-ാം തീയതി ആർപ്പൂക്കര വില്ലൂന്നി സെന്റ് ഫ്രാൻസീസ് സേവ്യർ ഇടവകയിൽ തുരുത്തുമാലിൽ മാണിച്ചന്റെയും പെരുമാലിൽ ഏലിക്കുട്ടിയുടെയും നാലാമത്തെ മകനായി ജോസഫച്ചൻ ജനിച്ചു. അദ്ദേഹത്തിനു 3 വയസ്സുപ്രായമുള്ളപ്പോൾ പിതാവു മാണിച്ചൻ 29-ാം വയസ്സിൽ നിര്യാതനായി. അമ്മയുടെ കഠിനാദ്ധ്വാനത്തിലും സംരക്ഷണയിലുമാണ് പിന്നീട് ആ കുടുംബം കഴിഞ്ഞത്. SSLC പാസ്സായ ഔസേപ്പച്ചൻ പാറേൽ മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്രപഠനം പൂർത്തിയാക്കിയ അദ്ദേഹം ദൈവശാസ്ത്രപഠനത്തിനായി റോമിലേയ്ക്ക് അയയ്ക്കപ്പെട്ടു. അവിടെ വച്ച് 1968 - ൽ പട്ടം സ്വീകരിച്ച ഔസേപ്പച്ചൻ ബൈബിൾ പഠനത്തിൽ ലൈസൻഷ്യേറ്റും (LSS) ദൈവശാസ്ത്ര പഠനത്തിൽ ഡോക്ടറൽ ബിരുദവും (P.H.D) കഴിഞ്ഞ് 1974 ൽ തിരിച്ചെത്തി. അതിരമ്പുഴ ഫൊറോനാ ഇടവകയിൽ ഒരു വർഷം അസിസ്റ്റന്റ് വികാരിയായി ശുശ്രൂഷ ചെയ്ത അദ്ദേഹം മാങ്ങാനത്തു പുതുതായി ആരംഭിച്ച Missionary Orientation Centre ൽ അസിസ്റ്റന്റ് ഡയറക്ടറായി രണ്ടു വർഷം സേവനം ചെയ്തു. 1977 ൽ ആലുവ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ അധ്യാപകനായി നിയമിക്കപ്പെട്ടു. നീണ്ട 23 വർഷം അദ്ദേഹം സെമിനാരിയിൽ വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിച്ചു. ഇക്കാലയളവിൽ കർമ്മലഗിരിയിലും മംഗലപ്പുഴയിലും അദ്ദേഹം വൈസ് റെക്ടറായും ഡീൻ ഓഫ് സ്റ്റഡിസ് ആയും സേവനം ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട തെക്കിനേടത്തച്ചന്റെ നിര്യാണത്തെ തുടർന്ന് അന്ന് മംഗലപ്പുഴയിൽ വൈസ് റെക്ടറായിരുന്ന തുരുത്തുമാലിലച്ചൻ ആക്ടിംഗ് റെക്ടറായി നിയമിതനായി. 2000-2010 ആണ്ടിൽ ആലുവ സെമിനാരിയിൽ നിന്നു പിരിഞ്ഞ് ജർമ്മനിയിൽ റെയ്ഗൻസ്ബർഗ് രൂപതയിലെ കാസ്റ്റൽ ഇട

വകയിൽ 13 വർഷത്തോളം സേവനം ചെയ്തു. അനാരോഗ്യംമൂലം പല തവണ തിരികെ പോരാൻ ഒരുങ്ങിയപ്പോഴും ഇടവകജനം നിർബന്ധിച്ച് അവിടെ തുടരാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. റോമിൽ പഠിക്കുന്ന ചങ്ങനാശേരിക്കാരായ അച്ചന്മാരെ തന്റെ ഇടവകയിൽ ക്ഷണിച്ചുവരുത്തി സ്വയം പാകംചെയ്യുന്ന രുചികരമായ ഭക്ഷണം നൽകി സത്ക്കരിക്കുക എന്നത് അദ്ദേഹത്തിന് ഏറെ സന്തോഷമുള്ള കാര്യമായിരുന്നു. ഒരു മാസത്തെ അവധിക്ക് നാട്ടിലേയ്ക്ക് പോരുമ്പോഴും പകരം വരുന്ന അച്ചന് ആവശ്യമായ ഭക്ഷണംമുഴുവൻ പാകം ചെയ്ത് ഫ്രിഡ്ജിൽ വച്ച് ഏല്പിച്ച ശേഷമേ അദ്ദേഹം പോരുമായിരുന്നുള്ളു. അവധിക്കു വരുമ്പോഴും വിശ്രമജീവിതത്തിൽ ആയിരുന്നപ്പോഴും സുഹൃത്തുക്കളായ വൈദികർ വീട്ടിൽ വരുമ്പോൾ വിഭവസമൃദ്ധമായ ഭക്ഷണം നൽകുക എന്നത് അദ്ദേഹത്തിനു നിർബന്ധമായിരുന്നു.

നന്നായി ഒരുങ്ങി കുറിപ്പുകൾ തയ്യാറാക്കി അദ്ദേഹം ചെയ്യുന്ന പ്രസംഗങ്ങൾ സെമിനാരിക്കാർക്കും ജനങ്ങൾക്കും ഏറെ ആസ്വാദ്യകരമായിരുന്നു. നന്നായി ഒരുങ്ങി, പറയേണ്ട തമാശകൾ പോലും കണക്കുകൂട്ടിയുള്ള ക്ലാസ്സുകളായിരുന്നു അദ്ദേഹത്തിന്റേത്. ഓരോ സങ്കീർത്തനത്തിന്റെയും വ്യാഖ്യാനം നൽകിക്കൊണ്ട് അദ്ദേഹം രചിച്ച ഗ്രന്ഥം സങ്കീർത്തനങ്ങളെക്കുറിച്ചു പഠിക്കാൻ ഏറെ സഹായകമാണ്. സ്വന്തം ഇടവകയുടെ ഏതാവശ്യത്തിനും കൈയയച്ചു സഹായം ചെയ്ത അദ്ദേഹം അതൊന്നും അവിടെ എഴുതിവയ്ക്കാൻ പാടില്ല എന്ന് നിഷ്ക്കർഷിച്ചിരുന്നു. രോഗം മൂലം വിഷമസ്ഥിതിയിലായിരുന്ന സഹോദര വൈദികരെ സാമ്പത്തികമായി സഹായിക്കാനും അദ്ദേഹം തല്പരനായിരുന്നു. ഇടവകയിൽനിന്നോ രൂപതയിൽ നിന്നോ ഒരു സൗജന്യമോ പ്രത്യേക പരിഗണനയോ ലഭിക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ല എന്നു മാത്രമല്ല തന്റെ പേരു പറഞ്ഞോ തനിക്കുവേണ്ടിയോ സ്വന്തം വീട്ടുകാർ അങ്ങനെയൊന്നും ചോദിച്ചുവാങ്ങാൻ പാടില്ല എന്ന് അദ്ദേഹം കർശനമായി നിഷ്ക്കർഷിക്കുകയും ചെയ്തിരുന്നു.

വിശ്രമജീവിതം സ്വന്തം ഭവനത്തിൽ തന്നെ കഴിച്ചുകൂട്ടിയ അദ്ദേഹത്തെ ഏറെ സ്നേഹപൂർവ്വം പരിചരിക്കുവാൻ ആദ്യം മൂത്ത ജ്യേഷ്ഠനും, അദ്ദേഹത്തിന്റെ മരണശേഷം ജ്യേഷ്ഠന്റെ മകനും കുടുംബവും ദത്തശ്രദ്ധരായിരുന്നു. മരിക്കുന്നതിനു ഒരാഴ്ച മുമ്പുവരെ എന്നും വി. കുർബാന ചൊല്ലുവാനും കുടുംബാംഗങ്ങളോടൊപ്പം ഭക്ഷണം കഴിക്കാനും അദ്ദേഹത്തിന് ആരോഗ്യമുണ്ടായിരുന്നു. ഒരാഴ്ച്ചക്കാലം ദേഹത്തു തൊടാൻ പോലും അനുവദിക്കാത്തവിധം വേദനയിലൂടെ അദ്ദേഹം കടന്നു പോയി. ആശുപത്രിയിൽ പ്രവേശിപ്പിച്ച് രണ്ടു ദിവസം കഴിഞ്ഞപ്പോൾ ജൂൺ 16-ാം തീയതി രാത്രി അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 19-ാം തീയതി രാവിലെ 9 മണിക്ക് സംസ്കാരകർമ്മങ്ങൾ ഭവനത്തിൽ ആരംഭിച്ചു. അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധകുർബാനയ്ക്കു ശേഷം മൃതശരീരം വില്ലൂന്നിപള്ളി സിമിത്തേരിയിൽ സംസ്ക്കരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ സഹപ്രവർത്തകരും ശിഷ്യന്മാരുമായ നിരവധി സഭാമേലദ്ധ്യക്ഷൻമാർ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേരാം.

**ഫാ. ചാക്കോ പുതിയാപറമ്പിൽ**

# സ്മരണകളിലെ പ്രിയപ്പെട്ട കൂട്ടുമ്മേലച്ചൻ

## 1939-2019



ബഹുമാനപ്പെട്ട സിറിയക് കൂട്ടുമ്മേൽ അച്ചനെക്കുറിച്ച് ഓർമ്മക്കുറിപ്പുകൾ എഴുതാനിരുന്നപ്പോൾ ഹൃദയമിടിപ്പുകൾക്കു താളഭ്രംശം. സുദീർഘവും ഊഷ്മളവുമായ ആത്മസൗഹൃദങ്ങളുടെ ആഴമറിയുകയായിരുന്നു അപ്പോൾ. എല്ലാം പെട്ടെന്നായിപ്പോയോ എന്നൊരു തോന്നൽ. എപ്പോഴും പ്രസന്നവദനനായും ഊർജ്ജസ്വലനായും ഘനഗംഭീരനായും വ്യാപരിച്ചിരുന്ന, എല്ലാവർക്കും അഭിഗമ്യനായിരുന്ന ഒരാചാര്യനായിരുന്നു കൂട്ടുമ്മേലച്ചൻ. ഉച്ചസ്ഥായിയിലുള്ള സംസാരവും പൊട്ടിച്ചിരികളും ഇനിയുണ്ടാവില്ലായെന്ന തിരിച്ചറിവ് മനസ്സിനെ നൊമ്പരപ്പെടുത്തുന്നു. അതിഥി സത്കാരപ്രിയനും സഹൃദയനും പൊതുസമൂഹത്തിന്റെ ആവശ്യങ്ങളോട് അതീവതാത്പര്യത്തോടെ പ്രതികരിച്ചിരുന്നവനുമായിരുന്നു ബഹു. സിറിയക് അച്ചൻ.

മങ്കൊമ്പ് സെന്റ് ജെറോം നസ്രത്തു ഇടവകാംഗമായ സിറിയക് അച്ചൻ, കൂട്ടുമ്മേൽ ചാക്കോ-ത്രേസ്യാ ദമ്പതികളുടെ മകനായി 1939 സെപ്റ്റംബർ 7-ാം തീയതി ഭൂജാതനായി. ചേന്നങ്കരി, പുളിങ്കുന്ന് സെന്റ് ജോസഫ് എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ചങ്ങനാശേരി അതിരൂപതയ്ക്കുവേണ്ടി പാറേൽ പെറ്റി സെമിനാരിയിൽ പഠനം ആരംഭിച്ച അദ്ദേഹം ആലുവാ മേജർ സെമിനാരിയിൽ പഠനം പൂർത്തിയാക്കി. 1966 മാർച്ച് 14-ാം തീയതി അഭിവന്ദ്യ മാർ മാത്യു കാവുകാട്ട് പിതാവിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു.

തത്തംപള്ളിയിൽ അസിസ്റ്റന്റായി പൗരോഹിത്യ ശുശ്രൂഷയാരംഭിച്ച ബഹു. സിറിയക് അച്ചൻ മുട്ടാർ പള്ളിയിലും അസിസ്റ്റന്റായിരുന്നു. തുടർന്ന് 1968-ൽ ചങ്ങനാശേരിയുടെ മിഷൻ ഭൂമിയായ കന്യാകുമാരിയിലേക്കു നിയോഗിക്കപ്പെട്ട അദ്ദേഹം മുക്കൂട്ടുകൽ, മഞ്ചാലുംമൂട്, മാലൈക്കോട്, മുഞ്ചിറ, വാറുതട്ട്, കരോട് എന്നിവിടങ്ങളിൽ വികാരിയായും നലംതികഞ്ഞ ഒരു മിഷനറിയായും ജൈത്രയാത്രയിലായിരുന്നു. അദ്ദേഹത്തിന്റെ പ്രത്യേക ശ്രദ്ധപതിഞ്ഞ ഒരു ശുശ്രൂഷാവേദിയായിരുന്നു ക്ഷയരോഗനിവാരണമേഖല. മാലൈക്കോട് സെന്റർ അങ്ങനെ കന്യാകുമാരി മിഷന്റെ ശ്രദ്ധാകേന്ദ്രമായി. അവിടെനിന്നും മിഷന്റെ നാനാഭാഗങ്ങളിലേയ്ക്കും കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ ഭക്ഷണവിതരണമുൾപ്പെടെ അദ്ദേഹം നടത്തിയ തീവ്രയത്നം തമിഴ്നാട് ഗവൺമെന്റിന്റെ മുക്തകണ്ഠമായ പ്രശംസയ്ക്കും 'ക്ഷയരോഗപ്രതിരോധവര്യൻ' എന്ന അവാർഡിനും അദ്ദേഹത്തെ അർഹനാക്കി. പിൽക്കാലത്ത് ഈ രംഗത്തെ പ്രവർത്തനം സജ്ജമാക്കാൻ ഗവൺമെന്റിനെപ്പോലും പ്രേരിപ്പിച്ച സാന്നിധ്യമായിരുന്നു സിറിയക്ക് അച്ചൻ.

അദ്ദേഹം ചുമതലയേറ്റ എല്ലാ മിഷൻകേന്ദ്രങ്ങളിലും അവയുടെ സ്വയംപര്യാപ്തതയ്ക്കു ആവശ്യമായ സ്ഥലം വാങ്ങുന്നതിനും കൃഷിചെയ്യുന്നതിനും അദ്ദേഹം അനിതരസാധാരണമായ ശ്രദ്ധവയ്ക്കുകയുണ്ടായി. ഏതാണ്ട് ഇരുപത്തഞ്ച് വർഷത്തോളം കന്യാകുമാരി മിഷന്റെ വളർച്ചയിലും ഉയർച്ചയിലും നിർണ്ണായകമായ പങ്കുവഹിച്ച അദ്ദേഹം 1995 മുതൽ മരണംവരെ കൊല്ലം നീണ്ടകരയിലുള്ള CCCHI (കാത്തലിക് കൗൺസിൽ ഫോർ ചിൽഡ്രൻസ് ഹോംസ്, ഇന്ത്യ) എന്ന സ്ഥാപനത്തിന്റെ സെക്രട്ടറിയായി അദ്ദേഹം സേവനം ചെയ്തുവരികയായിരുന്നു. ഇക്കാലയളവിൽ സീറോമലബാർ സഭാംഗങ്ങളുടെ ഏകീകരണത്തിലും തുടർന്ന് കൊല്ലം തോമ്മാശ്ലീഹാപ്പള്ളിയുടെ സ്ഥാപനത്തിലും അദ്ദേഹം നിർണ്ണായകമായ പങ്കുവഹിക്കുകയുണ്ടായി. കുറഞ്ഞൊരുകാലമായി രോഗബാധിതനായിരുന്ന സിറിയക്കച്ചൻ ചികിത്സാമദ്ധ്യേപോലും തന്നെ ഏല്പിച്ച സ്ഥാപനത്തിന്റെ നടത്തിപ്പിലും പുരോഗതിയിലും അതീവശ്രദ്ധാലുവായിരുന്നു. പാവങ്ങളോടും അനാഥരോടും അദ്ദേഹം കാട്ടിയ സ്നേഹവും പരിഗണനയും വർണ്ണനാതീതമാണ്.

കൂട്ടുമ്മേൽ കുടുംബത്തിലെ മൂത്തമകനായിപ്പിറന്ന കുഞ്ചപ്പനച്ചൻ സഹോദരങ്ങൾക്കും ഇളംതലമുറയ്ക്കും നാട്ടുകാർക്കും സുഹൃത്തുക്കൾക്കും ഏറെ പ്രിയങ്കരനായിരുന്നു. രോഗികളോടും വാർദ്ധക്യത്തിലുള്ളവരോടും ഏറെ കരുതലുള്ളവനായിരുന്നു, ഒപ്പം അവരെ സന്ദർശിക്കുന്നതിലും ആശ്വസിപ്പിക്കുന്നതിലും ശ്രദ്ധാലുവും. സമപ്രായക്കാരോടും കൊച്ചുകുട്ടികളോടും പ്രായമായവരോടും അവരുടെ തലത്തിൽ ഇടപെടാനും മറ്റുമുള്ള അദ്ദേഹത്തിന്റെ കഴിവ് അദ്ദേഹത്തിന്റെ മാത്രം പ്രത്യേകതയായിരുന്നു. നീണ്ടകരയിലെ അദ്ദേഹത്തിന്റെ സാൻജോസ് ഭവനിലെ വാസം നീണ്ടകരയിലെ സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുമായും ഇടവകസമൂഹവുമായും അദ്ദേഹത്തെ അതീവഗാഢമായി ബന്ധിപ്പിച്ചിരുന്നു; ഒപ്പം കൊല്ലം രൂപതയുമായും.

2019 ജൂൺ 24-ാം തീയതി ചികിത്സാർത്ഥം ചെത്തിപ്പുഴയിൽ കൊണ്ടുവന്ന അദ്ദേഹത്തിന്റെ ആരോഗ്യനില മോശമാവുകയും ചൊവ്വാഴ്ച അദ്ദേഹത്തെ ഡയാലിസിസിനു വിധേയനാക്കുകയും ചെയ്തു. 26-ാം തീയതി ബുധനാഴ്ച രാവിലെ 7:05 ന് അദ്ദേഹം നമ്മെ നിത്യമായി വിട്ടുപിരിഞ്ഞു.

തോറ്റുപിന്മാറാൻ മടിക്കുന്ന മനസ്സിന്റെ ഉടമയും നിശ്ചയദാർഢ്യത്തിന്റെയും എളിമയുടെയും ആൾരൂപവുമായിരുന്നു ബഹു. സിറിയക്കച്ചൻ. പ്രായഭേദമന്യേ സ്നേഹസൗഹൃദങ്ങൾ വാരിവിതറി നക്ഷത്രശോഭയോടെ അദ്ദേഹം പൗരോഹിത്യസമർപ്പണത്തോടു വിശ്വസ്തതപുലർത്തി കടന്നുപോകുന്നു. അനശ്വര കിരീടം അദ്ദേഹത്തെ നിത്യപുരോഹിതനായ ഈശോ അണിയിക്കട്ടെ എന്നു പ്രാർത്ഥിക്കാം.

**ഫാ. മാത്യു ജെ. ഓടലാനി**

## പ്രായോഗിക നിർദ്ദേശങ്ങൾ

## കൈത്താക്കാലം - വിശ്വാസപരിശീലനം

വിശ്വാസത്തിലുള്ള സഭയുടെ വളർച്ചയും വിശ്വാസത്തിനുവേണ്ടി ജീവൻ നല്കിയ രക്തസാക്ഷികളും അനുസ്മരണാവിഷയങ്ങളാകുമ്പോൾ നമ്മുടെ വിശ്വാസജീവിതം കൂടുതൽ പരിപോഷിപ്പിക്കാനും വിവിധ വിഭാഗങ്ങളെ ലക്ഷ്യം വച്ചുള്ള വിശ്വാസപരിശീലനസംരംഭങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും പരിശ്രമിക്കാം.

**1. ഒരു കുട്ടിക്ക് ഒരു ബൈബിൾ പദ്ധതി:** സന്ദേശനിലയത്തിന്റെയും ബൈബിൾ അപ്പസ്തോലേറ്റിന്റെയും ഇടവകയുടെയും സഹകരണത്തോടെ എല്ലാ സൺഡേ സ്കൂൾ കുട്ടികൾക്കും സ്വന്തമായി ഒരു ബൈബിൾ (പുതിയനിയമം എങ്കിലും) ലഭ്യമാക്കുക.

**2. അധ്യാപക പരിശീലനം:** പ്രവൃത്തിദിവസങ്ങളിൽ പകൽ സമയത്ത് വീട്ടമ്മമാരായ വിശ്വാസപരിശീലകർക്ക് ഇടവകതലത്തിലോ അടുത്തടുത്തുള്ള ഇടവകകൾ ചേർന്നോ പരിശീലനപരിപാടികൾ (മാതാപിതാക്കളുടെ പങ്കാളിത്തം വിശ്വാസപരിശീലനത്തിൽ, മതാധ്യാപകരുടെ ആദ്ധ്യാത്മികത, ദൈവശാസ്ത്ര-അധ്യാപന വിദ്യാപരമായ പരിശീലനം എന്നീ വിഷയങ്ങളെ ആസ്പദമാക്കി) അതാതു ഫൊറോനാ സമിതികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുക. പരിശീലനോപാധികളും പരിശീലകരെയും ആവശ്യാനുസരണം സന്ദശനിലയത്തിൽ നിന്നും ലഭ്യമാക്കുക.

**3. മൻഹർസാ (എൻലൈറ്റൻമെന്റ്):** എട്ടാംക്ലാസ്സ് വിദ്യാർത്ഥികൾക്കായി ലൈംഗികധാർമ്മികത എന്ന വിഷയത്തെ ആസ്പദമാക്കി സൺഡേസ്കൂൾ ഫൊറോനാ സമിതിയുടെ നേതൃത്വത്തിൽ ഏകദിന സെമിനാറുകൾ നടത്തുക. സെമിനാറിന്റെ പഠനവിഷയമായി വി. ജോൺപോൾ രണ്ടാമൻ പാപ്പായുടെ തിയോളജി ഓഫ് ബോഡി എന്ന പ്രസംഗപരമ്പരയെ ആസ്പദമാക്കിയുള്ള പഠനഗ്രന്ഥവും ടീച്ചിംഗ് ടീമിനെയും സന്ദേശനിലയത്തിൽനിന്നും ലഭ്യമാക്കുന്നതാണ്. കൂടാതെ 11-ാം ക്ലാസ്സിലെ കുട്ടികൾക്കായി സഭയിൽ മിശിഹാദർശനം എന്ന വിഷയത്തെ ആസ്പദമാക്കി സന്ദേശനിലയം സംഘടിപ്പിക്കുന്ന ഏകദിന സെമിനാറുകളിലും ധ്യാനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുക.

**4. മാധ്യമബോധനം:** വിശ്വാസസംരക്ഷണവും പരിശീലനവും മാധ്യമങ്ങളിലൂടെ എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതയിലെ മതാധ്യാപകരെയും മാധ്യമരംഗത്തു പ്രവർത്തിക്കുന്നവരെയും മറ്റു പ്രതിനിധികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സന്ദേശനിലയം സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ പങ്കെടുത്ത് ശരിയായ മാധ്യമബോധനവും മാധ്യമങ്ങളിലൂടെയുള്ള മതബോധനവും ഫലപ്രദമാക്കുക.

**5. തുടർപരിശീലനം:** 12-ാം ക്ലാസ്സിനുശേഷം യുവജനങ്ങൾക്കായി അതിരൂപതാ യുവദീപ്തി-SMYM നടത്തുന്ന തുടർ വിശ്വാസപരിശീലന കോഴ്സിന് ഇടവകയിലെ യുവജനങ്ങളെ പങ്കെടുപ്പിക്കാനുള്ള ക്രമീകരണങ്ങൾ തയ്യാറാക്കുക. സന്ദേശനിലയത്തിന്റെ ആഭിമുഖ്യത്തിൽ ആവശ്യമായ പഠനഗ്രന്ഥങ്ങളും ചോദ്യപേപ്പറുകളും തയ്യാറാക്കുകയും റിസോഴ്സ് ടീമിന് പരിശീലനം നല്കുകയും കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ നല്കുകയും ചെയ്യുക.

## വിവാദ കാർട്ടൂണിന് പുരസ്കാരം നല്കിയത് അത്യന്തം പ്രതിഷേധാർഹം

ക്രൈസ്തവ മതചിഹ്നമായ കുരിശും മതമേലദ്ധ്യക്ഷന്മാരുടെ അധികാര ചിഹ്നങ്ങളായ അംശവടിയും തൊപ്പിയും വികലമായി ചിത്രീകരിച്ച വിവാദ കാർട്ടൂണിന് കേരള ലളിതകലാ അക്കാദമി പുരസ്കാരം നല്കിയത് അത്യന്തം പ്രതിഷേധാർഹവും അപലപനീയവുമാണെന്ന് അതിരൂപതാ പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാ സമിതി. മതവികാരത്തെ വ്രണപ്പെടുത്തുന്നതും നിന്ദിക്കുന്നതുമായ ഇത്തരം ചിത്രീകരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് സാംസ്കാരിക കേരളത്തിന് ഭൂഷണമല്ലെന്നും ഈ അവാർഡ് പിൻവലിച്ച് ലളിതകലാ അക്കാദമി ക്രൈസ്തവരോട് മാപ്പ് പറയണമെന്നും സമിതി ആവശ്യപ്പെട്ടു.

## ന്യൂനപക്ഷത്തിന്റെ സുരക്ഷ പുതിയ ഗവൺമെന്റിന്റെ ഉത്തരവാദിത്വം

ഒരു ജനാധിപത്യ രാജ്യത്തിന്റെ വിജയത്തിന്റെ അളവുകോൽ അവിടുത്തെ ന്യൂനപക്ഷ വിഭാഗങ്ങളുടെ സുരക്ഷയാണെന്നും ന്യൂനപക്ഷങ്ങൾ ആശങ്കയിലും അരക്ഷിതാവസ്ഥയിലും കഴിയുന്ന സാഹചര്യമുണ്ടായത് ജനാധിപത്യത്തിന് ഭൂഷണമല്ലെന്നും അതിരൂപതാ പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാ സമിതി. ഭൂരിപക്ഷവിഭാഗങ്ങളെ പോലെ സമൂഹത്തിൽ സ്വയം നൽകുവാനും വളരുവാനും പ്രതിരോധിക്കുവാനും കഴിവില്ലാത്തതിനാലാണ് ന്യൂനപക്ഷവിഭാഗങ്ങൾക്ക് പ്രത്യേക അവകാശങ്ങളും സംരക്ഷണവും ഇന്ത്യൻ ഭരണഘടനയിലും മറ്റു നിയമങ്ങളിലും വിഭാവനം ചെയ്തിരിക്കുന്നത്. അതിനാൽ ഈ സംരക്ഷണം അഭംഗുരം തുടരേണ്ടതുണ്ട്.

നിയുക്ത പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ത്യൻ ഭരണഘടന വന്ദിച്ച് പാർലമെന്റിൽ പ്രവേശിച്ചത് വളരെ മാതൃകാപരമാമെന്നും, പുതിയ സർക്കാർ ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ കാര്യത്തിൽ പ്രത്യേകം കരുതൽ കാണിക്കുമെന്നും, ആശങ്കക്കിടയില്ലാത്ത ഭരണം കാഴ്ചവെയ്ക്കുമെന്നും സമിതി പ്രത്യാശ പ്രകടിപ്പിച്ചു.

## വികാരി ജനറാൾ ബഹു. ജോസഫ് വാണിയപ്പുരയ്ക്കലിന്റെ സന്ദർശനം

അതിരൂപതയുടെ പുതിയ വികാരി ജനറളായി ചുമതലയേറ്റ പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കലച്ചൻ അതിരൂപതാ പബ്ലിക്ക് റിലേഷൻസ് – ജാഗ്രതാ സമിതിയുടെ ആഴ്ച യോഗത്തിൽ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ തിരുവല്ല അതിരൂപതയുടെ മുൻ അദ്ധ്യക്ഷൻ അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തയുടെ നിര്യാണത്തിൽ അദ്ദേഹം അനുശോചനം അറിയിക്കുകയും അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്തു. സഭയിലെ സമീപകാല പ്രതിസന്ധികൾ നീങ്ങുവാനും സമാധാനാന്തരീക്ഷം നിലനിൽക്കുവാനും എല്ലാവരും പ്രാർത്ഥിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

മിശിഹായിൽ സ്നേഹമുള്ളവരേ,

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനതിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. തോമ്മാശ്ലീഹായുടെ വിശ്വാസ തീക്ഷ്ണതയോടെ വിശ്വാസപരിശീലന മേഖലയിൽ വ്യാപരിക്കുവാൻ നമുക്ക് സാധിക്കട്ടെ. ''എന്റെ കർത്താവേ എന്റെ ദൈവമേ'' എന്നുപറഞ്ഞുകൊണ്ട് ഉത്ഥിതനിലുള്ള ആഴമായ വിശ്വാസം പ്രകടിപ്പിച്ച വി. തോമ്മാശ്ലീഹായോട് വിശ്വാസത്തിൽ അനുദിനം ആഴപ്പെടുത്തണമെന്ന് നമുക്കും അപേക്ഷിക്കാം. ജൂലൈ 3-ാം തീയതി നാം മതാധ്യാപക ദിനമായി ആചരിക്കുമ്പോൾ, എല്ലാ മതാധ്യാപകർക്കും എല്ലാവിധ നന്മകളും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ജൂലൈ**

| | | |
|---|---|---|
| 3 ബുധൻ | : | **നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ, അതിരൂപതാ മതാധ്യാപക ദിനം** |
| | | സീറോമലബാർ സഭാദിനം |
| | | കടമുള്ള ദിവസം (ഓഫീസ് അവധി) |
| 6 ശനി | : | BCT Day Scholar Batch 1 മൂന്നാം ദിവസം |
| | | വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം : കുറുമ്പനാടം ഫൊറോന |
| 7 ഞായർ | : | ശ്ലീഹാ അഞ്ചാം ഞായർ ക്ലാസ്സ് - 6 |
| 13 ശനി | : | **CLT, MCC കോഴ്സുകളുടെ ഉദ്ഘാടനം** |
| | : | MCC 10-ാം ബാച്ചിന്റെ അവാർഡുദാനം |
| | | സമയം 9:30 am to 3:30 pm |
| 14 ഞായർ | : | ശ്ലീഹാ ആറാം ഞായർ ക്ലാസ്സ് - 7 |
| | | **പി.റ്റി. എഫ്. & സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ്** |
| | | അസംപ്ഷൻ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ (സമയം 9:30 am to 1:30 pm) |
| | | **CRT ജനറൽബോഡി സമ്മേളനം**, സന്ദേശനിലയം@2:30 pm |
| | | അതിരൂപതാ സ്കോളർഷിപ്പ് വിജയികൾക്കുള്ള അവാർഡുവിതരണം |
| 16 ചൊവ്വാ | : | ചരമദിനം : റവ. ഫാ. മാത്യു നടയ്ക്കൽ |
| 20 ശനി | : | CLT Class 1 |
| | | വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം - മണിമല ഫൊറോന |

| | | |
|---|---|---|
| 21 ഞായർ | : | ശ്ലീഹാ ഏഴാം ഞായർ ക്ലാസ്സ് – 8 |
| 25 വ്യാഴം | : | മാർ യാക്കോബ് ശ്ലീഹാ |
| | : | **SMCC പ്രതിഭാ അവാർഡിൽ പങ്കെടുക്കുന്നവരുടെ പേരു വിവരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി** |
| 26 വെള്ളി | : | കർത്താവിന്റെ 70 ശിഷ്യന്മാർ |
| 27 ശനി | : | CLT Class - 2, MCC Class - 1 |
| | | വി. അൽഫോൻസാമ്മ (ജൂലൈ 28) |
| | : | ആഘോഷപൂർവ്വകമായ റംശ |
| 28 ഞായർ | : | കൈത്താക്കാലം ഒന്നാം ഞായർ ക്ലാസ്സ് – 9 |
| | | 12 ശ്ലീഹന്മാരുടെ തിരുനാൾ |
| 31 ബുധൻ | : | **BCT Day Scholar Batch - 2 ഒന്നാം ദിവസം** |
| | | (തുരുത്തി, ചങ്ങനാശേരി, നെടുംകുന്നം, കുറുമ്പനാടം, മണിമല, തൃക്കൊടിത്താനം) |
| | : | വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം – കോട്ടയം ഫൊറോന |

**ആഗസ്റ്റ്**

| | | |
|---|---|---|
| 1 വ്യാഴം | : | പതിനഞ്ചുനോമ്പാരംഭം |
| 2 വെള്ളി | : | നിസിബസിലെ മാർ യാക്കോബ് |
| 3 ശനി | : | **അൽഫോൻസാ തീർത്ഥാടനം** |
| | | വി. ജോൺ മരിയ വിയാനി (ആഗസ്റ്റ് 4) |
| 4 ഞായർ | : | കൈത്താക്കാലം രണ്ടാം ഞായർ : ക്ലാസ്സ് 10 |
| 6 ചൊവ്വ | : | **നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം** |
| 9 വെള്ളി | : | അദ്ദായിയുടെ ശിഷ്യൻ മാർ മാറി |
| | | **11–ാം ക്ലാസ്സുകാരുടെ പ്രോഗ്രാം – CHECK BOX** |
| | | തൃക്കൊടിത്താനം, മണിമല, നെടുംകുന്നം എന്നീ ഫൊറോനകളിലെ 11–ാം ക്ലാസ്സിലെ കുട്ടികൾക്ക് രജി. ഫീസ്. 700/– |
| | | (സെഹിയോൻ റിട്രീറ്റ് സെന്റർ കുന്നന്താനം 9th 5.00 pm to 11th 4.00 pm) |
| 10 ശനി | : | CLT Class- 3, MCC Class - 2 |
| | | വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം – അതിരമ്പുഴ ഫൊറോന |
| | | BCT Day Scholar Batch - 2 രണ്ടാം ദിവസം |
| | | (തുരുത്തി, ചങ്ങനാശേരി, നെടുംകുന്നം, കുറുമ്പനാടം, മണിമല, തൃക്കൊടിത്താനം) |

## വിശ്വാസപരിശീലകരുടെ ഫൊറോന ധ്യാനം

വിശ്വാസപരിശീലകർക്കായുള്ള ഈ വർഷത്തെ ഫൊറോനധ്യാനം ജൂലൈ 6 മുതൽ ആരംഭിക്കുകയാണ്. സമയം രാവിലെ 9:30 മുതൽ വൈകുന്നേരം 4:00 വരെ. പ്രാർത്ഥിച്ചൊരുങ്ങി വരുവാൻ ശ്രദ്ധിക്കുമല്ലോ.

» 9.30 ന് മുമ്പുതന്നെ എല്ലാ അധ്യാപകരും എത്തിച്ചേരണം.

» ധ്യാനത്തിന്റെ ഇടയ്ക്കുവച്ചു പോകുവാൻ പാടില്ല. ധ്യാനത്തിൽ ആദ്യന്തം പങ്കെടുക്കേണ്ടതാണ്.

» ഓരോ ഫൊറോനയ്ക്കും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ധ്യാനത്തിൽ തന്നെ അതത് ഫൊറോനയിലെ അധ്യാപകർ പങ്കെടുക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ അന്നേദിവസം പങ്കെടുക്കുന്നതിന് സാധിക്കുന്നില്ലെങ്കിൽ മറ്റേതെങ്കിലും ഫൊറോനയിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ധ്യാനം നടക്കുന്ന ഫൊറോനയിലെ സെക്രട്ടറി സിസ്റ്ററിനെ നേരത്തെ അറിയിക്കേണ്ടതുമാണ്.

## CLT, MCC കോഴ്സുകളുടെ ഉദ്ഘാടനം

CLT 40-ാം ബാച്ചും MCC 12-ാം ബാച്ചും ജൂലൈ 13-ാം തീയതി ശനിയാഴ്ച ആരംഭിക്കുകയാണ്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ജൂലൈ 10-നകം ഓഫീസിൽ പേരുകൾ രജിസ്റ്റർ ചെയ്യുക. ഒരു ഇടവകയിൽ നിന്നും പരമാവധി ഒരുകോഴ്സിൽ 3 പേർക്കു മാത്രമേ പങ്കെടുക്കാനാവൂ. **കോഴ്സുകളിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ജൂലൈ 13 ശനിയാഴ്ച നടക്കുന്ന ഉദ്ഘാടനപരിപാടിയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.**

## പി.റ്റി.എഫ്. & സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ്

സൺഡേസ്കൂൾ ലീഡേഴ്സിന്റെയും പി.റ്റി.എഫ്. പ്രതിനിധികളുടെയും സംയുക്തസമ്മേളനവും ക്ലാസ്സും ജൂലൈ 14-ാം തീയതി ഞായറാഴ്ച രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 1:30 വരെ അസംപ്ഷൻ കോളേജ് ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. പരി.കുർബാന ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് Rs. 100/- പി.റ്റി.എഫ്. പ്രതിനിധികളായി ഒരു പുരുഷനെയും ഒരു സ്ത്രീയെയും സൺഡേസ്കൂൾ ലീഡേഴ്സായി തിരഞ്ഞെടുക്കപ്പെട്ട ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും അയയ്ക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം അതത് ഫൊറോന സെക്രട്ടറിയെ ജൂലൈ 10-ാം തീയതിക്കു മുമ്പായി അറിയിക്കുമല്ലോ.

## സീറോമലബാർ പ്രതിഭാ അവാർഡ്

സീറോമലബാർ സിനഡൽ കാറ്റകെറ്റിക്കൽ കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന 12-ാം ക്ലാസ്സ് കുട്ടികൾക്കായുള്ള സഭാപ്രതിഭാ അവാർഡിനുള്ള ഫൊറോനാതല തിരഞ്ഞെടുപ്പ് ആഗസ്റ്റ് മധ്യത്തിൽ ഫൊറോന അടിസ്ഥാനത്തിൽ സന്ദേശനിലയത്തിൽ വച്ച് ആരംഭിക്കുന്നു. ഓരോ ഇടവകയിൽ നിന്നും 12-ാം ക്ലാസ്സിൽ പഠിക്കുന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും വിശ്വാസജീവിതചര്യകളിലും മികവു പുലർത്തുന്ന രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും ഫൊറോനാതല തെരഞ്ഞെടുപ്പിനായി അയയ്ക്കേണ്ടതാണ്. ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ ജൂലൈ 25ന് മുമ്പായി സന്ദേശനിലയത്തിൽ രജിസ്റ്റർ ചെയ്യുക. ഫോമുകൾ സന്ദേശനിലയം ഓഫീസിലും വെബ്സൈറ്റിലും ലഭ്യമാണ്.

## വെബ്സൈറ്റ് www.sandesanilayam.org

വിശ്വാസപരിശീലന ഡിപ്പാർട്മെന്റിന്റെ വെബ്സൈറ്റിലൂടെ എല്ലാ മാസത്തെയും മധ്യസ്ഥൻ വാർത്തകൾ, Forms, Old Question Paper പരീക്ഷയ്ക്കുള്ള

ജനറൽ ചോദ്യങ്ങൾ മുതലായവ ലഭ്യമാണ്. ബഹു. വൈദികർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപകരെ പ്രോത്സാഹിപ്പിക്കുമല്ലോ.

## Data Entry in Ecos @Sandes

സൺഡേസ്കൂളിലെയും അതിരൂപതാ മതബോധന കേന്ദ്രത്തിലെയും കാര്യനിർവ്വഹണം എളുപ്പത്തിലാക്കുന്നതിന്റെ ഭാഗമായി നമ്മൾ ആരംഭിച്ച online portal പ്രവർത്തനക്ഷമമായി വരുന്നു. ഇതുവരെ പൂർത്തിയാക്കാത്ത സൺഡേസ്കൂളുകൾ ജൂലൈ 15 ന് മുമ്പായി പൂർത്തിയാക്കണമെന്ന് അപേക്ഷിക്കുന്നു. പുതിയ അധ്യാപകരുടെയും പുതിയ കുട്ടികളുടെയും വിവരങ്ങൾ ജൂലൈ 15ന് മുമ്പായി പൂർത്തിയാക്കേണ്ടതാണ്. ഏതെങ്കിലും ഇടവകകൾ അലംഭാവം കാണിച്ചാൽ അത് മറ്റ് ഇടവകകളെയും പൊതുവിൽ ബാധിക്കുന്നതാണ്. ഇടവകയിൽ നിന്നും നല്കുന്ന വിവരങ്ങൾ updated ആയിരിക്കണം എന്ന കാര്യവും ഓർമ്മിപ്പിക്കട്ടെ.

## ഓഫീസ് റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസ് റിക്കാർഡുകൾ ഓരോ വർഷവും പുന:ക്രമീകരിച്ചു സൂക്ഷിക്കേണ്ടതാണ്. അധ്യാപകരുടെയും കുട്ടികളുടെയും ഹാജർ രജിസ്റ്ററുകൾ, മാർക്ക് രജിസ്റ്ററുകൾ എന്നിവ സൂക്ഷിച്ചുവയ്ക്കേണ്ടതാണ്. ഓഫീസ് റിക്കോർഡുകളും ഫയലുകളും ഹെഡ്മാസ്റ്ററിന്റെയും സ്റ്റാഫ് സെക്രട്ടറിയുടെയും ഓഫീസ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ ക്രമമായും ചിട്ടയായും സൂക്ഷിക്കുക. **10, 12 ക്ലാസ്സുകളിൽ പാസ്സാകുന്ന കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റുകൾ അതതുവർഷം വിതരണം നടത്തേണ്ടതും issue register ഓഫീസിൽ സൂക്ഷിക്കുകയും ചെയ്യുന്നതും അഭികാമ്യമാണ്.**

## സ്ഥിതിവിവരക്കണക്കുകൾ

എല്ലാ സൺഡേസ്കൂളുകളും ജൂലൈ 15ന് മുമ്പായി സ്ഥിതി വിവരകണക്കുകൾ സന്ദേശനിലയത്തിൽ എത്തിക്കേണ്ടതാണ്.

## വൊക്കേഷൻ ബ്യൂറോ

സീറോ മലബാർ വൊക്കേഷൻ കമ്മീഷന്റെ നിർദ്ദേശപ്രകാരം ഓരോ ഇടവകയിലെയും ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നതിന് നേതൃത്വം നല്കുന്നതിനായി ഒരു വൊക്കേഷൻ ടീം രൂപീകരിക്കേണ്ടതാണ്. വികാരിയച്ചൻ, ഇടവകയിലെ സന്യസ്തരുടെ പ്രതിനിധി, വിശ്വാസപരിശീലകരുടെ പ്രതിനിധി (1 പുരുഷൻ, 1 സ്ത്രീ) ചെറുപുഷ്പ മിഷൻലീഗിന്റെ പ്രതിനിധി, മാതൃവേദി, പിതൃവേദി പ്രസിഡന്റുമാർ, കുടുംബകൂട്ടായ്മ ആനിമേറ്റർ എന്നിവർ അടങ്ങുന്നതാണ് പ്രസ്തുത ടീം. ദൈവവിളികളെ പ്രോത്സാഹിപ്പിക്കുന്നതിനും, പ്രചോദിപ്പിക്കുന്നതിനും വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഈ ടീം പ്രവർത്തിക്കേണ്ടതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

♦ ആഴ്ചയിൽ ഒരു ദിവസം മാത്രം നടത്തുന്ന വിശ്വാസപരിശീലനം വളരെ പ്രധാനപ്പെട്ടതായതിനാൽ ക്ലാസ്സു സമയത്തിനിടയിലുള്ള മറ്റു പരിപാടികൾ (ഉദാ: കലോത്സവ പരിശീലനങ്ങൾ, വ്യക്തിത്വ പരിശീലന പരിപാടികൾ തുടങ്ങിയവ) നിരുത്സാഹപ്പെടുത്തണം. ക്ലാസ്സ് സമയത്തിന് കുറവ് വരാതിരിക്കുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. എക്സ്ട്രാ ആക്ടിവിറ്റികൾക്ക് ക്ലാസ്സ് കഴിഞ്ഞുള്ള സമയമോ മറ്റവധി ദിനങ്ങളോ പ്രയോജനപ്പെടുത്താവുന്നതാണ്.

♦ കുട്ടികളുടെ സർട്ടിഫിക്കറ്റാവശ്യങ്ങൾക്കായി നേരിട്ട് കുട്ടികളെയോ അവരുടെ മാതാപിതാക്കളെയോ അയയ്ക്കാതിരിക്കുക.

## നന്ദിയും സ്വാഗതവും

സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർമാരായി സ്തുത്യർഹമായി സേവനം ചെയ്ത റവ. ഫാ. തോമസ് മുട്ടേൽ (ആലപ്പുഴ), റവ. ഫാ. ജോസഫ് കുറിയന്നൂർപറമ്പിൽ (അതിരമ്പുഴ), റവ. ഫാ. മെൽവിൻ പുതിയിടം (ചമ്പക്കുളം), റവ. ഫാ. മിഖായേൽ കിങ്ങണംചിറ (പുളിംകുന്ന്), റവ. ഫാ. ജോസഫുകുട്ടി പറത്താനം (തൃക്കൊടിത്താനം), റവ. ഫാ. ജോബി പരുവപ്പറമ്പിൽ (തുരുത്തി) എന്നിവർക്ക് സന്ദേശനിലയത്തിന്റെ സ്നേഹം നിറഞ്ഞ നന്ദി.

പുതിയ ഫൊറോന ഓർഗനൈസർമാരായി നിയമിതരായിരിക്കുന്ന റവ. ഫാ. സ്കറിയ ഇരുപതിൽ (ആലപ്പുഴ), റവ. ഫാ. ലിബിൻ പുത്തൻപറമ്പിൽ (അതിരമ്പുഴ), റവ. ഫാ. ജോർജ്ജിൻ വെളിയത്ത് (ചമ്പക്കുളം), റവ. ഫാ. ജോർജ്ജ് അവന്നൂർ (പുളിംകുന്ന്), റവ. ഫാ. എബി പുതുശ്ശേരി (തുരുത്തി) എന്നിവർക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

സൺഡേസ്കൂൾ ഫൊറോന സെക്രട്ടറിമാരായി സ്തുത്യർഹമായി സേവനം ചെയ്ത റവ. സി. എൽസീന എസ്.എച്ച്. (അമ്പൂരി), റവ. സി. ജിയോ ട്രീസാ എസ്. എ.ബി.എസ്. (അതിരമ്പുഴ), റവ. സി. റ്റിൻസി വാഴക്കാട് എസ്. എ.ബി. എസ്. (ചമ്പക്കുളം), റവ. സി. ജെസ്മേരി എസ്.എ.ബി.എസ് (എടത്വാ), റവ. സി. മേബിൾ എഫ്. സി.സി. (കുറുമ്പനാടം), റവ. സി. ജോയ്സ് മരിയ എസ്. എ.ബി.എസ് (തിരുവനന്തപുരം) എന്നിവർക്ക് സന്ദേശനിലയത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

പുതിയ ഫൊറോന സെക്രട്ടറിമാരായി നിയമിതരായിക്കുന്ന റവ. സി. റ്റിൻസി വട്ടുകളം എസ്.എ.ബി.എസ് (അതിരമ്പുഴ), റവ. സി. മേരി ടോം എസ്. എച്ച്. (അമ്പൂരി), റവ. സി. മാരിയറ്റ് കളത്തിൽപറമ്പിൽ എസ്. എ.ബി.എസ്. (ചമ്പക്കുളം), റവ. സി. ആൻസലിൻ തെങ്ങുംതോട്ടം എസ്. എ.ബി.എസ്. (എടത്വാ), റവ. സി. മെരീന എഫ്.സി.സി. (കുറുമ്പനാടം), റവ. സി. റോസിറ്റ് ആലഞ്ചേരി (തിരുവനന്തപുരം) എന്നിവർക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

## ആദരാഞ്ജലികൾ

സന്ദേശനിലയം സ്റ്റാഫും ചങ്ങനാശേരി മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ അധ്യാപകനുമായ ശ്രീ. ഫ്രാൻസിസ് തോമസ് വട്ടക്കളത്തിന്റെ മാതാവിന്റെയും തുരുത്തി മർത്ത് മറിയം സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോജോ ജോസഫിന്റെ മാതാവിന്റെയും എസ്.എൽ. പുരം സെന്റ് സെബാസ്റ്റ്യൻസ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ഓ. ജോൺ കോനാട്ടിന്റെ ഭാര്യയുടെയും തിരുവനന്തപുരം മുൻ ഫൊറോന സെക്രട്ടറി സി. ജോയ്സ് മരിയ പൂവത്താനിക്കുന്നേൽ എസ്.എ.ബി.എസ് ന്റെ പിതാവിന്റെയും സന്ദേശനിലയം ACC അംഗവും കുറുമ്പനാടം അസംപ്ഷൻ സൺഡേസ്കൂൾ അധ്യാപികയുമായ റവ. സി. ജോയൽ എഫ്.സി.സി. യുടെ പിതാവിന്റെയും അരുവിക്കുഴി സെന്റ് ജോസഫ്സ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോസഫ് ജോൺ മുണ്ടിയാനിക്കലിന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹമുള്ളവരെ,

ജൂലൈ 3 ദുക്റാനത്തിരുനാൾ നമ്മൾ ആചരിക്കുമ്പോൾ, തോമ്മാശ്ലീഹായെപ്പോലെ വിശ്വാസ തീക്ഷ്ണതയോടെ ഈശോയ്ക്ക് സാക്ഷ്യം വഹിക്കുവാൻ നമുക്ക് സാധിക്കണം. വചനമായ ഈശോയെ കൂടുതൽ അടുത്തറിയുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. ആഗസ്റ്റ് 3-ന് നാം നടത്തുന്ന അൽഫോൻസാ തീർത്ഥാടനത്തിൽ ഏവരുടെയും പ്രാർത്ഥനയും സാന്നിധ്യവും സഹകരണവും ഉണ്ടാകണം. കഴിഞ്ഞ 6 വർഷം വളരെ സ്തുത്യർഹമായ രീതിയിൽ ജോയിന്റ് ഡയറക്ടറായി സേവനം ചെയ്ത ബഹു. സി. ലിസി കണിയാംപറമ്പിൽ SABS-നെ നന്ദിയോടെ ഓർക്കുന്നു. സിസ്റ്ററിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങൾക്കുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം. ഒപ്പം പുതിയ ജോയിന്റ് ഡയറക്ടറായിരിക്കുന്ന ബഹു. സി. ജെയ്സി എസ്.ഡി.യ്ക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും നമുക്ക് നേരാം. ദുക്റാന തിരുനാളിന്റെയും ജൂലൈ 28-ാം തീയതി ആഘോഷിക്കുന്ന വി.അൽഫോൻസാമ്മയുടെ തിരുനാളിന്റെയും മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**ജൂലൈ**

2 ചൊവ്വ : അംഗത്വസ്വീകരണം, അതിരൂപതാതല ഉദ്ഘാടനം

3 ബുധൻ : ദുക്റാനത്തിരുനാൾ (കടമുള്ള ദിവസം, ഓഫീസ് അവധി) അംഗത്വസ്വീകരണം ശാഖകളിൽ

മാർ തോമസ് തറയിൽ പിതാവിന്റെ നാമഹേതുകത്തിരുനാൾ

തോമസ് നാമധാരികൾക്ക് ആശംസകൾ നേരാം.

27 ശനി : വി. അൽഫോൻസാമ്മയുടെ തിരുനാൾ പ്രത്യേക സമ്മേളനം ശാഖകളിൽ നടത്തുക. (അൽഫോൻസാ ക്വിസ്)

28 ഞായർ : വി. അൽഫോൻസാമ്മയുടെ തിരുനാൾ

അൽഫോൻസാ തീർത്ഥാടനത്തിന് ഒരുക്കമായുള്ള അതിരൂപതാ ഭാരവാഹികളുടെ പ്രാർത്ഥന കുടമാളൂർ ജന്മഗൃഹത്തിൽ

**ആഗസ്റ്റ്**

1 വ്യാഴം : പതിനഞ്ചു നോമ്പാരംഭം

3 ശനി : 31-ാമത് അൽഫോൻസാ തീർത്ഥാടനം

വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ. ഇടവക വൈദിക ദിനം.

ഇടവക വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാം. ആശംസകൾ നേരാം.

6 ചൊവ്വ : നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം.

## അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം 2019 -20

അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം 2019 ജൂൺ 8ന് ചങ്ങനാശേരി അസംപ്ഷൻ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവ്വഹിച്ചു. ഈ വർഷത്തെ പ്രവർത്തന മാർഗ്ഗ രേഖ, പഠനഗ്രന്ഥം എന്നിവയും പ്രകാശനം ചെയ്തു. മികച്ച മേഖലകൾക്കും ശാഖകൾക്കുമുള്ള ട്രോഫികളും പിതാവ് നല്കുകയുണ്ടായി. 6 വർഷക്കാലം ചെറുപുഷ്പ മിഷൻലീഗിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച ബഹു. സി. ലിസി കണിയാംപറമ്പിൽ എസ്.എ.ബി.എസ്-നെ മെമന്റോ നല്കി അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ആദരിച്ചു. ഡയറക്ടർ റവ. ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി സി. ലിസി കണിയാംപറമ്പിലിന് എല്ലാവിധ ആശംസകളും നേർന്നുകൊണ്ട് സംസാരിച്ചു. ശ്രീ. ജോമ്മ കാട്ടടി, കുമാരി അൻസു ഡെന്നി എന്നിവർ ആശംസകളർപ്പിച്ചു. അസി. ഡയറക്ടർ റവ. ഫാ. അനീഷ് കുടിലിൽ മാർഗ്ഗരേഖ അവതരണവും ബഹു. ലിസി കണിയാംപറമ്പിൽ എസ്.എ.ബി.എസ് പഠനവിഷയാവതരണവും നടത്തി. 2018-19 പ്രവർത്തനവർഷത്തിലെ വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് അസി. ഡയറക്ടർ റവ. ഫാ. ഐബിൻ പകലോമറ്റം സമ്മാനങ്ങൾ വിതരണം ചെയ്തു. പുതിയ ജോയിന്റ് ഡയറക്ടറായ സി. ജെയ്സി തെക്കേപേരങ്ങാട് എസ്.ഡി. യേയും 10-ാം ക്ലാസ്സിൽ എല്ലാ വിഷയങ്ങൾക്കും A 1 നേടിയ മുൻ അതിരൂപതാ പ്രസിഡന്റ് മാസ്റ്റർ ആശിഷ് ജോ കെ. എസ്.നെയും പൂക്കൾ നല്കി ആദരിച്ചു. അതിരൂപതാ മിഷൻലീഗ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നല്കി.

## ബഹു. ലിസിയമ്മയ്ക്ക് നന്ദി

കഴിഞ്ഞ 6 വർഷക്കാലം അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ എല്ലാ പ്രവർത്തനങ്ങളിലും മുൻ ഡയറക്ടറായിരുന്ന ബഹു. ജോബിയച്ചനോടും ഇപ്പോഴത്തെ ഡയറക്ടറായ ബഹു. ജോബിനച്ചനോടും സഹകരിച്ച് സംഘടനയുടെ പ്രവർത്തനങ്ങളെ ഏറെ സജീവമാക്കുവാൻ അക്ഷീണപരിശ്രമം ചെയ്ത ഞങ്ങളുടെ പ്രിയപ്പെട്ട സി. ലിസി കണിയാംപറമ്പിൽ എസ്.എ.ബി.എസിനെ ഏറെ നന്ദിയോടെ സ്മരിക്കട്ടെ. പുതിയ പ്രവർത്തനവർഷം ആരംഭം കുറിക്കുന്നതുവരെ ലിസിയമ്മ തന്റെ ഉത്തരവാദിത്വം ഏറെ വിശ്വസ്തതയോടും സ്നേഹത്തോടും ലാളിത്യത്തോടും കൂടി നിർവ്വഹിച്ചു. കരുതലിന്റെയും കാരുണ്യത്തിന്റെയും കരമായി സി. ലിസി കണിയാംപറമ്പിൽ എന്നും സംഘടനയോടൊപ്പമുണ്ടായിരുന്നു. ദൈവം കനിഞ്ഞു നല്കിയ കഴിവുകളും ദാനങ്ങളും മിഷൻലീഗ് സംഘടനയുടെ വളർച്ചയ്ക്കായി ലിസിയമ്മ വിനിയോഗിച്ചു. എന്നും വിളങ്ങി പ്രശോഭിക്കുന്ന ഒരു പൊൻദീപമായി, വിശുദ്ധിയുടെ നറുമണം പേറിക്കൊണ്ട്

പൊട്ടിവിടരുന്ന ഒരു നറുസൂനമായി, ഏവർക്കും അനുഗ്രഹമായി എന്നെന്നും അമ്മയുടെ ജീവിതം മാറട്ടെ. പുതിയ പ്രവർത്തനമേഖലയിൽ എല്ലാവിധ വിജയങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു. അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## ബഹു. സി. ജെയ്സി SD ക്ക് സ്വാഗതം

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ പുതിയ ജോയിന്റ് ഡയറക്ടറായി ചുമതലയേറ്റിരിക്കുന്ന എസ്.ഡി. സന്യാസസമൂഹത്തിലെ ബഹു. സി. ജെയ്സി തെക്കേപേരങ്ങാടിന് ഇന്നിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ, കുഞ്ഞുമിഷനറിമാരെ വിശ്വാസത്തിൽ ആഴപ്പെടുത്തി, ദൈവോന്മുഖരാക്കിത്തീർക്കുവാനുമുള്ള കൃപാവരം സർവ്വശക്തനായ ദൈവം കനിഞ്ഞരുളട്ടെ എന്ന് ആശംസിക്കുന്നു. പുതിയ പ്രവർത്തനമേഖലയിൽ എല്ലാവിധ വിജയങ്ങളും നേർന്നുകൊണ്ട് സി. ജെയ്സിയെ അതിരൂപതാ മിഷൻലീഗ് കുടുംബത്തിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. (സി. ജെയ്സി : 8547307651)

## 31-ാമത് അൽഫോൻസാ തീർത്ഥാടനം

ജൂലൈ 1 മുതൽ 23 വരെ അൽഫോൻസാ തീർത്ഥാടനത്തിന് ഒരുക്കമായുള്ള പ്രാർത്ഥനയും ഭവനസന്ദർശനവും കാര്യക്ഷമമായി നടത്തുക. ജൂലൈ 21 മുതൽ 31 വരെ തീർത്ഥാടനത്തിനൊരുക്കമായുള്ള നോമ്പ് നടത്തുക. ആഗസ്റ്റ് 3ന് തീർത്ഥാടനത്തിൽ പങ്കുചേരുക. ''വചനത്തിന്റെ സാക്ഷികളായ് കുഞ്ഞുമിഷനറിമാർ'' എന്നതാണ് ഈ വർഷത്തെ തീർത്ഥാടനത്തിന്റെ പ്രാർത്ഥനാനിയോഗം. (തീർത്ഥാടനത്തെക്കുറിച്ചുള്ള അറിയിപ്പ് സൺഡേസ്കൂളിൽ വായിക്കേണ്ടതാണ്.)

## കബറിട സന്ദർശനം

അൽഫോൻസാ തീർത്ഥാടനത്തോടനുബന്ധിച്ച് മിഷൻലീഗ് സ്ഥാപക ഡയറക്ടർ ബഹു. മാലിപ്പറമ്പിലച്ചന്റെ കബറിടം സ്ഥിതിചെയ്യുന്ന ആർപ്പൂക്കര ചെറുപുഷ്പ ദേവാലയം സന്ദർശിച്ച് പ്രാർത്ഥിക്കുവാൻ കുഞ്ഞുമിഷനറിമാർക്ക് അവസരം നല്കുന്ന രീതിയിൽ അൽഫോൻസാ തീർത്ഥാടനം ക്രമീകരിക്കേണ്ടതാണ്.

**2019 മികച്ച മേഖലകൾ**

| | |
|---|---|
| ഒന്നാം സ്ഥാനം - | നെടുംകുന്നം |
| രണ്ടാം സ്ഥാനം - | ചങ്ങനാശേരി |
| മൂന്നാം സ്ഥാനം - | ആലപ്പുഴ |

**മികച്ച ശാഖകൾ**

| | |
|---|---|
| ഒന്നാം സ്ഥാനം - | സെന്റ് ജോസഫ്സ് ചമ്പക്കര |
| രണ്ടാം സ്ഥാനം - | സെന്റ് സേവ്യേഴ്സ് തൃക്കൊടിത്താനം |
| മൂന്നാം സ്ഥാനം - | ഹോളി ഫാമിലി പാറമ്പുഴ |

തെക്കൻ മേഖലയിൽ നിന്നും മികച്ച ശാഖയായി ക്രിസ്തുരാജ് ആയുർ തെരഞ്ഞെടുക്കപ്പെട്ടു.

**കയ്യെഴുത്ത് മാസിക**

| | |
|---|---|
| ഒന്നാം സമ്മാനം - | സെന്റ് അൽഫോൻസാ, മഹേന്ദ്രപുരം |
| രണ്ടാം സമ്മാനം - | സെന്റ് സേവ്യേഴ്സ് വില്ലൂന്നി |
| മൂന്നാം സമ്മാനം - | ഇമ്മാക്യുലേറ്റ് ഹാർട്ട് കൈതവന |

## നന്ദി

മേഖലാ ഡയറക്ടർമാരായി സ്തുത്യർഹമായ സേവനം നല്കിയശേഷം തൽസ്ഥാനത്തു നിന്നും വിരമിച്ച റവ. ഫാ. തോമസ് മുട്ടേൽ (ആലപ്പുഴ), റവ. ഫാ. ജോസഫ് കുറിയന്നൂർപറമ്പിൽ (അതിരമ്പുഴ), റവ. ഫാ. സഖറിയാസ് ഇരുപതിൽ (എടത്വാ), റവ. ഫാ. ജോസഫ്കുട്ടി പറത്താനം (തൃക്കൊടിത്താനം), റവ. ഫാ. മിഖായേൽ കിങ്ങണംചിറ (പുളിംകുന്ന്), റവ. ഫാ. ജോബി പരുവപ്പറമ്പിൽ (തുരുത്തി) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

മേഖലാ ജോയിന്റ് ഡയറക്ടർമാരായിരുന്ന റവ. സി. റോസ്മിൻ എസ്. എച്ച്. (അമ്പൂരി), റവ. സി. ലില്ലി റോസ് എം.എൽ.എഫ്. (കോട്ടയം), റവ. സി. ജിയോ ട്രീസാ എഫ്.സി.സി. (കുറുമ്പനാടം), റവ. സി. സൂസൻ എം.എം.എം. (മണിമല), റവ. സി. ജോയ്സ്മരിയ എസ്.എ.ബി.എസ്. (തിരുവനന്തപുരം), റവ. സി. ജിസ്സ് മരിയ സി.എം.സി. (തുരുത്തി) എന്നിവർക്കും അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## സ്വാഗതം

മേലഖാ ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന റവ. ഫാ. സഖറിയാസ് ഇരുപതിൽ (ആലപ്പുഴ), റവ. ഫാ. ജോസഫ് (ലിബിൻ) പുത്തൻപറമ്പിൽ (അതിരമ്പുഴ), റവ. ഫാ. ആശിഷ് പ്ലാംപറമ്പിൽ (എടത്വാ), റവ. ഫാ. ജോർജ്ജ് അവന്നൂർ (പുളിംകുന്ന്), റവ. ഫാ. എബി പുതുശ്ശേരി (തുരുത്തി) എന്നിവർക്കും അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംഗമായ സ്വാഗതം.

മേഖല ജോയിന്റ് ഡയറക്ടർമാരായി നിയമിതരായിക്കുന്ന സി. ലിൻസ് മരിയ എഫ്.സി.സി. (അമ്പൂരി), സി. മേരി ജോസഫ് പുല്ലാട്ട് എം.എം.എസ് (കോട്ടയം), സി. ജോയൽ എഫ്.സി.സി. (കുറുമ്പനാടം), സി. ജിയോ ട്രീസ എസ്.എ.ബി. എസ് (മണിമല), സി. റോസിറ്റ് ആലഞ്ചേരി എസ്.എ.ബി.എസ്. (തിരുവനന്തപുരം), സി. അനു തെരേസ് സി.എം.സി. (തുരുത്തി) എന്നിവർക്കും അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ സ്വാഗതം.

## ആദരാഞ്ജലികൾ

ചെറുപുഷ്പ മിഷൻലീഗ് മുൻ ഓഫീസ് സെക്രട്ടറിയും തിരുവനന്തപുരം ഫൊറോനയുടെ ജോ.ഡയറക്ടറുമായിരുന്ന സി. ജോയ്സ് മരിയ പൂവത്താനിക്കുന്നേൽ എസ്.എ.ബി.എസിന്റെ പിതാവിന്റെയും കുറുമ്പനാടം ഫൊറോനയുടെ ജോ. ഡയറക്ടറായ സി. ജോയൽ എഫ്.സി.സി.യുടെ പിതാവിന്റെയും മുൻ അതിരൂപതാ പ്രസിഡന്റ് (കുട്ടികളുടെ) ശ്രീ. സന്തോഷ് സെബാസ്റ്റ്യൻ പനച്ചിക്കലിന്റെ മാതാവിന്റെയും നിര്യാണത്തിൽ അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

**ദുക്റാനതിരുന്നാൾ** ആശംസകൾ സ്നേഹപൂർവ്വം നേരുന്നു. കുടുംബക്കൂട്ടായ്മകൾ കൂടുതൽ സജീവമാകുന്നതിനു അതിരൂപതയിൽനിന്നും നൽകുന്ന നിർദ്ദേശങ്ങളോട് പൂർണ്ണമായും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

കുടുംബക്കൂട്ടായ്മകളിൽ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകണം. ശരിയായ പ്രബോധനവേദികൾ കൂട്ടായ്മ തലത്തിൽ ഉണ്ടാകണമെന്ന ആഗ്രഹത്തോടെയാണ് ഈ വർഷം **'വചനം ജീവിതവെളിച്ചം'** എന്ന **പഠനഗ്രന്ഥം** തയ്യാറാക്കിയിരിക്കുന്നത്. ഒരു കൂട്ടായ്മയിൽ ഒരു കോപ്പി ഉണ്ടായിരിക്കുന്നത് ഉചിതമാണ്.

ദൈവവചനത്തെ കൂടുതലായി പഠിക്കാനും ജീവിതത്തിൽ സ്വീകരിക്കാനും പരിശീലിപ്പിക്കുന്ന **ലോഗോസ് ക്വിസ്** മത്സരത്തിന്റെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. ഈ വർഷം കൂടുതൽ മുതിർന്നവരെ പങ്കെടുപ്പിക്കുന്ന കാര്യം വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ലോഗോസ് ക്വിസ് മാതൃക ചോദ്യങ്ങളടങ്ങിയ പുസ്തകം വാങ്ങി ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കണമേ.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജെന്നി കായംകുളത്തുശേരി**
*(ഡയറക്ടർ)*

## വാർത്തകൾ – പ്രവർത്തനങ്ങൾ

### Koottayma Leader's Training Course (K.L.T) ആരംഭിച്ചു

കൂട്ടായ്മ ലീഡേഴ്സിനായി സംഘടിപ്പിക്കുന്ന കൂട്ടായ്മ ലീഡേഴ്സ് ട്രെയ്നിങ് കോഴ്സിന് ജൂൺ 8-ാം തീയതി മാർ ജോസഫ് പെരുന്തോട്ടം പിതാവ് തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. 2019 ജൂൺ 8, 22 എന്നീ തീയതികളിൽ ക്ലാസുകൾ നടത്തപ്പെട്ടു. റവ. ഡോ. ജോസഫ് കൊല്ലാറ, റവ. ഡോ. സിറിയക് വലിയകുന്നുംപുറം എന്നിവർ ക്ലാസുകൾ നയിച്ചു.

### ബസാലേൽ കൺവൻഷൻ – കത്തീഡ്രൽ ഇടവകയിൽ

ജൂൺ 16 ന് സെന്റ് മേരീസ് കത്തീഡ്രൽ ഇടവകയിൽ ബസാലേൽ കൺവൻഷൻ നടത്തുകയുണ്ടായി. അതി. ഡയറക്ടർ റവ.ഫാ. ജെന്നി കായംകുളത്തുശേരി ക്ലാസ് നയിച്ചു. ബ്രദർ ജസ്റ്റിൻ പരിപാടികൾക്ക് നേതൃത്വം നൽകി. പ്രസ്തുത ഇടവകയിൽ ബസാലേൽ സംഘടിപ്പിക്കുവാൻ നേതൃത്വം വഹിച്ച വെരി. റവ. ഫാ. കുര്യൻ പുത്തൻപുര, കൊച്ചച്ചന്മാർ എന്നിവരേയും കൂട്ടായ്മാ ലീഡേഴ്സിനേയും ബഹു.സിസ്റ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു.

### കെരിഗ്മ – കോട്ടയം, തുരുത്തി, തൃക്കൊടിത്താനം ഫൊറോനകളിൽ

2019 ജൂൺ 1 ന് കോട്ടയം ഫൊറോനയിലും ജൂൺ 5 ന് തുരുത്തി ഫൊറോനയിലും ജൂൺ 15 ന് തൃക്കൊടിത്താനം ഫൊറോനയിലും കുടുംബക്കൂട്ടയ്മാ

ലീഡേഴ്സിനായി കെരിഗ്മ സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നായി 175-ഓളം പേർ പങ്കെടുക്കുകയുണ്ടായി. വികാരി ജനറാളും ബൈബിൾ അപ്പോസ്തലേറ്റ് സഹരക്ഷാധികാരിയുമായ വെരി റവ. ഡോ. തോമസ് പാടിയത്ത് പഞ്ചവത്സര ദ്വിതീയവർഷ പഠനവിഷയമായ 'വചനം ജീവിതവെളിച്ചം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിക്കുകയും ചെയ്തു. അതിരൂപ താ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി മാർഗ്ഗനിർദ്ദേശങ്ങൾ ന ൽകുകയും പ്രവർത്തനവർഷ പരിപാടികൾ വിശദീകരിക്കുകയും ചെയ്തു. കോട്ടയം ഫൊറോനയിൽ ഫൊറോനാ ഡയറക്ടർ റവ. ഫാ. വിവേക് കളരിത്തറ സ്വാഗതം ആശംസിക്കുകയും വികാരി ജനറാൾ പെരി. ബഹു. ജോസഫ് വാണിയപ്പുരയ്ക്കൽ കുടുംബക്കൂട്ടായ്മയുടെ ഇന്നത്തെ പ്രസക്തിയെക്കുറിച്ച് പ്രബോധനം നൽകി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ശ്രീ. ജോസഫ് നെല്ലിക്കുഴി നന്ദി അർപ്പിച്ചു. തുരുത്തി ഫൊറോനയിൽ ഫൊറോനാ ഡയറക്ടർ റവ. ഫാ. മാത്യു കളത്തിൽ സ്വാഗതം ആശംസിക്കുകയും വികാരി ജനറാൾ വെരി. റവ. ഡോ. തോമസ് പാടിയത്ത് ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. തൃക്കൊടിത്താനം ഫൊറോനയിൽ ശ്രീ. ഇ.ജെ. ജോസഫ് ഇളപ്പുങ്കൽ സ്വാഗതം ആശംസിക്കുകയും അഭി. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനകർമ്മം നിർവ്വഹിച്ചുകൊണ്ട് കുടുംബക്കൂട്ടായ്മകളുടെ അടിസ്ഥാന ജീവിതശൈലിയെക്കുറിച്ച് പ്രബോധനം നൽകി. ഫൊറോനാ സമിതി രൂപീ കരണത്തിന് ശ്രീ. റ്റോമി ആന്റണി കൈതക്കളം നേതൃത്വം നൽകി. പ്ര സ്തുത സംഗമത്തിലേയ്ക്ക് ലീഡേഴ്സിനെ പറഞ്ഞയച്ച കോട്ടയം, തുരുത്തി, തൃക്കൊടിത്താനം ഫൊറോനകളിലെ എല്ലാ ബഹു. അച്ചന്മാർക്കും ഹൃദയ പൂർവ്വം നന്ദി അറിയിക്കുന്നു.

## ഹോം മിഷൻ

ജൂൺ 3 മുതൽ 28 വരെ കോട്ടയം ലൂർദ്ദ് ഫൊറോനാ ഇടവകയിൽ ഹോം മിഷൻ നടക്കുകയുണ്ടായി. ഫൊറോനാ വികാരി വെരി റവ. ഡോ. ജോസഫ് മണക്കളത്തിന്റെ നേതൃത്വത്തിൽ കൊച്ചച്ചന്മാരും ബഹു. സിസ്റ്റേഴ്സും കുടുംബക്കൂട്ടായ്മാ ലീഡേഴ്സും ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുകയു ണ്ടായി. 30 സിസ്റ്റേഴ്സ് 15 ടീമുകളിലായി ഭവനങ്ങൾ സന്ദർശിച്ചു. എസ്.എ.ബി. എസ്, എസ്.എച്ച്, എം.എൽ.എഫ്, എഫ്. സി. സി എന്നി സന്യാസിനി സഭകൾ ഭവന സന്ദർശനങ്ങൾ നടത്തി. റവ. ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി, ഇടവക യിൽ വി. കുർബാനമദ്ധ്യേ ഹോംമിഷന് ഒരുക്കസന്ദേശം നൽകി.

## കടുവാക്കുളം ഇടവകയിൽ കൂട്ടായ്മ ലീഡേഴ്സ് സംഗമം

ജൂൺ 23-ാം തീയതി ഞായറാഴ്ച്ച രാവിലെ കടുവാക്കുളം ലിറ്റിൽ ഫ്ളവർ ഇടവക യിൽ കുടുംബക്കൂട്ടായ്മ നേതൃനിരയിൽ ഉള്ളവർക്ക് അതിരൂപത ഡയറക്ടർ ഫാ. ജെന്നി കായംകുളത്തുശേരി ക്ലാസ് നയിച്ചു. വികാരി ഫാ. വിവേക് കളരിത്തറ, കൺവീനർ ശ്രീ. ജെയിംസ് ചൂരേടിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

## അറിയിപ്പുകൾ

### ജൂലൈ മാസം കെരിഗ്മാ നടക്കുന്ന ഫൊറോനകളും, തീയതികളും

അതിരമ്പുഴ – ജൂലൈ 6, കുടമാളൂർ – ജൂലൈ 13, മണിമല – ജൂലൈ 20, നെടുംകുന്നം– ജൂലൈ 27

### Koottayma Leader's Training Course (K. L. T)

ജൂലൈ മാസത്തിലെ ക്ലാസുകൾ ജൂലൈ 13, 31 തീയതികളിൽ നടക്കുന്നതാണ്. കൃത്യസമയത്തുതന്നെ എത്തിച്ചേരുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

### വചനം ജീവിതവെളിച്ചം -പഠനവിഷയം

പഞ്ചവത്സര ദ്വിതീയവർഷ പഠനവിഷയമായ വചനം ജീവിതവെളിച്ചം എന്ന പ്രസിദ്ധികരണം കുടുംബക്കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്. വില. 50 രൂപ

### ലോഗോസ് ക്വിസ് 2019

*പഠനഭാഗം :* നിയമാവർത്തനം 12 – 21, പ്രഭാഷകൻ 11–17, മത്തായി 19–28, വെളിപാട് 17–22

*പരീക്ഷാ തീയതി:* (രൂപതാതലം) സെപ്റ്റംബർ 29 ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ

രജിസ്ട്രേഷൻ ജൂൺ 1 മുതൽ ജൂലൈ 31 വരെ

*for online registration* www.logosquiz.com

Cont No. 9447776920, 8848492369

### ലോഗോസ് ക്വിസിന് ഒരുങ്ങാൻ മാതൃകാചോദ്യങ്ങളടങ്ങിയ പഠനസഹായി

**പ്രത്യേകതകൾ, നിർദ്ദേശങ്ങൾ**

* ക്വിസിനായി നിർദ്ദേശിച്ചിരിക്കുന്ന ബൈബിൾ ഭാഗങ്ങൾ വായിച്ചശേഷം ഉത്തരം എഴുതുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു.
* ആറ് സെറ്റ് ചോദ്യങ്ങൾ ലോഗോസ് ക്വിസിന്റെ ചോദ്യമാതൃകയിൽ തയ്യാറാക്കിയിരിക്കുന്നു. കൂടാതെ 312 അനുബന്ധചോദ്യങ്ങളും.
* ഇങ്ങനെ 6 സെറ്റ് ചോദ്യങ്ങളും ഉത്തരമെഴുതി പരിശീലിക്കുമ്പോൾ ലോഗോസ് ക്വിസിന് ഏറ്റവും അടുത്ത ഒരുക്കം നടത്താം.
* ഏറ്റവും പ്രധാനപ്പെട്ടത് നിശ്ചിത ബൈബിൾ ഭാഗം ആവർത്തിച്ചു വായിച്ച ശേഷം ഉത്തരങ്ങൾ എഴുതുക എന്നതാണ്.
* വില 40/- രൂപ മാത്രം. കുടുംബക്കൂട്ടായ്മ ഓഫീസിലും സെന്റ് ജോസഫ് ഓർഫനേജ് ബുക്ക്സ്റ്റാളിലും ലഭ്യമാണ്.
* കോപ്പികളുടെ എണ്ണം പറഞ്ഞാൽ ഇടവകകളിൽ എത്തിച്ചു തരുന്നതാണ്. ആവശ്യമുള്ളവർക്ക് അയച്ചുതരുന്നതാണ്.

Cont No. 9447776920, 8848492369

## കുടുംബക്കൂട്ടായ്മാ, ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വചനാധിഷ്ഠിത മത്സരങ്ങൾ

തീയതി : 2019 സെപ്റ്റംബർ 9 തിങ്കൾ. സമയം: രാവിലെ 9:30 മുതൽ

സ്ഥലം : മാർ ജെയിംസ് കാളാശേരി ഇൻഡോർ സ്റ്റേഡിയം

**1. മാതാപിതാക്കൾ** - ബൈബിൾ കഥാപ്രസംഗം - 30 മിനിട്ട് (സ്ക്രിപ്റ്റ് നൽകേണ്ടതാണ്)

ടീമിൽ 3 പേരിൽ കുറയുകയോ, 7 പേരിൽ കൂടുകയോ ചെയ്യാൻ പാടുള്ളതല്ല. സംഗീതോപകരണങ്ങൾ ഉപയോഗിക്കാവുന്നതാണ്. വിഷയം - വി. മത്തായി 19 മുതൽ 28 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്ന്

**2. യുവജനങ്ങൾ** - ബൈബിൾ വചനങ്ങൾ മന:പ്പാഠമാക്കി എഴുതുക (15 നും 30 നും ഇടയിൽ പ്രായമുള്ളവർ) വിഷയം - നിയമാ. 12 മുതൽ 21 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്ന്. വാക്യങ്ങൾ സൂചനയുൾപ്പടെ എഴുതേണ്ടതാണ്. സമയം 20 മിനിറ്റ്

**3. കുട്ടികൾ** - ബൈബിൾ വചനങ്ങൾ മന:പ്പാഠമാക്കി അവതരിപ്പിക്കുക (15 വയസിൽ താഴെയുള്ളവർ) വിഷയം-പ്രഭാഷകൻ 11 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്ന്. വാക്യങ്ങൾ സൂചനയുൾപ്പടെ പറയേണ്ടതാണ്. സമയം 15 മിനിറ്റ്

മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതാണ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ആഗസ്റ്റ് 15-നകം വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ പേരുവിവരങ്ങൾ അതിരൂപതാ കുടുംബക്കൂട്ടായ്മാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

*കുടുംബക്കൂട്ടായ്മ ഓഫീസുമായി ബന്ധപ്പെടേണ്ട നമ്പർ :*
**7306208356, 8547673162**



# ആദരാഞ്ജലികൾ



**സിസ്റ്റർ ജൂലിയ എസ്.ഡി.**
കൊറ്റത്തിൽ, അയർക്കുന്നം
ജനനം : 01.03.1938
മരണം : 18.05.2019

പ്രിയ കുടുംബപ്രേഷിതരേ,

ജൂലൈ മാസം ഒരു ഓർമ്മപ്പെടുത്തലിന്റെ മാസമാണ്. നമ്മെ വിശ്വാസത്തിൽ ജനിപ്പിച്ച നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാനാതിരുനാൾ അനുസ്മരിക്കുന്ന മാസം. നമ്മുടെ വിശ്വാസത്തെയും പാരമ്പര്യങ്ങളെയും അടിവരയിട്ടുറപ്പിക്കേണ്ട കാലം. നമ്മുടെ കുടുംബങ്ങളും സമുദായവുമൊക്കെ ഏറെ വെല്ലുവിളികളിലൂടെ കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ നമുക്കു കൈമാറിക്കിട്ടിയ വിശ്വാസവും പാരമ്പര്യങ്ങളും അതിന്റെ തനിമ നഷ്ടപ്പെടാതെ അഭംഗുരം പാലിക്കുവാനും ചങ്കോടു ചേർത്തുപിടിക്കുവാനും നമ്മുടെ കുഞ്ഞുങ്ങളിലേക്കു കൈമാറാനും മാതാപിതാക്കൾക്കു വലിയ ഉത്തരവാദിത്തമുണ്ട്. ദൈവത്തോടും ദൈവാലയത്തോടുമുള്ള ആഴമേറിയ ബന്ധത്തിലേക്കു കുറേക്കൂടി അടുപ്പിക്കുന്ന വചനവീട് കർമ്മപദ്ധതിയോടു നമുക്കു സഹകരിക്കാം. വചനത്തോടു കൂടുതൽ ബന്ധം പുലർത്തി ആദ്ധ്യാത്മിക നവീകരണത്തിലൂടെ നമുക്കു ദുക്റാനാ തിരുനാളാഘോഷങ്ങളിലൂടെ ഒരുങ്ങാം. വചനവീട് കർമ്മപദ്ധതി പാതി പിന്നിടുമ്പോൾ അതിൽനിന്ന് എത്രത്തോളം ഫലമെടുക്കാൻ കഴിഞ്ഞുവെന്ന് സ്വയം വിലയിരുത്താം. 'ഊർജ്ജിതം' പദ്ധതിയിലൂടെ കുടുംബങ്ങളെയും ഇടവകകളെയും നമുക്കുണർത്താം. യൂണിറ്റ് – ഫൊറോനാ പ്രവർത്തനങ്ങളിലൂടെ വചനവീടുകളായി നമ്മുടെ കുടുംബങ്ങൾ മാറട്ടെ എന്നാശംസിക്കുന്നു.

**ഫാ. മാത്യു അഞ്ചിൽ**
**ഫാ ജോൺസൺ ചാലയ്ക്കൽ**
**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

## 1. 'വചനവീട്' 100 ദിന കർമ്മപദ്ധതി

വചനവീട് നൂറുദിനകർമ്മപദ്ധതി ഇടവകകളിൽ ഭംഗിയായി നടന്നുവരുന്നു. 50 ദിവസം കഴിഞ്ഞതിനാൽ പോരായ്മകൾ വിലയിരുത്തി 9 വിഭാഗത്തിലുമുള്ള കർമ്മപരിപാടികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഫൊറോന ഭാരവാഹികൾ യൂണിറ്റ് സന്ദർശനം നടത്തി ഇടവകയുടെ പുരോഗതി വിലയിരുത്തണം.

## 2. സമ്മാനകൂപ്പൺ പദ്ധതി

സമ്മാനകൂപ്പൺ പദ്ധതിയിലൂടെ ഫണ്ട് കളക്ട് ചെയ്യുവാൻ ലഭിക്കുന്ന അവസരം നഷ്ടപ്പെടുത്തരുത്. ജൂലൈമാസം 12-ാം തീയതി കൂപ്പൺ കൗണ്ടർ ഫോയിലും ഫണ്ടും ഫൊറോന ആനിമേറ്ററെ ഏൽപ്പിക്കേണ്ടതും ഫൊറോന ആനിമേറ്റർ അത് അതിരൂപത ഓഫീസിൽ യഥാസമയം ഏൽപ്പിക്കേണ്ടതുമാണ്. യൂണിറ്റുകളിൽ ഏൽപ്പിച്ചിരിക്കുന്ന കൂപ്പണുകൾ അല്പം ത്യാഗം സഹിച്ചാണെങ്കിലും പൂർണ്ണമായും ചിലവഴിക്കണം.

## 3. ലോക പിതൃദിനം

ലോക പിതൃദിനം ജൂൺ 16-ാം തീയതി ഞായറാഴ്ച അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ആലപ്പുഴ ഫൊറോന സമിതിയുടെ പൂർണ്ണ സഹകരണത്തിൽ

നടത്തപ്പെടുകയുണ്ടായി. ആലപ്പുഴ ഫൊറോനയിലെ കൈതവന വിമലഹൃദയപള്ളി പാരിഷ് ഹാളിൽ അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്യുകയും പിതൃദിന സന്ദേശം നൽകുകയും ചെയ്തു. അതിരൂപത പിതൃവേദി പ്രസിഡന്റ് ലാലി ഇളപ്പുങ്കൽ അദ്ധ്യക്ഷനായിരുന്നു. ഫൊറോനാവികാരി ഫാ. ഫിലിപ്പ് തയ്യിൽ അതിരൂപത ഡയറക്ടർ ഫാ. ജോസ് മുകളേൽ, അസി. ഡയറക്ടർമാരായ ഫാ. ജോൺസൺ ചാലയ്ക്കൽ, ഫാ. റ്റിജോ പുത്തൻപറമ്പിൽ, ഫാ. അലക്സ് പാറപ്പുറം, ഫാ. തോമസ് താന്നിയത്ത് അതിരൂപത ഭാരവാഹികളായ ചെറിയാൻ നെല്ലുവേലി, റോയി പി. വേലികെട്ടിൽ, ജോസഫ് വർഗ്ഗീസ്, മാതൃവേദി പ്രസിഡന്റ് ആൻസി മാത്യു, സെക്രട്ടറി മായാ ജോയി എന്നിവർ പ്രസംഗിച്ചു. അതിരൂപത പിതൃദിന പുരസ്ക്കാരത്തിന് അർഹരായ ഡോ. റൂബിൾ രാജ്, ശ്രീ. യേശുദാസ് ഉമിക്കുപ്പയിൽ, ശ്രീ. ആന്റണി ഡൊമിനിക്ക് എന്നിവർക്ക് അഭിവന്ദ്യ പിതാവ് അവാർഡ് നൽകി ആദരിച്ചു. 50 വയസിൽ താഴെ പ്രായമുള്ള പിതൃവേദി അംഗങ്ങളിൽ 5 മക്കളിൽ കൂടുതൽ ഉള്ള 9 കുടുംബങ്ങളെ പ്രത്യേകം ആദരിച്ചു. സമ്മേളനത്തിൽ 650-ൽ അധികം പിതൃവേദി അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റുകളിലും ലോകപിതൃദിന സമ്മേളനങ്ങൾ നടന്നു.

## 4. പ്രതിഷേധ സമ്മേളനം

കേരള ലളിതകലാ അക്കാദമി അവാർഡ് നൽകി ആദരിച്ച കാർട്ടൂൺ ക്രൈസ്തവസഭയേയും വി. കുരിശിനേയും അവഹേളിക്കുന്നതാണ് എന്നതിൽ അതിരൂപത സമിതി ശക്തമായി പ്രതിഷേധിച്ചു. പ്രതിഷേധ സമരത്തിന്റെ ഭാഗമായി കൈതവന പള്ളിയിൽനിന്നും ആരംഭിച്ച പ്രതിഷേധറാലിയിൽ സ്ത്രീകൾ അടക്കം അനേകം ആളുകൾ പങ്കെടുത്തു. പ്രതിഷേധറാലിയിലും കളർകോഡ് ജംഗ്ഷനിൽ നടന്ന പ്രതിഷേധ സമ്മേളനത്തിലും അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സന്ദേശം നൽകി.

## 5. ഊർജിതം 2019

ഉണർവ്വ് 2019 അതിരൂപത ഭാരവാഹികളുടെ ഫൊറോന സന്ദർശനത്തിനു ശേഷം രണ്ടാംഘട്ടസന്ദർശനമാണ് ഊർജിതം-2019. ആദ്യസമ്മേളനം തൃക്കൊടിത്താനം ഫൊറോനയിൽ അതിരൂപത ഡയറക്ടർ ഫാ. ജോസ് മുകളേൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റുമാരായ ലാലി ഇളപ്പുങ്കൽ, ആൻസി മാത്യു, അതിരൂപതാ ട്രഷറർ സോണിയ ജോർജ്, പുതിയ ഫൊറോന ഡയറക്ടർ ഫാ. മാത്യു ഊഴിക്കാട് എന്നിവർ പങ്കെടുത്തു. ഊർജിതം - 2019 ചങ്ങനാശേരി ഫൊറോന സമ്മേളനം ജൂൺ 30-ാം തീയതി 3:00 മണിക്ക് കത്തീഡ്രൽ പാരിഷ് ഹാളിലും തുരുത്തി ഫൊറോന സമ്മേളനം ജൂലൈ 14 ഞായറാഴ്ച 3:00 ന് തുരുത്തി ഫൊറോന പള്ളി പാരിഷ് ഹാളിലും നടക്കുന്നതാണ്.

## 6. മുതിർന്ന മാതാപിതാക്കളുടെ സമ്മേളനം

മുതിർന്ന മാതാപിതാക്കളുടെ കോട്ടയം ഫൊറോന സമ്മേളനം കോട്ടയം ലൂർദ്ദ് ഫൊറോന പള്ളി പാരിഷ്ഹാളിൽ ജൂൺ 23-ാം തീയതി നടന്നു. ഫൊറോന വികാരി ഡോ. ജോസഫ് മണക്കളം സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ആന്റണി കാട്ടൂപ്പാറ, ഫാ. ജിസൺ പോൾ വേങ്ങാശ്ശേരി, ഫൊറോന പ്രസിഡന്റുമാരായ എ.പി. തോമസ്, രഞ്ജിനി മാത്യു എന്നിവർ പ്രസംഗിച്ചു.

## 7. നേതൃസമ്മേളനം

പുളിങ്കുന്ന് ഫൊറോന നേതൃത്വസംഗമവും പഠനക്ലാസും മാമ്പുഴക്കരി ലൂർദ്ദ് മാതാ പള്ളിയിൽ നടന്നു. ചമ്പക്കുളം ഫൊറോന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വെള്ളാമത്തറ ക്ലാസ് നയിച്ചു. ഫൊറോന പ്രസിഡന്റുമാരായ ജോജി സഖറിയ, രഞ്ജിനി തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## 8. തിരുബാലസഖ്യസമ്മേളനവും യുവദമ്പതിസംഗമവും

ചങ്ങനാശേരി ഫൊറോന തിരുബാലസഖ്യസമ്മേളനവും യുവദമ്പതിസംഗമവും ജൂൺ 22-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കത്തീഡ്രൽ പാരിഷ്ഹാളിൽ നടന്നു. സമ്മേളനം അതിരൂപത ഡയറക്ടർ ഫാ. ജോസ് മുകളേൽ ഉദ്ഘാടനം ചെയ്തു. ഫാ. മാത്യു മറ്റം, ഫാ. ഡോ. ജേക്കബ് കോയിപ്പള്ളി, ഫാ. വർഗ്ഗീസ് കിളിയാട്ടുശ്ശേരിൽ, അഡ്വ. ജോതി മാത്യു, ചെറിയാൻ നെല്ലുവേലി, റ്റോമിച്ചൻ കാവാലം എന്നിവർ നേതൃത്വം നൽകി.

കാർട്ടൂൺ അവാർഡ് നൽകി ക്രൈസ്തവ സഭയെ അവഹേളിച്ചതിൽ പ്രതിഷേധസൂചകമായി ചങ്ങനാശേരി ഫൊറോന നേതൃസമിതി കാർട്ടൂൺ കത്തിച്ച് പ്രതിഷേധിച്ചു. റീജണൽ കോർഡിനേറ്റർ ലാലിമ്മ ടോമി പ്രതിഷേധപരിപാടികൾക്ക് നേതൃത്വം നൽകി.

## 9. നവോമി സംഗമം

ആലപ്പുഴ ഫൊറോന നവോമി സംഗമം സംഘടിപ്പിച്ചു. ആലപ്പുഴ ആറാട്ടുവഴി സെന്റ് ജോസഫ് ദൈവാലയത്തിൽ നടന്ന സംഗമം ഫൊറോന ഡയറക്ടർ ഫാ. തോമസ് താന്നിയത്ത് ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന പഠനക്ലാസുകൾക്ക് ശ്രീമതി ബീനാ ജോസഫ് നേതൃത്വം നൽകി. പ്രസ്തുത പരിപാടികൾക്ക് റോയി പി. വേലികെട്ടിൽ, ഡയാന ജോയിക്കുട്ടി, തോമസ് കുറ്റേൽ എന്നിവർ നേതൃത്വം നൽകി.

## 10. നേതൃസംഗമവും പരിസ്ഥിതി ദിനാചരണവും

ജൂൺ 5-ാം തീയതി നെടുങ്കുന്നത്തുവച്ച് നേതൃസംഗമവും പരിസ്ഥിതിദിനാചരണവും നടത്തി. ഫൊറോനാ ഡയറക്ടർ റവ. ഫാ. സിറിയക്ക് വലിയപറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. പരിസ്ഥിതി ദിനാചരണത്തിന്റെ ഉദ്ഘാടനം ഫൊറോന വികാരി റവ. ഫാ. ജേക്കബ് അഞ്ചുപങ്കിൽ ഫൊറോനാ ഭാരവാഹികൾക്ക് വൃക്ഷതൈ നല്കിക്കൊണ്ട് നിർവ്വഹിച്ചു.

### വിവാഹ ഒരുക്ക ധ്യാനം

| JULY 2019 | | AUGUST 2019 | | SEPTEMBER 2019 | |
|---|---|---|---|---|---|
| 1, 2, 3 | Zion | 5, 6, 7 | Chry | 2, 3, 4 | Zion |
| 8, 9, 10 | Zion | 19, 20, 21 | Zion | 9, 10, 11 | Zion |
| 22, 23, 24 | Chry | | | 20, 21, 22 | Chry |

## 15-ാമതു നിരണം തീർത്ഥാടനം 2019 ജൂലൈ 7 ഞായർ

ചങ്ങനാശേരി അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം ന്റെ നേതൃത്വത്തിൽ നടത്തുന്ന 15-ാമതു നിരണം തീർത്ഥാടനം 2019 ജൂലൈ 7-ന് ഞായറാഴ്ച നടത്തുന്നു. രാവിലെ 8:30 ന് മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത നിരണം തീർത്ഥാടനം ചങ്ങനാശേരി കത്തീഡ്രൽ ദൈവാലയത്തിലെ പൂർവ്വപിതാക്കന്മാരുടെ കബറിടത്തിൽനിന്നും, അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിക്ക് കത്തിച്ചതിരിയും, ഡെപ്യൂട്ടി പ്രസിഡന്റ് സീനാമോൾ ചെറിയാന് യുവദീപ്തി പതാകയും നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്യും. തീർത്ഥാടനം നിരണത്തെത്തിക്കഴിയുമ്പോൾ അഭിവന്ദ്യ പിതാവ് വചനസന്ദേശം നൽകും. തുടർന്ന് മാർ തോമസ് തറയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബാന അർപ്പിക്കും. ഫാ. ജേക്കബ് ചക്കാത്ര സഹകാർമ്മികനായിരിക്കും. തീർത്ഥാടകർക്കെല്ലാം നേർച്ചഭക്ഷണം നല്കുന്നതാണ്.

## കൈത്തിരി 2K19

സ്കൂൾ തുറക്കുന്നതിനോടനുബന്ധിച്ച് അതിരൂപതാ യുവദീപ്തി - SMYM, കോർപ്പറേറ്റ് സ്കൂളുകളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, സ്കൂളുകളെ തെരഞ്ഞെടുത്ത് അവിടുത്തെ കുട്ടികൾക്ക് പഠനോപകരണങ്ങൾ ജൂൺ 1-ന് വിതരണം ചെയ്തു. 'കൈത്തിരി 2K19' ന്റെ ഔദ്യോഗിക ഉദ്ഘാടനം കുറുമ്പനാടം പുളിയാംകുന്ന് ഹോളിഫാമിലി സ്കൂളിൽ അതിരൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നിർവ്വഹിച്ചു. പ്രസിഡന്റ് ഷിജോ മാത്യു ഇടയാടി അദ്ധ്യക്ഷതവഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, സ്കൂൾ മാനേജർ ഫാ. ഗ്രിഗറി നടുവിലേഴം, പഞ്ചായത്ത് പ്രസിഡന്റ് ലൈസാമ്മ മുളവന, വാർഡ് മെമ്പർ മോളി ജോൺ, ഹെഡ്മിസ്ട്രസ് ഗ്രേസ്മോൾ മാത്യു, സീനാമോൾ മാത്യു, ജസ്റ്റിൻ മഞ്ചേരിക്കളം, ലാലിച്ചൻ മറ്റത്തിൽ, ബ്രദർ ജേക്കബ്കുട്ടി, ഡിലോ ദേവസ്യ, റോസ് മരിയാ സെബാസ്റ്റ്യൻ, ജോസ്ന ജോസഫ്, സിനോയി മാത്യു, ജോസഫ് ജെയിംസ്, എത്സാ ബിജു എന്നിവർ പ്രസംഗിച്ചു.

## സെനറ്റ് യോഗം

അതിരൂപതാ യുവദീപ്തി-SMYM ന്റെ 2019 പ്രവർത്തനവർഷത്തിലെ രണ്ടാമതു സെനറ്റ് യോഗം ജൂൺ 2-ന് പാസ്റ്ററൽ സെന്ററിൽ കൂടി. വരുംമാസങ്ങളിലേയ്ക്കുള്ള പ്രവർത്തനപരിപാടികൾക്ക് അന്തിമരൂപം നല്കി.

## തണൽ 2K19

ലോക പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി ജൂൺ 5-ാം തീയതി യുവദീപ്തി-SMYM അതിരൂപതയിലെ എല്ലാ യൂണിറ്റുകളിലും ഫൊറോനാകളിലും അതിരൂപതാ തലത്തിലും പരിസ്ഥിതിദിനാചരണം വിപുലമായ പരിപാടികളോടെ നടത്തി. അന്നേദിവസം യൂണിറ്റുകളിൽ പരിസ്ഥിതി സെമിനാറുകൾ, ചർച്ചാക്ലാസുകൾ, വൃക്ഷതൈ വിതരണം, വൃക്ഷതൈ നടീൽ, എന്നിവയെല്ലാം നടത്തി.

ഈ വർഷത്തെ പ്രധാനപ്പെട്ട വിഷയം മാലിന്യസംസ്ക്കരണം ആയിരുന്നു. അതിരൂപതാതലത്തിൽ ചങ്ങനാശേരി ബൈപാസിന്റെ വശങ്ങളിലെ മാലിന്യം സംസ്ക്കരിക്കുകയും റോഡിന്റെ വശങ്ങളിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തു.

## ആന്റപ്പൻ അമ്പിയായം പരിസ്ഥിതിപ്രസംഗമത്സരം

പ്രസിദ്ധ പരിസ്ഥിതി പ്രവർത്തകനും എടത്വാ ഫൊറോനാ മുൻ പ്രസിഡന്റുമായിരുന്ന ആന്റപ്പൻ അമ്പിയായത്തിന്റെ പേരിൽ നടത്തുന്ന പരിസ്ഥിതി പ്രസംഗമത്സരം ജൂൺ 8 ന് ശനിയാഴ്ച സന്ദേശനിലയം ഹാളിൽ നടത്തി.

## തുരുത്തി ഫൊറോനാ പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ് 'Ignite 2K19'

തുരുത്തി ഫൊറോനായുടെ പ്രാർത്ഥനാപഠനപരിശീലനക്യാമ്പ് "Ignite 2K19" ജൂൺ 7, 8, 9 തീയതികളിൽ 'കാനാ' സെന്ററിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ഡയോൺ റോയിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ കാനാ സെന്ററിന്റെ ഡയറക്ടർ റവ. ഡോ. ജോസഫ് കൊച്ചുതറ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ക്യാമ്പ് സന്ദർശിച്ച് സന്ദേശം നൽകി. വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ക്യാമ്പ് സന്ദർശിച്ചു. ഫാ. ഗ്രിഗറി മേപ്പുറം മാർഗ്ഗനിർദ്ദേശ പ്രസംഗ നടത്തി. സിസ്റ്റർ ബീനാ C.M.C.ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഫാ. ജിനോ പുന്നമറ്റം, ഫാ. ജെയിംസ് അത്തിക്കളം, ഫാ. ജേക്കബ് ചക്കാത്തറ, ഷിജോ മാത്യു ഇടയാടി എന്നിവർ ക്ലാസുകൾ നയിച്ചു. അതിരൂപതാ ഡപ്യൂട്ടി പ്രസിഡന്റ് സീനാമോൾ ചെറിയാൻ, സെനറ്റംഗം അജയ് വർഗ്ഗീസ് എന്നിവർ ക്യാമ്പ് ചീഫുമാരായി പ്രവർത്തിച്ചു.

## ചങ്ങനാശേരി ഫൊറോനാ ക്യാമ്പ് - 'Ignite-2K19'

ചങ്ങനാശേരി ഫൊറോനായുടെ ഈ വർഷത്തെ പ്രാർത്ഥനാപഠനപരിശീലന ക്യാമ്പ് ജൂൺ 7, 8, 9 തീയതികളിൽ ഫാത്തിമാപുരം S.H. ഹയർസെക്കണ്ടറി സ്കൂളിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ജയ്സൺ സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, ഷാരോൺ ദേവസ്യാ, രേഷ്മാ ദേവസ്യാ, ടോണി തോമസ് എന്നിവർ പ്രസംഗിച്ചു. ഫാ. സിജോ ചേന്നാട്ട്, ഫാ. ജെയിംസ് അത്തിക്കളം, ജിൻസ് പാറയ്ക്കൽ, ഫാ. ജെന്നി കായംകുളത്തുശ്ശേരി, ഷിജോ ഇടയാടി എന്നിവർ ക്ലാസുകൾ നയിച്ചു. ബ്രദർ ജേക്കബ്കുട്ടി, റോസ് മരിയ സെബാസ്റ്റ്യൻ എന്നിവർ ക്യാമ്പ് നയിച്ചു

## വി. തോമസ് മൂർ ദിനാചരണം (സ്വർഗ്ഗീയമദ്ധ്യസ്ഥദിനം -'സ്മൃതി -19')

ചങ്ങനാശേരി അതിരൂപതാ യുവദീപ്തി - എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ 2019 ജൂൺ 23-ന് ഞായറാഴ്ച തൃക്കൊടിത്താനം ഫൊറോനായിൽ വി. തോമസ് മൂർ ദിനാചരണം 'സ്മൃതി-19' വിപുലമായ പരിപാടികളോടെ നടത്തി. ഉച്ചയ്ക്കുശേഷം 2:30 ന് ഫൊറോനാ പ്രസിഡന്റ് സൈമൺ തോമസ് പതാക ഉയർത്തിക്കൊണ്ട് ദിനാചരണ പരിപാടികൾ സമാരംഭിച്ചു. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപതാ പ്രൊക്യുറേറ്റർ വെരി. റവ. ഫാ. ചെറിയാൻ കാരിക്കൊ

മ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. നവജീവൻ ട്രസ്റ്റ് ചെയർമാൻ പി.യു. തോമസ്, അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, ഫൊറോനാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ മാമ്പറ, ഡെപ്യൂട്ടി പ്രസിഡന്റ് സീനാമോൾ ചെറിയാൻ, അതിരൂപതാ ജന. സെക്രട്ടറി ജസ്റ്റിൻ മഞ്ചേരിക്കളം എന്നിവർ പ്രസംഗിച്ചു. റോസ്മരിയ സെബാസ്റ്റ്യൻ (കെ.സി.വൈ.എം. സെനറ്റ് മെമ്പർ), വി. തോമസ് മൂറിന്റെ ജീവചരിത്രം അവതരിപ്പിച്ചു. വൈസ് പ്രസിഡണ്ട് ജോസ്ന ജോസഫ് കൃതജ്ഞത അർപ്പിച്ചു. തൃക്കൊടിത്താനം ഫൊറോനായിലെ യൂണിറ്റുകൾ വിവിധതരത്തിലുള്ള കലാപരിപാടികൾ അവതരിപ്പിച്ചു. ഫൊറോനാ ഡെപ്യൂട്ടി പ്രസിഡന്റ് എലിസബത്ത് ചാക്കോ പതാകതാഴ്ത്തൽ കർമ്മം നിർവ്വഹിച്ചു.

## അതിരമ്പുഴ ഫൊറോനാ ക്യാമ്പ് - 'Ignite 2K19'

ജൂൺ 14, 15, 16 തീയതികളിലായി അതിരമ്പുഴ ഫൊറോനായുടെ പ്രാർത്ഥനാപഠന പരിശീലനക്യാമ്പ് പേരൂർ കാസാ മരിയ സെന്ററിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ബോണി ലിയോ തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരമ്പുഴ ഫൊറോനാ വികാരി വെരി റവ. ഡോ. ജോസഫ് മുണ്ടകത്തിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ സന്ദേശം നൽകി. അതിരൂപതാ പ്രസിഡന്റ് സിജോ മാത്യു, ഫാ. ജേക്കബ് ചക്കാത്ര, സിജി ആന്റണി എന്നിവർ ക്ലാസുകൾ നയിച്ചു. സ്നേഹ ബെന്നി, അരുൺ ഷോണിച്ചൻ, സാജൻ സി.ഡി., അലൻ ജോസഫ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ബ്രദർ ജേക്കബ്കുട്ടി, അജയ് വർഗ്ഗീസ്, റോഷ്നി സെബാസ്റ്റ്യൻ എന്നിവർ ക്യാമ്പ് ചീഫുമാരായി പ്രവർത്തിച്ചു.

## ജൂലൈ മാസത്തെ പരിപാടികൾ

| | | |
|---|---|---|
| ജൂലൈ | 03 | ദുക്റാനതിരുന്നാൾ |
| ,, | 07 | 15-ാമതു നിരണം തീർത്ഥാടനം. കത്തീഡ്രൽ ദൈവാലയത്തിൽനിന്നും രാവിലെ 8:30 ന് ആരംഭിക്കുന്നു. |
| ,, | 12,13,14 | 'Ignite 2K19' ക്യാമ്പ് - കുടമാളൂർ (പ്രാർത്ഥനാപഠന പരിശീലന ക്യാമ്പ്) |
| ,, | 20 | അർദ്ധവാർഷിക സെനറ്റ് |
| ,, | 26,27,28 | പ്രാർത്ഥനാപഠനപരിശീലനക്യാമ്പ് ('Ignite 2K19') |

## എഴുത്തുപരീക്ഷ

ചങ്ങനാശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിലേക്ക് അദ്ധ്യാപകരെ തിരഞ്ഞെടുക്കുന്നതിനുള്ള എഴുത്തുപരീക്ഷ 2019 സെപ്റ്റംബർ 14-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ ചങ്ങനാശേരി എസ്.ബി. ഹയർ സെക്കൻഡറി സ്കൂളിൽ നടത്തുന്നു. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2019 ആഗസ്റ്റ് 31 ശനി.

പ്രിയ കെ.സി.എസ്.എൽ. കൂട്ടുകാരേ,

കെ.സി.എസ്.എൽ.പ്രവർത്തനങ്ങൾ യൂണിറ്റുകളിൽ സജീവമായി എന്നു കരുതുന്നു. നല്ല നേതൃത്വവും, പ്രവർത്തനങ്ങളുമായി ഈശോയ്ക്കും ഏവർക്കും പ്രിയങ്കരരായി വളരാൻ നമ്മുടെ സംഘടയ്ക്ക് ഇടയാകട്ടെ.

ഈ വർഷത്തെ സ്റ്റേറ്റ് ലെവൽ ആനിമേറ്റേഴ്സ് കോൺഫ്രൻസ് ജൂൺ 8 ന് POCൽ നടത്തപ്പെട്ടു. ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നും ജെമിൻ ജെ. വരാപ്പള്ളി സ്റ്റേറ്റ് എക്സിക്യൂട്ടിവായി തെരഞ്ഞെടുക്കപ്പെട്ടു. സാറിന് എല്ലാവിധ ആശംസകളും.

ഈ വർഷത്തെ നേതൃത്വപരിശീലന ക്യാമ്പ് എസ്.ബി ഹയർ സെക്കണ്ടറി സ്കൂളിൽ ജൂൺ 21, 22,23 തീയതികളിൽ നടത്തപ്പെട്ടു. 250 കെ.സി.എസ്.എൽ. അംഗങ്ങൾ പങ്കെടുത്ത ക്യാമ്പ് സെന്റ് ജോസഫ് പ്രസ്സ് മാനേജർ റവ. ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ക്യാമ്പ് സന്ദർശിച്ച് സന്ദേശം നൽകി. അതിരൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ ഭാരവാഹികൾക്കും അഭിനന്ദനങ്ങളും, വിജയാശംസകളും നേരുന്നു.

## അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനവും പ്രതിഭാസംഗമവും

2018-19 അദ്ധ്യായന വർഷത്തെ സംഘടനയുടെ പ്രവർത്തനങ്ങൾ, 2019 ജൂൺ 28-ാംതിയതി ചങ്ങനാശേരി എസ്.ബി.സ്കൂളിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപത കെ.സി.എസ്.എൽ. മാർഗ്ഗരേഖയുടെ പ്രകാശനവും വിവിധ സ്കൂളുകളിൽ മികച്ച വിജയം നേടിയ ഒരു കെ.സി.എസ്.എൽ.അംഗത്തെ ആദരിക്കുന്ന ചടങ്ങും നിർവ്വഹിക്കപ്പെട്ടു.

## അൽഫോൻസാ ക്വിസ്

ഈ വർഷത്തെ അൽഫോൻസാ ക്വിസ് മത്സരം ജൂലൈ 27 ന് ചങ്ങനാശേരി സെന്റ് ആൻസ് ജി.എച്ച്.എസിൽ നടത്തപ്പെടുന്നു. യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്. എന്നീ വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരം ഉണ്ടായിരിക്കുന്നതാണ്. ഓരോ സെക്ഷനിൽ നിന്നും 2 പേർ അടങ്ങുന്ന രണ്ടു ടീമുകൾക്ക് പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ. ഫോൺ: 7306157185.

## പഠനവിഷയം

1. അൽഫോൻസാമ്മയുടെ ജീവചരിത്രം സ്നേഹബലി )....... 35%
2. വചനം ജീവിത വെളിച്ചം (പേജ് 1 - 61) ....... 15%
3. വിശുദ്ധി വിരിയുന്ന കൗമാരം ....... 25%
4. കെ.സി.എസ്.എൽ. ചരിത്രം ....... 25%

മാർഗ്ഗരേഖയും പഠനഗ്രന്ഥങ്ങളേയും ആധാരമാക്കി കർമ്മപദ്ധതികൾ ആവിഷ്കരിക്കാനും കുട്ടികളെ പങ്കെടുപ്പിക്കാനും ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. എവർക്കും ദൈവാനുഗ്രഹങ്ങൾ നിറഞ്ഞ ഒരു പ്രവർത്തന വർഷം ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ

## അതിരൂപതാ നേതൃയോഗം

കത്തോലിക്കാ കോൺഗ്രസിന്റെ അതിരൂപത നേതൃയോഗം (അതിരൂപത എക്സിക്യൂട്ടീവ്, ഫൊറോനാ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, സംസ്ഥാന പ്രതിനിധി സഭാംഗങ്ങൾ) 2019 ജൂൺ 9 ഞായറാഴ്ച നടന്നു. കത്തോലിക്കാ കോൺഗ്രസിൽ പരമാവധി അംഗങ്ങളെ ചേർക്കുവാനും എല്ലാ യൂണിറ്റുകളും സന്ദർശിക്കുവാനും യോഗം തീരുമാനിച്ചു. 2019 ജൂലൈ 1 നു മുമ്പായി എല്ലാ ഫൊറോനകളിലും യൂണിറ്റ് ഭാരവാഹികളുടെ യോഗം വിളിച്ചുകൂട്ടുവാനും 2019 ജൂലൈ 14 നു അതിരൂപതയുടെ നേതൃത്വത്തിൽ മാധ്യമസമിതിയുടെയും യൂണിറ്റ് ഭാരവാഹികളുടെയും സമ്മേളനം ചങ്ങനാശേരിയിൽ നടത്തുവാനും തീരുമാനിച്ചു. ഓഗസ്റ്റ് 15-ാം തീയതി ഫൊറോനാ സമിതികളുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യസ്മൃതിസംഗമം നടത്തുവാൻ തീരുമാനിച്ചു. പ്രസിഡന്റ് വർഗീസ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, ഡയറക്ടർ ഫാ. ജോസ് മുകളേൽ, ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ട്രഷറർ സിബി മുക്കാടൻ എന്നിവർ പ്രസംഗിച്ചു.

## പ്രതിഷേധ കുറ്റവിചാരണ

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ കേരള ലളിതകലാ അക്കാദമിയുടെ ക്രൈസ്തവ വിരുദ്ധ നിലപാടുകൾക്കെതിരെയും മതനിന്ദ പ്രോത്സാഹിപ്പിച്ചിരുന്ന കാർട്ടൂണിന് അവാർഡ് നല്കിയതിനെതിരെയും, 2019 ജൂൺ 18 ചൊവ്വാഴ്ച പകൽ 11 മണിക്ക് കോട്ടയം ഗാന്ധി സ്ക്വയറിൽ പ്രതിഷേധ കുറ്റവിചാരണ നടത്തി. പ്രതിഷേധ കുറ്റവിചാരണ കത്തോലിക്കാ കോൺഗ്രസ് അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണി ഉദ്ഘാടനം ചെയ്തു. അതിരൂപത വൈസ് പ്രസിഡന്റ് സൈബി അക്കരയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ട്രഷറർ സിബി മുക്കാടൻ, ജോയി പാറപ്പുറം, ജോർജുകുട്ടി മുക്കത്ത്, ടോണി ജെ. കോയിത്തറ, ആനീസ് ജോർജ് എന്നിവർ പ്രസംഗിച്ചു.

| | | |
|---|---|---|
| **വർഗീസ് ആന്റണി** | **ഫാ. ജോസ് മുകളേൽ** | **രാജേഷ് ജോൺ എൻ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജനറൽ സെക്രട്ടറി) |

ബഹു. അച്ചാ/സുഹൃത്തേ,

ചാസിൽനിന്നും ആശംസകൾ !!!

പ്രവർത്തന വർഷത്തിന്റെ ആദ്യപാദം പിന്നിട്ടിരിക്കുകയാണല്ലോ. യൂണിറ്റ് ഭാരവാഹികളുടെ സംഗമം (June 5) അടുത്ത മൂന്നുവർഷക്കാലത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ രൂപരേഖയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. ചാസിന്റെ സാമൂഹ്യാധിഷ്ഠിത സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണനനൽകിക്കൊണ്ടായിരിക്കും നമ്മൾ മുന്നേറുക. ആദ്യപടിയെന്ന നിലയ്ക്ക് സ്വാശ്രയസംഘം ലീഡേഴ്സിന്റെ പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ജൂലൈമാസം പൂർത്തിയാക്കാനാവും. ഇതിനോടകം കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിനുള്ള ട്രെയിനിംഗ് നടത്തുകയുണ്ടായി. ജൂലൈ മാസം എല്ലാ മേഖലകളിലും PME നടത്തി പദ്ധതികൾ നടപ്പാക്കാനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. 'ഹരിതഭൂമി 2019-22' പദ്ധതിയിൽ മാലിന്യസംസ്ക്കരണം, ജലസംരക്ഷണം, ജൈവകൃഷി തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നല്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമായി ആവിഷ്ക്കരിച്ച് നടപ്പാക്കണം.

തൊഴിൽ പരിശീലനവും, ബോധവത്ക്കരണ യജ്ഞവും, കർമ്മപദ്ധതികളും ആത്യന്തികമായി നമ്മുടെ ജനകീയ സംവിധാനങ്ങളെ ശക്തിപ്പെടുത്തി സമൂഹത്തിന്റെ സുസ്ഥിര വികസനത്തിന് പ്രോത്സാഹനം നൽകണം. സമർപ്പണബോധത്തോടെയുള്ള കൂട്ടായ പ്രയത്നത്തിലൂടെ മാത്രമേ ഇത് സാധ്യമാകൂ. കർമ്മപരിപാടികളുമായി ഏവരും നിർലോപം സഹകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## അറിയിപ്പുകൾ

### 2019 ജൂലൈ മാസത്തെ പ്രധാന പൊതുപരിപാടികൾ

| *തീയതി* | *പരിപാടി* | *സ്ഥലം* |
|---|---|---|
| ജൂലൈ 01 | കുട്ടനാടൻ കർഷകസമിതി | ചാസ് കേന്ദ്രഓഫീസ് |
| ജൂലൈ 16 | ആശാകിരണം-കാൻസർ ബോധവത്ക്കരണം | ചമ്പക്കുളം |
| ജൂലൈ 18 | സ്വാശ്രയസംഘ സംഗമം | കൊണ്ടാക്കൽ |
| ജൂലൈ 22 | കെയർ എ ഫാമിലി-ഗുണഭോക്തൃസംഗമം | ചാസ് കേന്ദ്രഓഫീസ് |

### മേഖലാ PME

| *തീയതി* | *മേഖല* | *തീയതി* | *മേഖല* |
|---|---|---|---|
| ജൂലൈ 4 | ആലപ്പുഴ | ജൂലൈ 5 | ചമ്പക്കുളം |
| ജൂലൈ 6 | ചങ്ങനാശ്ശേരി | ജൂലൈ 9 | അതിരമ്പുഴ |

| | | | |
|---|---|---|---|
| ജൂലൈ 11 | കോട്ടയം | ജൂലൈ 12 | എടത്വ |
| ജൂലൈ 13 | അമ്പൂരി | ജൂലൈ 16 | പുളിംകുന്ന് |
| ജൂലൈ 18 | കുടമാളൂർ | ജൂലൈ 20 | കൊല്ലം |
| ജൂലൈ 22 | കുറുമ്പനാടം | ജൂലൈ 23 | തൃക്കൊടിത്താനം |
| ജൂലൈ 26 | കുടമാളൂർ | ജൂലൈ 27 | മണിമല |
| ജൂലൈ 30 | തുരുത്തി | | |

## സംഘതരംഗം 2019-22 (SHG ലീഡേഴ്സ് ട്രെയിനിംഗ്)

| *തീയതി* | *മേഖല* | *തീയതി* | *മേഖല* |
|---|---|---|---|
| ജൂലൈ 02 | എടത്വാ | ജൂലൈ 08 | കുടമാളൂർ |
| ജൂലൈ 09 | കുറുമ്പനാടം | ജൂലൈ 12 | ചങ്ങനാശ്ശേരി |
| ജൂലൈ 13 | അമ്പൂരി | ജൂലൈ 20 | കൊല്ലം |
| ജൂലൈ 25 | തുരുത്തി | | |

### കമ്മ്യൂണിറ്റി ഓർഗ്ഗനൈസർക്ക് മെഡിക്കൽ ഇൻഷുറൻസ് പദ്ധതി

ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനിയുടെ സഹകരണത്തോടെ ചാസ് നടപ്പിലാക്കിവരുന്ന ഫാമിലി ഇൻഷുറൻസ് പദ്ധതിയിൽ കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാരെ ഉൾപ്പെടുത്താൻ യൂണിറ്റ് എക്സിക്യൂട്ടീവ് സമിതി നടപടി സ്വീകരിക്കേണ്ടതാണ്. ഇൻഷുറൻസ് പ്രീമിയം (Rs. 1000/) തുകയുടെ പകുതി ചാസും (Rs. 500/) പകുതി (Rs. 500/) യൂണിറ്റും നൽകുന്ന ക്രമീകരണമാണ് ചെയ്തിട്ടുള്ളത്. 2019 ജൂലൈ 30 നകം പുതിയ അംഗത്വം സ്വീകരിക്കുന്നതിനും നിലവിലുള്ള അംഗങ്ങളെ പുതുക്കുന്നതിനും സൗകര്യം ഉണ്ടായിരിക്കും.

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2019 ജൂൺ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 417. ത്രേസ്യാമ്മ ദേവസ്യ ഇടമനത്തറ | സ്നേഹദീപം | കോയിൽമുക്ക് | എടത്വാ |
| 418. പി.സി. ജോസഫ് പാത്രപാങ്കൽ | മരിയൻ | കൂരോപ്പട | കോട്ടയം |
| 419. എൽസമ്മ ജോസഫ് കാട്ടിപ്പറമ്പ് | നവോദയ | മുഹമ്മ | ആലപ്പുഴ |
| 420. കൊച്ചുറാണി പോളയ്ക്കൽ | മരിയ | കാവാലം, | |
| | സെന്റ് തെരേസാസ്, പുളിംകുന്ന് | | |

### (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 255. ത്രേസ്യാമ്മ വെമ്പേനിക്കൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 256. സുശീല കുന്നത്ത് | മണ്ണാർകുന്ന് | അതിരമ്പുഴ |
| 257. മാത്യു ളാപ്പള്ളിൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 258. റോസമ്മ മാത്യു മുല്ലശ്ശേരി | കൂത്രപ്പള്ളി | നെടുംകുന്നം |
| 259. റ്റി.റ്റി. തോമസ് തുരുത്തിക്കാട് | കൂത്രപ്പള്ളി | നെടുംകുന്നം |
| 260. മേരിക്കുട്ടി ജോസഫ് വെടിക്കാരൻപറമ്പ് | ചങ്ങംകരി | എടത്വാ |

| | | |
|---|---|---|
| 261. ത്രേസ്യാമ്മ സ്കറിയ പതിനെട്ടേൽ | മരിയാപുരം | എടത്വാ |
| 262. റ്റി.ഡി. ജെയിംസ് തുണ്ടിയിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 263. ഓമന മോഹനൻ മാളിയേക്കൽ | തത്തംപള്ളി | ആലപ്പുഴ |
| 264. ത്രേസ്യാമ്മ ദേവസ്യ ഇടമനത്തറ | കോയിൽമുക്ക് | എടത്വാ |
| 265. മറിയമ്മ ജോസഫ് വെട്ടിത്തുരുത്തേൽ | കുമരകം | കുടമാളൂർ |
| 266. ക്ലാരമ്മ കുര്യൻ പാണംപറമ്പിൽ | കുമരകം | കുടമാളൂർ |
| 267. ജോസഫ് ഇലഞ്ഞിക്കൽ | അതിരമ്പുഴ | അതിരമ്പുഴ |
| 268. വിൽസൺ മാമംപറമ്പിൽ | മാന്നില | കുറുമ്പനാടം |
| 269. അമ്മിണി മാടപ്പള്ളിൽ | വള്ളംചിറ | മണിമല |
| 270. കെ.എ. തോമസ് കോക്കോട്ട് | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |

- **ചികിത്സാസഹായം**

| ***പേര്*** | ***യൂണിറ്റ്*** | ***മേഖല*** |
|---|---|---|
| 125. സരോജിനി ജോവാസ് | വാവോട് | അമ്പൂരി |
| 126. കമലം പാലയ്യൻ | രാജഗിരി | അമ്പൂരി |
| 127. ആൻസി ജിം കൂട്ടുമ്മേൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 128. മോളി ജോസഫ് കടുപ്പിൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 129. ആനിമ്മ ദേവസ്യ കൈനിക്കര | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 130. ശാന്തി ജോസഫ് കുട്ടംപേരൂർ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 131. ഷീന അനു അറവാക്കൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 132. തങ്കമ്മ വർഗ്ഗീസ് പനയ്ക്കൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 133. മാത്യു ജോസഫ് | വെട്ടിമുകൾ | അതിരമ്പുഴ |
| 134. ചിന്നമ്മ കുര്യൻ | വെട്ടിമുകൾ | അതിരമ്പുഴ |
| 135. സുബി ജെഫിൻ | വെട്ടിമുകൾ | അതിരമ്പുഴ |
| 136. ലാലി വർഗ്ഗീസ് | വെട്ടിമുകൾ | അതിരമ്പുഴ |
| 137. സതി രാജു | വെട്ടിമുകൾ | അതിരമ്പുഴ |
| 138. സെലിൻ സേവ്യർ കോപ്ടാക് | ചങ്ങനാശ്ശേരി | ചങ്ങനാശ്ശേരി |

## (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2019 ജൂൺ മാസം 36 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 72 അപേക്ഷകർക്ക് 1,10,500/- രൂപ നൽകി.

## (4) സേവ് എ ഫാമിലി പ്ലാൻ (SAFP)

- 2019 ജൂൺ മാസം 17 കുടുംബങ്ങൾക്കായി 2,14,000/- രൂപ സഹായധനം അനുവദിച്ചു.

## കേന്ദ്രവാർത്തകൾ

## ECHO project- സമാപനം

പ്രളയാനന്തര കുട്ടനാട്ടിൽ കാരിത്താസ് ഇൻഡ്യ യൂറോപ്യൻ യൂണിയന്റെ സഹകരണത്തോടെ ചമ്പക്കുളം, നെടുമുടി കൈനകരി പഞ്ചായത്തുകളിൽ നടത്തിവന്ന ECHO project മെയ് 30, 31 തീയതികളിൽ സമാപിച്ചു. ചമ്പക്കുളം പഞ്ചായത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോർജ്ജ് പഞ്ഞിമറ്റം, കൈനകരി പഞ്ചായത്തിൽ വൈസ് പ്രസിഡന്റ് ശ്രീ. ജിജോ പള്ളിക്കൽ, നെടുമുടി പഞ്ചായ

ത്തിൽ വാർഡു മെമ്പർ ശ്രീമതി സുധ ജേക്കബ് എന്നിവർ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് എന്നിവർ കളരിക്കൽ അദ്ധ്യക്ഷ തവഹിച്ചു. പ്രോജക്ട് മാനേജർ ശ്രീ. രാജൻ എം. കെ., കോ-ഓർഡിനേറ്റർ ശ്രീ. അമൽ സെബാസ്റ്റ്യൻ എന്നിവർ പ്രവർത്തനങ്ങളുടെ അവലോകനം നടത്തി.

### മൈക്രോ ഇൻഷുറൻസ്-പദ്ധതി വിശദീകരണം

ചാസ് LIC യുമായി സഹകരിച്ചു നടത്തുന്ന മൈക്രോ ഇൻഷുറൻസ് പദ്ധതി യുടെ പുതിയ സ്കീം നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള ആലോചനായോഗം മെയ് 27-ാം തീയതി ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. LIC കോട്ടയം ഡി വിഷണൽ മാർക്കറ്റിംഗ് മാനേജർ ശ്രീ. എബ്രഹാം വർഗ്ഗീസ്, മൈക്രോ ഇൻഷു റൻസ് മാനേജർമാരായ ശ്രീ. കെന്നഡി ആന്റണി, ശ്രീ. സാവിൻ സത്യൻ എന്നി വർ പദ്ധതി വിശദീകരണം നടത്തി. LIC സ്പെസിഫൈഡ് പേഴ്സൺസായ 27 അംഗങ്ങൾ പങ്കെടുത്തു.

### ചാസ് സാമൂഹ്യ സന്നദ്ധപ്രവർത്തക സംഗമവും പരിസ്ഥിതി ദിനാചരണവും 'ഹരിതഭൂമി 2019-22' പദ്ധതി ഉദ്ഘാടനവും

ചാസിന്റെ 165 ഗ്രാമതല യൂണിറ്റുകളുടെ അഞ്ഞൂറിലധികം സന്നദ്ധപ്രവർത്ത കരുടെ സമ്മേളനവും പരിസ്ഥിതി ദിനാചരണവും 'ഹരിതഭൂമി 2019-22' പദ്ധതി ഉദ്ഘാടനവും ജൂൺ 5 ന് സന്ദേശനിലയം ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. ഡോ. എൻ. ജയരാജ് MLA ഉദ്ഘാടനം നിർവഹിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ വികാരി ജനറാളും ചാസ് പ്രസിഡന്റുമായ മോൺ ജോസഫ് വാണിയപ്പുരക്കൽ അദ്ധ്യക്ഷ്യതവഹിച്ചു. ആകാശവാണി 'വയലും വീടും' പരിപാടിയുടെ മുൻ പ്രോ ഗ്രാം ഡയറക്ടർ ശ്രീ. മുരളീധരൻ തഴക്കര പരിസ്ഥിതിദിന സന്ദേശവും 'ഹരി തഭൂമി 2019-22' പദ്ധതിയുടെ ഉദ്ഘാടനവും നിർവഹിച്ചു. പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി പദ്ധതിവിശദീകരണം നടത്തി. കാർഷിക കേരളത്തിന് കഴിഞ്ഞ 30 വർഷക്കാലം മാറ്റത്തിന്റെ പുത്തൻ സംസ്കൃതി, ആകാശവാണി 'വയലും വീടും' പരിപാടിയിലൂടെ പകർന്നു നല്കിയ അദ്ദേഹത്തെ ചടങ്ങിൽ ആദരിച്ചു. കഴിഞ്ഞ അധ്യയനവർഷം SSLC, +2 പരീക്ഷകളിൽ Full A+ നേടിയ ചാസിന്റെ സ്വാശ്രയസംഘാംഗങ്ങളുടെ മക്കൾക്ക് ചങ്ങനാശ്ശേരി നഗരസഭാദ്ധ്യ ക്ഷൻ ലാലിച്ചൻ കുന്നിപ്പറമ്പിൽ സ്കോളർഷിപ്പ് വിതരണം ചെയ്തു. 2019-22 കാലഘട്ടത്തിലെ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖ പൊതുസമ്മേളനം അംഗീ കരിച്ചു.

### കുട്ടനാട് കർഷക സമിതി ആലോചന മീറ്റിംഗ്

കുട്ടനാട്ടിലെ കാർഷിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നേതൃത്വം നൽകുന്ന ഒരു 'കർഷക സമിതി' രൂപീകരിക്കുന്നതിനായി കേന്ദ്രഓഫീസിൽ ജൂൺ 12-ാം തീയതി ആ ലോചനായോഗം സംഘടിപ്പിച്ചു. ആലപ്പുഴ, ചമ്പക്കുളം, എടത്വാ, പുളിംകുന്ന് മേഖലകളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

### കേന്ദ്ര ഓഫീസ് ക്രെഡിറ്റ് യൂണിയൻ വാർഷികം

കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് യൂണിയന്റെ വാർഷികം ജൂൺ 19 ന് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. ആഡിറ്റർ ശ്രീ. കെ.സി. ജോർജ്ജ്

2018-19 ലെ കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ക്രെഡിറ്റ് യൂണിയൻ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു. 96 അംഗങ്ങൾ പങ്കെടുത്തു.

## കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റ്

ആലപ്പുഴ, ചങ്ങനാശേരി, എടത്വാ, തൃക്കൊടിത്താനം, ചമ്പക്കുളം, പുളിംകുന്ന്, തുരുത്തി മേഖലകളിൽ പ്രവർത്തിക്കുന്ന ചാസ് കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാർക്കുവേണ്ടി ജൂൺ 20 ന് കേന്ദ്രഓഫീസിൽ ഏകദിനസെമിനാർ സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖ സന്ദേശം നൽകി. 'കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാരുടെ പ്രവർത്തന ലക്ഷ്യങ്ങളെക്കുറിച്ച് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളിയും 'ക്രെഡിറ്റ് യൂണിയൻ പ്രവർത്തനവും കമ്മ്യൂണിറ്റി ഓർഗ്ഗനൈസറും' എന്ന വിഷയത്തെക്കുറിച്ച് യൂണിറ്റ് ആഡിറ്റർ ശ്രീ. കെ.സി. ജോർജ്ജും ക്ലാസ് നയിച്ചു. WHIRLPOOL, IBELL കമ്പനികളുടെ ഗൃഹോപകരണ പദ്ധതികൾ പരിചയപ്പെടുത്തുകയും ചാസ് സാമൂഹ്യസുരക്ഷാ പദ്ധതികൾ വിശദീകരിക്കുകയും ചെയ്തു. അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സെമിനാർ അവലോകനവും നന്ദി പ്രകാശനവും നടത്തി. 100 അംഗങ്ങൾ പങ്കെടുത്തു.

## നൂതന ബാങ്കിംഗ് സംവിധാനങ്ങളും സാമൂഹ്യ സുരക്ഷാ പദ്ധതികളും

'നബാർഡിന്റെ' ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന 'ഇ-ശക്തി' പ്രോഗ്രാമിന്റെ ഭാഗമായി ബാങ്കിംഗ്-സാമ്പത്തിക-സാക്ഷരതാ ബോധവത്ക്കരണം ജൂൺ 20-ാം തീയതി കേന്ദ്ര ഓഫീസിൽ നടത്തപ്പെട്ടു. ഭാരതീയ റിസർവ്വ് ബാങ്കിന്റെയും (RBI), നബാർഡിന്റെയും, കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ 'ഇ-ശക്തി' ഫിനാൻഷ്യൽ ലിറ്ററസി പ്രോഗ്രാമിന്റെയും ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. 'നൂതന ബാങ്കിംഗ് സംവിധാനങ്ങളും സാമൂഹ്യസുരക്ഷാപദ്ധതികളും' എന്ന വിഷയത്തെക്കുറിച്ച് ശ്രീമതി സെലിനാമ്മ ജോസഫ് (റിസേർവ് ബാങ്ക് ഓഫ് ഇൻഡ്യ, മാനേജർ തിരുവനന്തപുരം) ക്ലാസ് നയിച്ചു. ഡോ. ജോസഫ് എബ്രഹാം, ശ്രീമതി അനുമോൾ സി.എ. (FLP കൗൺസിലർ, KDCB കോട്ടയം) എന്നിവർ പ്രസംഗിച്ചു.

## സ്വച്ഛ്ഭാരത് മിഷൻ പെയിന്റിംഗ്, ഡിബേറ്റ് മത്സരം

പ്രധാന മന്ത്രിയുടെ സ്വച്ഛ്ഭാരത് മിഷൻ ആചരണത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഖാദി ഗ്രാമവ്യവസായ കമ്മീഷൻ ചാസിന്റെ സഹകരണത്തോടെ അഖില കേരളാതലത്തിൽ സ്കൂൾ കുട്ടികൾക്കുവേണ്ടി ചിത്രരചനാ ഡിബേറ്റ് മത്സരങ്ങൾ നടത്തി. കോർപ്പറേറ്റ് മാനേജർ ഫാ. മനോജ് കറുകയിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ എസ്. ബി. ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫാ. മാത്യു നടമുഖത്ത് വൃക്ഷത്തൈ വിതരണ ഉദ്ഘാടനം നടത്തി. സ്വച്ഛഭാരത് മിഷൻ ബോധവൽക്കരണ കാമ്പേയിന്റെ ഉദ്ഘാടനം ഖാദി കമ്മീഷൻ നോഡൽ ഓഫീസർ പി.വി സുരേഷ്കുമാർ നിർവഹിച്ചു. ഡിബേറ്റ് മത്സരങ്ങളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ചങ്ങനാശ്ശേരി സെന്റ് ജോസഫ് എച്ച്.എസ്.എസ് ഒന്നാം സ്ഥാനവും എസ്.ബി എച്ച്.എസ്.എസ് രണ്ടാം സ്ഥാനവും, കുറുമ്പനാടം സെന്റ് പീറ്റേഴ്സ് എച്ച്.എസ്.എസ് മൂന്നാംസ്ഥാനവും ഹൈസ്കൂൾ വിഭാഗത്തിൽ

ചങ്ങനാശേരി സെന്റ് ജോസഫ് എച്ച്.എസ്.എസ് ഒന്നാം സ്ഥാനവും എസ്.ബി എച്ച്.എസ്.എസ് രണ്ടാം സ്ഥാനവും, മിത്രക്കരി സെന്റ് സേവ്യേഴ്സ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സമാപന സമ്മേളനത്തിൽവച്ച് നഗരസഭാദ്ധ്യക്ഷൻ ലാലിച്ചൻ കുന്നിപ്പറമ്പിൽ വിജയികൾക്ക് ക്യാഷ് അവാർഡും ട്രോഫിയും കേന്ദ്രഗവൺമെന്റിന്റെ സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

## ലഹരി വിരുദ്ധദിനാചരണം-ചിത്രരചനാ മത്സരം

അന്തരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിനു മുന്നോടിയായി ജൂൺ 24 തിങ്കളാഴ്ച രാവിലെ 9.30 മുതൽ ചാസിന്റെ നേതൃത്വത്തിൽ സന്ദേശനിലയം മാർ കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ ചിത്രരചനാ മത്സരം സംഘടിപ്പിച്ചു. ചാസ് പ്രസിഡന്റ് റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. സർക്കിൾ ഇൻസ്പെക്ടർ (എക്സൈസ്) രാജേഷ് ജോൺ ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖസന്ദേശവും അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ നന്ദിയും രേഖപ്പെടുത്തി. കേന്ദ്രമാനവശേഷി വികസനമന്ത്രാലയത്തിന്റെ സഹകരണത്തോടെ ചാസിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന റീജണൽ റിസോഴ്സ് ആന്റ് ട്രെയ്നിംഗ് സെന്ററാണ് മത്സരം ക്രമീകരിച്ചത്. ചങ്ങനാശേരി മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള എൽ.പി., യു.പി., ഹൈസ്കൂൾ എന്നീ മൂന്ന് വിഭാഗങ്ങളിലാണ് മത്സരം സംഘടിപ്പിച്ചത്. ലഹരി വസ്തുക്കളുടെ ദൂഷ്യവശത്തെക്കുറിച്ചും വരുംതലമുറയെ ലഹരിയുടെ വിപത്തിൽനിന്ന് രക്ഷിക്കുന്നതിൽ പൊതുസമൂഹത്തിന്റെ ഉത്തരവാദിത്വത്തെക്കുറിച്ചും ബോധവത്ക്കരണം നടത്തുകയാണ് ജൂൺ 26 ന് നടത്തപ്പെടുന്ന ലഹരിവിരുദ്ധദിനാചരണത്തിന്റെ ലക്ഷ്യം.

## സംഘതരംഗം 2019-22 (സ്വാശ്രയസംഘ നേതൃത്വ പരിശീലന പരിപാടി)

സ്വാശ്രയസംഘഭാരവാഹികൾക്കുള്ള നേതൃത്വ പരിശീലന പരിപാടി 'സംഘതരംഗം 2019-22' സംഘടിപ്പിച്ചുവരുന്നു. സ്വാശ്രയസംഘ പ്രവർത്തനരീതികൾ, ലക്ഷ്യങ്ങൾ, സാമൂഹിക-സാമ്പത്തിക മേഖലകളിലുള്ള ഇടപെടലുകൾ,ഗവൺമെന്റ് ഗവൺമെന്റേതര സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന പദ്ധതികൾ കണക്ക്-റിപ്പോർട്ട് കൈകാര്യം ചെയ്യുന്ന രീതികൾ, ചാസിന്റെ വിവിധ പദ്ധതികൾ 'ഹരിതഭൂമി 2019-22' നടത്തിപ്പ് തുടങ്ങിയവ ഊർജ്ജിതം 2019-22 ലക്ഷ്യം വയ്ക്കുന്നു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ കോ-ഓർഡിനേറ്റർമാരായ ബിനു ജോസഫ്, എൻ.ഐ. തോമസ്, ഡി. ജോസഫ്, ബ്രദർ ജിജോ ഇലവുംങ്കൽ എന്നിവർ ക്ലാസിന് നേതൃത്വം നൽകുന്നു.

### പരിശീലന പരിപാടി നടന്ന മേഖലകൾ

| *തീയതി* | *മേഖല* | *യൂണിറ്റ്* | *പങ്കെടുത്തവർ* |
|---|---|---|---|
| ജൂൺ 15 | ചമ്പക്കുളം | ചമ്പക്കുളം | 96 |
| ജൂൺ 18 | പുളിംകുന്ന് | പുളിംകുന്ന് | 86 |
| ജൂൺ 21 | ആലപ്പുഴ | പഴവങ്ങാടി | 172 |
| ജൂൺ 22 | അതിരമ്പുഴ | ഏറ്റുമാനൂർ | 125 |
| ജൂൺ 22 | കോട്ടയം | കൂരോപ്പട | 55 |
| ജൂൺ 24 | തൃക്കൊടിത്താനം | നാലുകോടി | 42 |

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 06.06.2019 | പുളിംകുന്ന് | തിരുഹൃദയം | 11 |
| 06.06.2019 | പുളിംകുന്ന് | മേരിമാതാ | 11 |
| 06.06.2019 | പുളിംകുന്ന് | മരിയ | 10 |
| 06.06.2019 | പുളിംകുന്ന് | അമലോത്ഭവ | 15 |
| 06.06.2019 | പുളിംകുന്ന് | ജപമാല | 12 |
| 06.06.2019 | പുളിംകുന്ന് | ജ്യോതിസ് | 12 |
| 06.06.2019 | പുളിംകുന്ന് | അക്ഷര | 10 |
| 06.06.2019 | പുളിംകുന്ന് | സൗഹൃദ | 14 |
| 06.06.2019 | പുളിംകുന്ന് | ദീപം | 10 |
| 06.06.2019 | പുളിംകുന്ന് | അനുഗ്രഹ | 17 |
| 06.06.2019 | രാമങ്കരി | ചൈതന്യ | 16 |
| 06.06.2019 | നർബോനപുരം | മേരിമാതാ | 10 |
| 06.06.2019 | നർബോനപുരം | മരിയൻ | 10 |
| 06.06.2019 | നർബോനപുരം | ശ്രേയസ് | 19 |
| 06.06.2019 | നർബോനപുരം | സ്നേഹദീപം | 18 |
| 06.06.2019 | നർബോനപുരം | ചെറുപുഷ്പം | 14 |
| 06.06.2019 | നർബോനപുരം | തേജസ് | 17 |
| 06.06.2019 | നർബോനപുരം | പുനർജ്ജനി | 12 |
| 06.06.2019 | നർബോനപുരം | മദർ തെരേസാ | 11 |
| 06.06.2019 | നർബോനപുരം | ഏയ്ഞ്ചൽ | 13 |
| 06.06.2019 | നർബോനപുരം | അപർണ്ണ | 11 |

### സ്വാശ്രയസംഘസംഗമവും കാർഷിക സെമിനാറും

കോട്ടയ്ക്കപ്പുറം യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂൺ 2 ന് സ്വാശ്രയ സംഘ സംഗമവും- കാർഷിക സെമിനാറും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ മണക്കുന്നേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. കൃഷി ഓഫീസർ ശ്രീമതി ഷേർളി സക്കറിയ ജൈവകൃഷിയെക്കുറിച്ച് ക്ലാസ് നയിച്ചു. 75 അംഗ ങ്ങൾ പങ്കെടുത്തു. എല്ലാവർക്കും പച്ചക്കറി വിത്തുകളും വിതരണം ചെയ്തു.

### സ്വാശ്രയസംഘസംഗമം

നർബോനപുരം യൂണിറ്റിൽ ജൂൺ 7-ാം തീയതി സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. സംഘങ്ങളുടെ ലക്ഷ്യങ്ങളെക്കുറിച്ചും സാധ്യതകളെക്കുറിച്ചും കോ-ഓർഡിനേറ്റർ ശ്രീ. ജെ. ഇറാനിമോസ് ക്ലാസ് നയിച്ചു. 62 അംഗങ്ങൾ പങ്കെടുത്തു.

കണ്ണാടി സെന്റ് റീത്താസ് യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമം ജൂൺ 18 ഉച്ചകഴിഞ്ഞ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രി. സജി പത്തിൽ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിയക് പഴേമഠം സംഗമം ഉദ്ഘാടനം ചെയ്തു. സ്വാശ്രയസംഘത്തിന്റെ പ്രവർത്തനലക്ഷങ്ങളെക്കുറിച്ച് മേഖലാ കോ-ഓർഡിനേറ്റർ എൻ.ഐ. തോമസ് ക്ലാസ് നയിച്ചു.

## സംയുക്ത SHG സംഗമം

ഇത്തിത്താനം യൂണിറ്റ്, കസ്തൂർബാ മഹിളാസമാജം, മഹാത്മാഗാന്ധി വികസനസമിതി, ഹരിതസമൃദ്ധി ഫാർമേഴ്സ് ക്ലബ് എന്നിവയുടെ സംയുക്തസംഗമം ജൂൺ 9 ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സംഗമം ഉദ്ഘാടനം ചെയ്തു. 208 അംഗങ്ങൾ പങ്കെടുത്തു.

## മത്സ്യകൃഷി വിളവെടുപ്പും കൈത്താങ്ങ് പദ്ധതി ഉദ്ഘാടനവും

ഏറ്റുമാനൂർ 'മാവേലി' പുരുഷസ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ വിഷരഹിതമായ മത്സ്യം ജനങ്ങൾക്കു ലഭ്യമാക്കുക 'മുറ്റത്തൊരു മത്സ്യക്കുളം' എന്ന ആശയം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിവന്നിരുന്ന മത്സ്യകൃഷിയുടെ വിളവെടുപ്പ് ജൂൺ 5 ന് മാവേലി SHG നഗർ ഗവ. ഐ.ടി.ഐ. ക്കു സമീപം ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. സംഘം പ്രസിഡന്റ് ശ്രീ. വിഷ്ണു പ്രസന്നൻ അദ്ധ്യക്ഷതവഹിച്ചു. തദവസരത്തിൽ റ്റി. റ്റി. ദേവസ്യ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ കുട്ടികൾക്കൊരു കൈതാങ്ങ് 2019 പദ്ധതി രാം ഘട്ടത്തിന്റെ ഉദ്ഘാടനം അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി സെബാസ്റ്റ്യൻ നിർവ്വഹിച്ചു.

## തയ്യൽ-സർട്ടിഫിക്കറ്റ് വിതരണം

ആറുമാന്നൂർ യൂണിറ്റിൽ കഴിഞ്ഞമൂന്നുമാസക്കാലമായി നടത്തിവന്ന തയ്യൽ പരിശീലനത്തിന്റെ സമാപനവും സർട്ടിഫിക്കറ്റ് വിതരണവും ജൂൺ 14 ന് നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അലക്സ് പാലമറ്റം പ്രോഗ്രാം ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ പരിശീലനം പൂർത്തിയാക്കിയ 11 വനിതകൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി നേതൃത്വം നൽകി.

## ബോധവത്ക്കരണ ക്ലാസ്

ഫാത്തിമാപുരം യൂണിറ്റിൽ പ്രവർത്തിക്കുന്ന സംഘാംഗങ്ങൾക്കായി 'കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച്' ജൂൺ 17 ന് ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി അദ്ധ്യക്ഷതവഹിച്ചു. ബ്രദർ ജിജോ ഇലവുംങ്കൽ ക്ലാസ് നയിച്ചു. 25 അംഗങ്ങൾ പങ്കെടുക്കുന്നു.

## ക്രെഡിറ്റ് യൂണിയൻ പ്രവർത്തനം ഉദ്ഘാടനം

പള്ളിക്കൂട്ടുമ്മ യൂണിറ്റിലെ ക്രെഡിറ്റ് യൂണിയൻ പ്രവർത്തനത്തിന്റെ ഉദ്ഘാടനം ജൂൺ 14 വെള്ളിയാഴ്ച 4 മണിക്ക് പാരീഷ് ഹാളിൽ നടത്തി. യൂണിറ്റ്

*ശേഷം .... 88-ാം പേജിൽ....*

## ARCHBISHOP MAR JOSEPH PERUMTHOTTAMSAPTHATHI SMARAKA HOUSING AID CONTRIBUTION LIST (ThekkanMekhala) 2018 - 2019

| Sl. No | Rpt. No | NAME | AMOUNT |
|---|---|---|---|
| 1 | 73 | Rev.Fr. Joseph Kalayil, St. Joseph's Priest Home, Ithithanam | 2000/- |
| 2 | 74 | St. Joseph's Church, Pushpagiri, Thellakom P.O., Kottayam | 300000/- |
| 3 | 75 | Mrs. Rosamma Jacob, Dept.Of History, Assumption College, Changanacherry | 25000/- |
| 4 | 77 | Sevanikethan, Social Work Dept.SH St.Mathew's Province | 500000/- |
| 5 | 78 | Mrs. Rani George,Puthiaparampil,Chelakombu P.O Karukacahal | 80001/- |
| 6 | 79 | Ranigiri Church, Mannamthala | 20000/- |
| 7 | 80 | Rev.Sr. Mercy Nedumpuram SABS, Koothrappally | 600000/- |
| 8 | 81 | St. Mary's Church Parel | 300000/- |
| 9 | 82 | Rev.Fr. Thomas Valyalil | 300000/- |
| 10 | 83/89 | SFS Church, Vattiyoorkavu | 300000/- |
| 11 | 84 | St.George (F) Church, Edathua | 1500000/- |
| 12 | 85 | Dr. Jochin Joseph, Kozhuppakalam (H) Edathua | 25000/- |
| 13 | 87 | Dr. Renchu Scaria, Moolayil, Madappally Asst.Prof. Dept.of Chemistry, S.B.College , Chry. | 100000/- |
| 14 | 88 | Mr. Sojan J.Mathew, Padinjareulakkapadiyil (H), Edathua | 25000/- |
| 15 | 90/92 | St. Joseph's Church Veroor | 300000/- |
| 16 | 91 | Mr. Boban Kalathil | 300000/- |
| 17 | 93 | Mr. Sebastian Thomas, St.Joseph's Church, Laickad | 50000/- |
| 18 | 94 | St. Thomas Church, Nalukodi,Paippad | 300000/- |
| 19 | 95 | Mr. Jose Augustine, Nadayath, Amalagiri | 15000/- |
| 20 | 96 | Sri. Sherly Scaria | 25000/- |
| 21 | 91/57 | Mr. Sabu Thomas, Pandicherry, Mattam, Chry | 10000/- |
| 22 | 97 | St. Alphonsa Church, Chathanad | 25000/- |
| 23 | 98 | Mr.ThomaskuttyJoseph, Kappilkoippallil,punnakunnam | 500000/- |
| 24 | 99 | Smt. Lalcy.P. Mathew, Perumthottam, Kongandoor. | 10000/- |
| 25 | 100 | Mr. M.S. Korah, Marattukalam(H) Kurisummood | 15000/- |
| 26 | 101 | Josephine Sisters, Villoonni | 25000/- |
| 27 | 102 | St. Michael's Church, Thathampally | 300000/- |
| 28 | 103 | Mr. Dennis Joseph, Kaniyanjalil(H), Pallickachira, Paippad | 2000/- |
| 29 | 104 | Missionaries of Little Flower Generalate, Changanacherry | 100000/- |
| 30 | 105 | Mr. M.S. Korah, Marattukala(H), Chethipuzha | 10000/- |

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2018 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും ജൂൺ 24 -വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 172. | വെളിയനാട് - St. Xaviers | 41243 | 16497 |
| 173. | പഴയരൂർ | 24000 | 9600 |
| 174. | മഹേന്ദ്രപുരം | 9400 | 3760 |
| 175. | പയറ്റുപാക്ക | 6180 | 2500 |
| 176. | ചാരമങ്കലം | 5180 | 2000 |
| 177. | കായൽപുറം | 44085 | 17650 |
| 178. | ആറാട്ടുവഴി | 35650 | 14260 |
| 179. | കിഴക്കെ മിത്രക്കരി | 23680 | 23680 |
| 180 | തെക്കേക്കര - St. Sebastians | 12010 | 4800 |
| 181 | ചെറിയവെളിനെല്ലൂർ | 9000 | 3600 |
| 182 | പെരുന്ന | 23735 | 9500 |
| 183 | നിർമ്മലപുരം | 5500 | 2200 |
| 184 | വെളിയനാട് - കേസറിയ | 14755 | 5900 |
| 185 | വാഴപ്പള്ളി വെസ്റ്റ് | 33450 | 13400 |
| 186 | പൊങ്ങുംമൂട് | 122900 | 49160 |
| 187 | ഇരവിനെല്ലൂർ | 22800 | 9120 |
| 188 | പൂന്തോപ്പ് | 80000 | 32000 |
| 189 | ആയൂർ | 15850 | 6340 |
| 190 | മാമ്പുഴക്കരി | 65000 | 25000 |
| 191 | വാവോട് | 34150 | 13600 |
| 192 | വെഞ്ചെമ്പ് | 12500 | 5000 |
| 193 | തെള്ളകം | 160000 | 64000 |
| 194 | കുന്നന്താനം | 49590 | 19840 |
| 195 | കരവാളൂർ | 10050 | 4020 |
| 196 | ചെങ്ങന്നൂർ | 5000 | 5000 |
| 197 | കലവൂർ | 22000 | 8800 |
| 198 | നർബോനപുരം | 102050 | 40820 |
| 199 | മാടപ്പള്ളി | 140000 | **56000** |

(തുടരും...)

കേരള കത്തോലിക്കാ സഭയുടെ മാധ്യമ ജിഹ്വായായ 'ദീപിക' ദിനപ്പത്രത്തിന് പ്രത്യക്ഷ പിൻബലം നൽകിവരുന്ന ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ രൂപതാ, ഫൊറോന, ഇടവകതലത്തിലുള്ള പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി മുന്നേറുന്നു.

## 1. അതിരൂപതാ എക്സിക്യൂട്ടീവ് കമ്മറ്റി

ജൂൺ 15-ന് ചേർന്ന അതിരൂപതാ എക്സിക്യൂട്ടീവ് കമ്മറ്റി ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ ഉദ്ഘാടനം ചെയ്തു. ജൂലൈ 31-നു മുൻപായി ഡിഫ്സി ഫൊറോനാതല സംഗമങ്ങൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. അത് ഭംഗിയായും ചിട്ടയായും ക്രമീകരിക്കുവാൻ ഫൊറോനാതല ഭാരവാഹികളെ ചുമതലപ്പെടുത്തി.

## 2. വിവാദ കാർട്ടൂണിനെതിരെ പ്രതിഷേധം

ക്രൈസ്തവ മതപ്രതീകങ്ങളെ ആക്ഷേപിക്കുന്ന രീതിയിലുള്ള വിവാദ കാർട്ടൂണിന് അവാർഡ് നല്കിയ കേരള ലളിതകലാ അക്കാദമിയുടെ നടപടിയിൽ യോഗം ഉത്കണ്ഠ രേഖപ്പെടുത്തുകയും പ്രതിഷേധപ്രമേയം പാസ്സാക്കി സർക്കാർ തലങ്ങളിൽ എത്തിക്കുകയും ചെയ്തു.

## 3. ദീപിക ഡ്രീം ലൈൻ പ്രോജക്ട്

ചെത്തിപ്പുഴ ഇടവകയിൽ 4 ആഴ്ചകൾ നീണ്ടുനിന്ന ഡ്രീംലൈൻ പ്രോജക്ട് വിജയകരമായി പൂർത്തിയാക്കി. വെരൂർ സെന്റ് ജോസഫ്, ചീരഞ്ചിറ സെന്റ് ജോർജ്, പെരുന്ന ഈസ്റ്റ് സെന്റ് ആന്റണീസ്, പറാൽ സെന്റ് ആന്റണീസ്, പൊടിപ്പാറ ഹോളിഫാമിലി, തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് എന്നീ ഇടവകകളിൽ 'ദീപിക' റിന്യൂവൽ ജോലികൾ DFC പ്രവർത്തകരുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

## 4. ദീപിക - നമ്മുടെ ഭാഷാപദ്ധതി

ചങ്ങനാശേരി അതിരൂപതയിലെ വിവിധ സ്കൂളുകളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതി ഡിഎഫ്സി യൂണിറ്റുകളുടെ നേതൃത്വത്തിൽ പ്രശംസനീയമാം വിധം നടന്നുവരുന്നു.

ദീപികയുടെ വളർച്ചയെന്ന ലക്ഷ്യത്തോടൊപ്പം, സഭയ്ക്കെതിരെയുള്ള ഏതുതരം വെല്ലുവിളികളെയും നേരിടാൻ ദീപിക ഫ്രണ്ട്സ് ക്ലബ് അംഗങ്ങൾ ധീരമായി സന്നദ്ധരാകുന്നതിന് ഏവർക്കും നന്ദിപറയുന്നു.

**സണ്ണി പുളിങ്കാലായിൽ**
*(പ്രസിഡന്റ്) Ph:9207736066*

**ആന്റണി തോമസ് മലയിൽ**
*(ജന:സെക്രട്ടറി) Ph:9446342561*

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
*(അതി.ഡയറക്ടർ) Ph:9447432531*

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് ഫോൺ: 9400390539**
**ജോൺസൺ ജോസഫ് ഫോൺ: 9349599080**

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

തൊഴിലിന്റെ മഹത്വം തിരിച്ചറിയുന്നവരുടെ കൂട്ടായ്മയാണ് കേരള ലേബർ മൂവ്മെന്റ് എന്നപ്രസ്ഥാനം. പ്രളയകാലത്ത് രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ കടലിന്റെ മക്കൾ ഇന്നു അനുഭവിക്കുന്ന യാതനകളിൽ നമുക്ക് പങ്കാളികളാകാം. അവർക്കുവേണ്ടി പ്രാർത്ഥിക്കാം. അടിയന്തിരമായി ഇടപെടേണ്ട മേഖലകളിൽ കേന്ദ്ര സർക്കാർ ഇടപെടാൻ വേണ്ട നീക്കങ്ങൾക്ക് നേതൃത്വം കൊടുക്കാം.

**ഫാ. ജോസ് പുത്തൻചിറ**

## പരിസ്ഥിതി ദിനാചരണം

ലോകപരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി മാമ്മൂട് സെന്റ് പീറ്റർ സംഘത്തിന്റെ നേതൃത്വത്തിൽ ജൂൺമാസം 9-ാം തിയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് വൃക്ഷതൈകൾ നട്ടു യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ തടത്തിൽ, അതിരൂപതാ ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ എന്നിവർ പങ്കെടുത്തു.

## വാർഷിക ആഘോഷങ്ങൾ

ജൂൺ മാസത്തിൽ കൊടിനാട്ടുംകുന്ന് മദർ തെരേസാ, ശാലോം, കൂരോപ്പട ഹോളിക്രോസ്, പാറേൽ സെന്റ് തോമസ് എന്നിവിടങ്ങളിൽ വാർഷിക ആഘോഷവും, മാടപ്പള്ളി യൂണിറ്റിൽ'മെരിറ്റ് അവാർഡ് ദാനവും കോട്ടയ്ക്കുപുറം പള്ളിയിൽ യൂണിറ്റ് സന്ദർശനവും നടത്തപ്പെട്ടു.

## ചങ്ങനാശ്ശേരി അതിരൂപതാ നേതൃസംഗമം

ചങ്ങനാശ്ശേരി അതിരൂപതാ കേരള ലേബർ മൂവ്മെന്റ് വിവിധ ഫൊറോനാകളിൽ നിന്നും ഇടവകകളിൽ നിന്നുമുള്ള കോ-ഓഡിനേറ്റഴ്സിന്റെയും വിശേഷ പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് അതിരൂപതാ നേതൃസംഗമം ജൂൺ 16 ഞായറാഴ്ച 11 മണിക്ക് നടത്തുകയുണ്ടായി.

## നൂറുമേനി 2K19

കെ.എൽ.എം. അംഗങ്ങളായിട്ടുള്ളവരുടെ മക്കളിൽ എസ്സ്.എസ്സ്.എൽ.സി, +2 മികച്ചവിജയം നേടിയവരെ ആദരിച്ചുകൊണ്ട് സംഗമം നടത്തി. സംഗമത്തിൽ 32 കുട്ടികളെ ആദരിച്ചു. സംഗമത്തിൽ അതിരൂപതാ പ്രൊക്യുറേറ്റർ റവ.ഫാ. ചെറിയാൻ കാരിക്കൊമ്പിൽ സന്ദേശം നല്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

## ഫൊറോനാതല സംഗമവും, പ്രവർത്തനവർഷ ഉദ്ഘാടനവും

ജൂലൈ മാസത്തിലെ ഓരോ ഞായറാഴ്ചകളിലും ഫൊറോനാ അടിസ്ഥാനത്തിൽ നേതൃസംഗമം നടത്തപ്പെടും

| | |
|---|---|
| ജൂലൈ 7 | ആലപ്പുഴ, എടത്വാ, പുളിങ്കുന്ന് |
| ജൂലൈ 14 | ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, തുരുത്തി |
| ജൂലൈ 21 | കോട്ടയം, കുടമാളൂർ, അതിരമ്പുഴ |

ജൂലൈ 28 കുറുമ്പനാടം, നെടുങ്കുന്നം, മണിമല

എല്ലാ യൂണിറ്റിലെയും ഓരോ സംഘത്തിനും, പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നിവരും യൂണിറ്റ് കോ-ഓഡിനേറ്റേഴ്സ് എന്നിവരും സംഗമത്തിൽ എത്തിച്ചേരേണ്ടതാണ്.

## സ്നേഹത്തണൽ

ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ, ചങ്ങനാശ്ശേരി അതിരൂപതാ തൊഴിലാളി പ്രസ്ഥാനമായ കേരളാ ലേബർ മൂവ്മെന്റ് അംഗങ്ങൾക്കും അവരുടെ കുടുംബത്തിനുമായി നല്കിയിരിക്കുന്ന ആരോഗ്യസംരക്ഷണ പദ്ധതി ജൂൺ മാസത്തിൽ ആരംഭംകുറിച്ചു. ഈ പദ്ധതിയിൽ പങ്കാളികൾ ആയവർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാകുന്നതാണ്.


**കാനാ, ഫാമിലി ആൻഡ് ലൈഫ് പ്രൊമോഷൻ സെന്റർ, തുരുത്തി**

**ഫാമിലി മിനിസ്ട്രി & കൗൺസിലിംഗ് കോഴ്സ്**

**2019 ഒക്ടോബർ 02 മുതൽ 2020 ജനുവരി 28 വരെ**

* കുടുംബപ്രേഷിതരംഗത്തു പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവർക്കുള്ള സമഗ്ര പരിശീലനം
* ഫാമിലി കൗൺസിലിംഗ്, സ്കൂൾ കൗൺസിലിംഗ് യുവജനകൗൺസിലിംഗ്, ഹോം മിഷൻ, ഹോസ്പിറ്റൽ കൗൺസിലിംഗ് എന്നിവയിൽ പരിശീലനം.
* മനഃശാസ്ത്രരീതികളും ആദ്ധ്യാത്മികതയും സമഗ്രമായി യോജിപ്പിച്ചുള്ള പരിശീലന പരിപാടി
* ദൈവശാസ്ത്ര, മനഃശാസ്ത്ര, സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ പ്രാവീണ്യമുള്ളവർ ക്ലാസുകൾ നയിക്കുന്നു.
* കുടുംബപ്രേഷിതരംഗത്തു പ്രവർത്തിക്കുന്നവരുടെ അനുഭവസാക്ഷ്യങ്ങൾ.
* ക്ലാസുകൾ തിങ്കൾ മുതൽ വ്യാഴം വരെ ദിവസങ്ങളിൽ രാവിലെ 10 മുതൽ 1:00 മണി വരെ
* പരിശീലന പരിപാടിയിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് പൊന്തിഫിക്കൽ ജോൺപോൾ രണ്ടാമൻ ഇൻസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റ് നല്കുന്നു.

**കോൺടാക്ട് :** Email: johnpaulismf1998@gmail.com,
Mobile : 9847702651

**Fr. Dr. Thomas Kochuthara**
Director, CANA
Mob: 9895871386

**Fr. Dr. Jacob Koipally**
Vice President, Pontifical John Paul II Institute
Mob: 9447662034

ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പസ്തോലേറ്റിന്റെ ഡയറക്ടറായി 4 വർഷക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചതിനുശേഷം അമേരിക്കയിലേക്ക് യാത്രയാകുന്ന ബഹു. സണ്ണി പുത്തൻപുരയ്ക്കൽ അച്ചന് യാത്രാമംഗളങ്ങളും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനാശംസകളും നേരുന്നു. പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. റ്റെജി പുതുവീട്ടിൽക്കളം അച്ചന് പ്രവാസി അപ്പോസ്തലേറ്റിന്റെ ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനയും അർപ്പിക്കുന്നു.

ചങ്ങനാശേരി സെന്റ് ബെർക്കുമാൻസ് ഹൈസ്കൂളിൽ പ്രവാസി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ, ശ്രീ. പ്രിൻസ് ചെറിയവാടയിൽ സ്പോൺസർ ചെയ്ത R.O. Plant ഉദ്ഘാടനം ജൂൺ 21-ാം തീയതി അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവഹിക്കുകയുണ്ടായി. ഈ പദ്ധതിവഴി മണിക്കൂറിൽ 2000 ലിറ്റർ വെള്ളം ശുദ്ധീകരിച്ച് കിട്ടുന്നതാണ്. ഉദ്ഘാടനവേളയിൽ SB HSS മാനേജർ ബഹു. മാത്യു നടമുഖത്ത് അച്ചൻ, അസി. കോർപ്പറേറ്റ് മാനേജർ ബഹു. ഫാ. ജേക്കബ് ചെത്തിപ്പുഴ, അദ്ധ്യാപകർ, പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. റ്റെജി പുതുവീട്ടിൽക്കളം, അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരും പങ്കെടുത്തു.

പ്രവാസി അപ്പോസ്തലേറ്റിന്റെ 2019 ലെ കുടുംബസംഗമവും 4-ാം വാർഷികവും ജൂലൈ മാസം 27-ാം തീയതി ശനിയാഴ്ച മാർ ജയിംസ് കാളാശ്ശേരി ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നതാണ്. സീറോ മലബാർ migrants കമ്മീഷൻ ചെയർമാനായ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് മുഖ്യ അതിഥിയായിരിക്കും. ഈ സംഗമത്തിലേക്ക് എല്ലാ പ്രവാസികളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

ആവേ മരിയ ഹോളിഡെയ്സിൽ നിന്നും സെപ്റ്റംബറിൽ പുറപ്പെടുന്ന വിശുദ്ധനാട് തീർത്ഥാടനത്തിന്റെ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. സെപ്റ്റംബർ 9 മുതൽ 14 ദിവസത്തേക്ക് യൂറോപ്പ് തീർത്ഥാടനവും ക്രമീകരിച്ചിട്ടുണ്ട്. വിസാ processing, ticket booking എന്നീ സേവനങ്ങൾ ആവേ മരിയ ഹോളിഡെയ്സിൽ നിന്നും ലഭ്യമാകുന്നതാണ്.

## 1. കെയർ ഹോം ഫെലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ്, ഫാമിലി ഹെൽത്ത് കെയർ

ചങ്ങനാശേരി അതിരൂപതാതിർത്തിയിൽ അതിരൂപത നേരിട്ടും, സന്ന്യസ്ത - അൽമായ കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപ താതല സംരഭമായ കെയർ ഹോം ഫെലോഷിപ്പിന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക സ്മാരകമായ മാർ കാവുകാട്ട് പാലിയേറ്റീവ് ഹെൽത്ത് കെയറിന്റെയും 2019 ജൂൺ മാസത്തെ പ്രവർത്തനങ്ങളുടെ സംയുക്ത റിപ്പോർട്ടും വരും മാസത്തിലെ പ്രധാന പരിപാടികളും.

## 2. വൻവിജയമായി ബധിര-മൂക സംഗമം

ചങ്ങനാശേരി അതിരൂപതയിൽപ്പെട്ട ബധിര-മൂക സഹോദരങ്ങളുടെ സംഗമം ജൂൺ 2-ാം തീയതി ഞായറാഴ്ച രാവിലെ 10 മുതൽ 2 മണി വരെ അതിരൂപതാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. ആർച്ച്ബിഷപ്സ് ഹൗസ് ചാപ്പലിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന പരി ശുദ്ധ കുർബാനയ്ക്ക് റവ. ഫാ. ബിജു മൂലക്കര സി.എസ്.സി. (ഡയറക്ടർ, നവ ധ്വനി ഹോളിക്രോസ് ഡഫ് മിനിസ്ട്രി) സഹകാർമ്മികനായിരുന്നു. അഭിവന്ദ്യ മാർ തോമസ് തറയിൽ സന്ദേശം നല്കി. തിരുവനന്തപുരം, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ നിന്നുൾപ്പെടെയുള്ളവർ സംഗമത്തിനായെത്തി. കെയർ ഹോം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുന്നശേരി, അതിരൂപതാ പ്രൊക്യുറേറ്റർ ഫാ. ചെറിയാൻ കാരിക്കൊമ്പിൽ, ഫാ. ചെറിയാൻ കക്കുഴി, ഫാ. ജോഷ്വാ തു ണ്ടത്തിൽ, സി. ലിറ്റിൽ തെരേസ്, സി. മാലിനി, സി. റാണി തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നല്കി.

## 3. പാലിയേറ്റീവ് കെയർ പരിശീലനം ഇടവകകളിൽ

അതിരൂപത പാലിയേറ്റീവ് കെയർ റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം മണ്ണന്തലയിൽ ഒരാഴ്ചത്തെ പരിശീലനവും, തോട്ടയ്ക്കാട്, വെരൂർ എന്നീ ഇടവകകളിൽ ഓറിയന്റേഷൻ പ്രോഗ്രാമും സംഘടിപ്പിച്ചു. ചീഫ് ട്രെയിനർ സി. വിജയ പുതുശേരിൽ എം.എം.എസ്, ശാന്താ പീറ്റർ തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നല്കി.

## 4. സമരിറ്റൻ പ്രെയർ - മേഴ്സി ഹോം ചെത്തിപ്പുഴ

കെയർഹോമുകളിൽ സംഘടിപ്പിക്കുന്ന സമരിറ്റൻ പ്രെയർ, ചെത്തിപ്പുഴ മേഴ്സി ഹോമിൽവച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ തോമസ് തറയിൽ, ഫാ. സെബാസ്റ്റ്യൻ പുന്നശേരി തുടങ്ങിയവർ നേതൃത്വം നല്കി. കെയർ ഹോം നേ തൃത്വത്തിന്റെയും, സ്ഥാപനത്തോടനുബന്ധിച്ചുള്ള കെയർഹോം സപ്പോർട്ട് ഗ്രൂപ്പി ന്റെയും സംയുക്തപ്രാർത്ഥനകളും ചർച്ചകളും ആണ് സമരിറ്റൻ പ്രെയറിൽ പ്ര ധാനമായും നടത്തപ്പെടുന്നത്. അതിരൂപതയുടെ കീഴിലുള്ള എല്ലാ ജീവകാരുണ്യ സ്ഥാപനങ്ങളോടും അനുബന്ധിച്ച് കെയർഹോം സപ്പോർട്ട് ഗ്രൂപ്പ് രൂപീകരണം ലക്ഷ്യമിട്ടാണ് സമരിറ്റൻ പ്രെയർ സംഘടിപ്പിച്ചു വരുന്നത്.

## 5. കെയർഹോമുകളുടെ കൂട്ടായ്മയ്ക്ക് പുതിയ ഡയറക്ടറി

അതിരൂപതയുടെ കീഴിലുള്ള CFCAയുടെ ഭാഗമായുള്ള മുഴുവൻ കെയർ ഹോമുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി പുതിയ ഡയറക്ടറിയുടെ പ്രസിദ്ധീകരണത്തിനുള്ള ഒരുക്കങ്ങൾ അതിരൂപതാകേന്ദ്രത്തിൽ ആരംഭിച്ചു. എല്ലാ സ്ഥാപനാധികാരികളുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക, സി. ലിറ്റിൽ തെരേസ് എസ്.ഡി.-9605116756, ആൻ ജോസ് - 7025163662, ജോമോൻ തോമസ് വെള്ളാപ്പള്ളി - 9656200059. സ്ഥാപനത്തിന്റെ വിശദാംശങ്ങൾ വാട്സാപ്പ്, ഇമെയിൽ വഴിയായും അയയ്ക്കാവുന്നതാണ്.

### പഞ്ചവത്സര അജപാലന പദ്ധതി – ദ്വിതീയവർഷം

## സമ്പൂർണ്ണ ബൈബിൾ പാരായണ മാർഗ്ഗരേഖ (തുടർച്ച)




*"വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നു" (1 യോഹ. 2:5).*

| ജൂലൈ | | ആഗസ്റ്റ് | |
|---|---|---|---|
| 1. പ്രഭാ 27-30 | 16. ഏശ 36-41 | 1. ജറെ 34-37 | 16. എസെ 25-27 |
| 2. പ്രഭാ. 31-33 | 17. ഏശ 42-44 | 2. ജറെ 38-41 | 17. എസെ 28-30 |
| 3. പ്രഭാ. 34-36 | 18. ഏശ 45-48 | 3. ജറെ 42-45 | 18. എസെ 31-33 |
| 4. പ്രഭാ. 37-40 | 19. ഏശ. 49-52 | 4. ജറെ 46-49 | 19. എസെ 34-36 |
| 5. പ്രഭാ. 41-44 | 20. ഏശ 53-56 | 5. ജറെ 50-52 | 20. എസെ 37-39 |
| 6. പ്രഭാ. 45-48 | 21. ഏശ 57-60 | 6. വിലാപം 1-5 | 21. എസെ 40-43 |
| 7. പ്രഭാ. 49-51 | 22. ഏശ 61-64 | 7. ബാറൂക്ക് 1-3 | 22. എസെ 44-48 |
| 8. ഏശ. 1-4 | 23. ഏശ 65-66 | 8. ബാറൂക്ക് 4-6 | 23. ദാനി 1-4 |
| 9. ഏശ. 5-8 | 24. ജെറെ. 1-5 | 9. എസെ 1-4 | 24. ദാനി 5-8 |
| 10. ഏശ. 9-12 | 25. ജെറെ. 6-9 | 10. എസെ 5-8 | 25. ദാനി 9-14 |
| 11. ഏശ. 13-17 | 26. ജെറെ. 10-13 | 11. എസെ 9-12 | 26. ഹോസിയ 1-7 |
| 12. ഏശ 18-22 | 27. ജെറെ. 14-17 | 12. എസെ 13-15 | 27. ഹോസി 8-14 |
| 13. ഏശ 23-27 | 28. ജെറെ. 18-21 | 13. എസെ 16-18 | 28. ജോയേൽ 1-3 |
| 14. ഏശ 28-30 | 29. ജെറെ 22-25 | 14. എസെ 19-21 | 29. ആമോസ് 1-5 |
| 15. ഏശ 31-35 | 30. ജെറെ 26-29 | 15. എസെ 22-24 | 30. ആമോസ് 6-9 |
| | 31. ജെറെ 30-33 | | 31. ഒബാദിയാ 1 |

**ബൈബിൾ അപ്പോസ്തലേറ്റ് ചങ്ങനാശേരി അതിരൂപത**

***മദ്യമയക്കുമരുന്ന് ആസക്തിക്ക് സൗജന്യനിരക്കിൽ ഹോമിയോ ചികിത്സാ സംവിധാനം.***

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സഹോദരരേ,

നമ്മുടെ സമൂഹത്തിൽ ലഹരി വസ്തുക്കൾക്ക് അടിമകൾ ആകുന്നരീതി വർദ്ധിച്ച് വരികയാണല്ലോ, ഈ അവസരത്തിൽ ലഹരി വസ്തുക്കൾക്ക് എതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായശ്രമത്തിലൂടെ നമുക്ക് ലഹരിക്കെതിരെ പ്രവർത്തിക്കാൻ കഴിയണം.

ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാപരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ലഹരിക്കെതിരായ ഹോമിയോ ചികിത്സ നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസ്റ്റർ പ്രത്യേക ശ്രദ്ധയെടുത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽവെച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലം എടുക്കാൻ ആളുകൾക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കുന്നത് എന്നവിവരവും പാർശ്വഫലങ്ങൾ ഇല്ലാ എന്നകാര്യവും ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേണ്ടതു ചെയ്യണമെ.

## ഹോമിയോപ്പതിക്ക് ചികിത്സ വിശദ വിവരങ്ങൾ

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. രാജു തോമസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS |
| നെടുംകുന്നം ആതുരാശ്രമം ഹോമിയോ ക്ലിനിക്ക് | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. എസ്സ്. ജി. ബിജു.<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളി | എല്ലാ വ്യാഴാഴ്ചയും 10:30 മുതൽ 12:30 വരെ | ഡോ. ജോസഫൈൻ |

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി.

2004 - ൽ ആത്മതാകേന്ദ്രം ആരംഭിച്ച നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹരത്തിനും സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ്

പദ്ധതിയിൽ എച്ച്.ഐ.വി അണുബാധിതരായ കുട്ടികൾ/അണുബാധിതരായവരുടെ മക്കൾ/മാനസിക വൈകല്യമുള്ളവരുടെ കുട്ടികൾ /ക്യാൻസർ ബാധിത കുട്ടികൾ/ക്യാൻസർ ബാധിതരുടെ കുട്ടികൾ എന്നിവർക്ക് ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ സഹായം ആവശ്യമായി വരുന്നു. സഹായത്തിനായി നിരവധി ആളുകൾ ആത്മതാകേന്ദ്രം ഓഫിസിൽ വന്ന് അപേക്ഷിച്ചു കൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നിവിടങ്ങളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതി സമ്മേളനത്തിലൂടെ പ്രതിമാസം 80,000/–ൽ അധികം രൂപാ നല്കി സഹായിക്കുന്നു. എന്നാൽ പുതിയ ധാരാളം അപേക്ഷകരെ സഹായിക്കാൻ നമുക്ക് സാധിക്കുന്നില്ല ആയതിനാൽ സുമനസ്സുകളുടെ സഹായം അപേക്ഷിക്കുന്നു. ആത്മതാകേന്ദ്രത്തിൽ നല്കുന്ന സംഭാവനയ്ക്ക് 80 G (vi) പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ് സാമ്പത്തികമായി സഹായിക്കാൻ കഴിവുള്ളവർ സഹായിക്കാൻ ശ്രദ്ധിക്കണമെ. കഴിഞ്ഞമാസം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം ജില്ലകളിൽ നിന്നായി 89000/ രൂപയുടെ സഹായവും, ന്യൂട്രീഷ്യൻ കിറ്റും വിതരണം ചെയ്തു.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ജോസ് പുത്തൻചിറ അച്ചന്റെ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണധ്യാനം നടത്തുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസ്പിറ്റൽ എം.ഡി. ഡോ. എസ്.ജി.ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്ന് നല്കി വരുന്നു. അടുത്ത ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം 2019 ജൂലൈ 25 മുതൽ 28 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽവച്ച് നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

**ഫാ. ജോസ് പുത്തൻചിറ**
ഡയറക്ടർ

*NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : 0481 2411819 /9497325685*

## ഫൊറോനാ പ്രവർത്തക സമിതിയോഗങ്ങൾ

2019 ഒക്ടോബർമാസം നടക്കാൻ പോകുന്ന ചങ്ങനാശേരി അതിരൂപത ഡി.സി.എം.എസ്. കുടുംബസംഗമത്തിന്റെ മുന്നോടിയായി ഫൊറോനാ യൂണിറ്റ് തലങ്ങളിലുള്ള അംഗങ്ങളെ സജീവമാക്കുക എന്ന ലക്ഷ്യത്തോടുകൂടി രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ ഫൊറോനാ പ്രവർത്തകയോഗങ്ങൾ നടന്നു.

### ചങ്ങനാശേരി ഫൊറോനാ

16.06.19 – ഞായർ 10:00 a.m. ചങ്ങനാശേരി ഫൊറോനാ കൺവൻഷൻ കൗൺസിൽ ഹാളിൽ നടന്നു. ഫൊറോന വികാരി വെരി. റവ. ഫാ. കുര്യൻ പുത്തൻപുര ഉദ്ഘാടനം ചെയ്തു. ജയിംസ് ഇലവുങ്കൽ അദ്ധ്യക്ഷത വഹിച്ചു. മാത്യു ജോസഫ്, ജോസ് കെ.ജെ., റോയി മാത്യു എന്നിവർ പ്രസംഗിച്ചു. 17 അംഗങ്ങൾ പങ്കെടുത്തു.

### പുളിങ്കുന്നു ഫൊറോനാ

16.06.19 ഞായർ 2:00 p.m.നു പുളിങ്കുന്നു ഫൊറോനാ കൺവൻഷൻ പാരീഷ് ഹാളിൽ നടന്നു. ഫൊറോനാ വികാരി വെരി. റവ. ഫാ. മാത്യു ഓടലാനി ഉദ്ഘാടനം ചെയ്തു. ജയിംസ് ഇലവുങ്കൽ അദ്ധ്യക്ഷത വഹിച്ചു. ലെനിൻ ജോസഫ് സ്വാഗതവും ലിസമ്മ റ്റോമി നന്ദിയും പറഞ്ഞു. 48 അംഗങ്ങൾ പങ്കെടുത്തു.

### കുടമാളൂർ ഫൊറോനാ

23.06.19 – 10.00 a.m.നു കുടമാളൂർ ഫൊറോന കൺവൻഷൻ മാന്നാനം സെന്റ് ജോസഫ്സ് ചർച്ച് പാരീഷ് ഹാളിൽ നടന്നു.

### അതിരമ്പുഴ ഫൊറോന

23.06.19 ഉച്ചകഴിഞ്ഞു 2:00 p.m.നു സെന്റ് മേരീസ് പള്ളി ഹാളിൽ നടന്നും.

### കോട്ടയം ഫൊറോന

30.06.19ന് അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് പള്ളി ഹാളിൽ നടന്നു.

കുറുമ്പനാടം ഫൊറോന: സെന്റ് ആന്റണീസ് പള്ളി ഹാളിൽ 07.7.19 ന് രാവിലെ 10:00 a.m.ന്.

### നെടുങ്കുന്നം ഫൊറോനാ

7.7.19 ഞായർ 2:00 p.m.നു സെന്റ് ജോൺസ് ദി ബാപ്റ്റിസ്റ്റ് പള്ളി ഹാളിൽ നടക്കും.

### അതിരൂപത കുടുംബസംഗമം

2019 ഒക്ടോബർ 27–ാം തീയതി ചങ്ങനാശേരി അതിരൂപത കുടുംബസംഗമം നടത്തും. അഭിവന്ദ്യ കർദ്ദിനാൾ, പിതാക്കന്മാർ, ബഹു. മന്ത്രിമാർ, എം.പി., എം.എൽ.എ., മറ്റു ജനപ്രതിനിധികൾ, സാമൂഹിക സാമുദായിക നേതാക്കന്മാരും പങ്കെടുക്കും. വിശദവിവരങ്ങൾ പിന്നീട്.

**മാത്യു ജോസഫ്**
(ജ. സെക്രട്ടറി)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ)

ലിജിയൻ ഓഫ് മേരി ചങ്ങനാശേരി കമ്മീസിയത്തിന്റെ 793-ാമതും കൂരിയായുടെ 1033-ാമതും സമ്മേളനം 9.6.2019-ൽ ഉച്ചകഴിഞ്ഞ് 2:30 ന് പാറേൽ ലീജിയൻ ഹാളിൽവെച്ച് പ്രസിഡന്റ് ബ്രദർ തോമസ് ഫിലിപ്പ് പാലാത്തറയുടെ അദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി. 32 പേർ സന്നിഹിതരായിരുന്നു.

പ്രാരംഭപ്രാർത്ഥന, ജപമാല എന്നിവയ്ക്കുശേഷം ജ്ഞാനവായന നിയമഗ്രന്ഥം ചാപ്റ്റർ 19ന്റെ പ്രസീദിയം സ്ഥിരനിഷ്ഠയ്ക്ക് മാതൃകയായിരിക്കണം എന്ന ഭാഗം പ്രസിഡന്റ് വായിച്ചു. സമ്മേളനങ്ങളുടെ സ്വരവും ഗതിയും എത്രയും ഊർജ്ജസ്വലരായ അംഗങ്ങൾക്കുപോലും ദൃഷ്ടാന്തമായിരിക്കണമെന്ന് ലീജിയൻ ആവശ്യപ്പെടുന്നു. നാനാപ്രകാരമുള്ള ലീജിയൻ ജീവിതം ഇതു സാധിക്കുവാൻ ലീജിയനെ പ്രാപ്തരാക്കുന്നു. പ്രസീദിയം അനേകരുടെ സമൂഹമാകയാൽ പ്രതിബന്ധങ്ങളെ തരണം ചെയ്യുവാൻ കഴിയും. എല്ലാ അംഗങ്ങൾക്കും ഒരുമിച്ച് പ്രതിബന്ധങ്ങൾ വന്നു കൂടുകയില്ലല്ലോ. സമ്മേളനം നടത്തുക തീർത്തും അസാദ്ധ്യമായാലല്ലാതെ പ്രതിവാരസമ്മേളനം ഉപേക്ഷിക്കാവുന്നതല്ല. സൈനികരുടെ ദൗർബല്യങ്ങൾ വകവെയ്ക്കാതെ പ്രസീദിയം നിലകൊള്ളുകയും തിരുസഭയുടെ സ്വഭാവവിശേഷങ്ങളെ പ്രതിബിംബിപ്പിക്കുകയും ചെയ്യണം. ഇതായിരുന്നു ജ്ഞാനവായന മുഖ്യസാരം.

വൈസ്പ്രസിഡന്റ് സഹോദരി വത്സമ്മ കൂട്ടുമ്മേൽ വന്നിരുന്ന എല്ലാ ഭാരവാഹികൾക്കും മാതാവിന്റെ നാമത്തിൽ സ്വാഗതം ആശംസിച്ചു. സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി ജൂൺമാസത്തെ പ്രവർത്തന റിപ്പോർട്ടും ബ്രദർ ജോസുകുട്ടി കരിങ്കണാമറ്റം വരവുചിലവു കണക്കുകളും അവതരിപ്പിക്കുകയും യോഗം അത് പാസ്സാക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ഡയറക്ടർ ഫാ. ജോജോ പുതുവേലിലും പ്രസിഡന്റും അതിൽ ഒപ്പുവച്ചു.

പിന്നീട് സൈനിക ജപശൃംഖല ചൊല്ലി എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്നശേഷം ബഹുമാനപ്പെട്ട ജോജോ അച്ചൻ സീറോമലബാർ സഭയുടെ ആചാരങ്ങളെക്കുറിച്ച് വളരെ നല്ല ഒരു പ്രഭാഷണം നടത്തി. തുടർന്നു വന്ന ചർച്ചയിൽ അതിരൂപതയിലുള്ള എല്ലാ പ്രസീദിയങ്ങളും കൂരിയാകളും പങ്കെടുത്തുകൊണ്ടുള്ള ലീജിയൻ ഓഫ് മേരിയുടെ ഒരു കൺവെൻഷൻ ചങ്ങനാശേരിയിൽ വെച്ച് അടുത്ത ഭാവിയിൽതന്നെ നടത്തണം എന്ന് അഭിപ്രായമുണ്ടായി. ഡയറക്ടർ അച്ചൻ സൈനികരുടെ ഈ അഭിപ്രായത്തെ അംഗീകരിക്കുകയും അതിരൂപത അധികാരികളുമായി സംസാരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുമെന്ന് ഉറപ്പു നൽകി.

ചെറിയൊരു ചായസൽക്കാരത്തിനുശേഷം സമാപനപ്രാർത്ഥനയും ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനാക്കുന്നതിനുള്ള ജപവും ചൊല്ലി. ബഹുമാനപ്പെട്ട ആദ്ധ്യാത്മിക നിയന്താവ് ജോജോ അച്ചന്റെ അനുഗ്രഹ ആശീർവാദവും സ്വീകരിച്ച് അംഗങ്ങൾ സ്വഭവനങ്ങളിലേക്കു പോയി.

കമ്മീസിയത്തിനുവേണ്ടി

**ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മീക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
(സെക്രട്ടറി)

*(Secular Franciscan Order - SFO)*
**''സമാധാനം - സൗഭാഗ്യം''**

പ്രിയ സഹോദരരേ,

ഇന്ത്യൻ മണ്ണിൽ ക്രൈസ്തവ വിശ്വാസത്തിന്റെ തീ പടർത്തിയ മാർത്തോമാശ്ലീഹായെ സ്മരിക്കുന്ന ദിവസമാണല്ലോ ജൂലൈ 3 ദുക്റാനത്തിരുനാൾ. ഈശോമിശിഹായാകുന്ന വഴിയും സത്യവും ജീവനും ഭാരതമക്കൾക്ക് സംഭാവന ചെയ്ത തോമാശ്ലീഹായുടെ മാർഗ്ഗം അതിന്റാ ലാളിത്യത്തിലും പൂർണ്ണതയിലും നമ്മുടെ ജീവിതങ്ങളിൽ പ്രകാശിപ്പിക്കുവാനും, 'എന്റെ കർത്താവേ - എന്റെ ദൈവമേ'' എന്ന് ഏറ്റുചൊല്ലി ശ്ലീഹാ ഈശോയെ വിശ്വസിച്ചേറ്റു പറയുന്നു. 'നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. എന്നെ കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ'' (യോഹ. 20:29) എന്ന് ഈശോ പറയുന്നു. ഉത്ഥിതനിലുള്ള ഉറച്ചവിശ്വാസത്തോടുകൂടി ജീവിതത്തോണിയിൽ യാത്രചെയ്യുവാനും വേണ്ടിവന്നാൽ അവനുവേണ്ടി മരിക്കാനും നമുക്കു തയ്യാറാകാം എന്നു പഠിപ്പിച്ച തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിന്റെയും ഈശോയ്ക്കുവേണ്ടി തന്നെ മുഴുവനായും സമർപ്പിച്ച സഹനദാസിയും ഫ്രാൻസിസ്ക്കൻ വിശുദ്ധാരാമത്തിലെ പുണ്യപുഷ്പമായ വി. അൽഫോൻസാമ്മയുടെയും തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

## കുട്ടനാട് റീജണൽ സെമിനാർ

SFO കുട്ടനാട് റീജണൽ കൗൺസിലിന്റെ നേതൃത്വത്തിൽ റീജണൽ സെമിനാർ ജൂൺ 7-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണി മുതൽ തെക്കേക്കര സെന്റ് ജോൺസ് പള്ളിയിൽ അർദ്ധദിന സെമിനാറായി നടത്തി. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. തുടർന്ന് അംഗങ്ങൾ പരിശുദ്ധമാതാവിന്റെ ജപമാലയ്ക്കുശേഷം ഫ്രാൻസിസ്ക്കൻ പ്രഭാതപ്രാർത്ഥന നടത്തി. തുടർന്ന് റീജണൽ പ്രസിഡന്റ് ആന്റണി ചാക്കോ കൊങ്ങംപള്ളി അംഗങ്ങൾക്ക് സ്വാഗതം ആശംസിച്ചു. പിന്നീട് ഭരണങ്ങാനം അസ്സീസി മൈനർ സെമിനാരി അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. രെഞ്ചു OFM Cap. 'കുടുംബജീവിതം ഫ്രാൻസിസ്ക്കൻ പാതയിൽ'' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. തുടർന്ന് SFO ചങ്ങനാശേരി അതിരൂപതാ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. തോമസ് വെട്ടിക്കാലായിൽ OFM Cap. ന്റെ കാർമ്മികത്വത്തിൽ വി. കുർബാനയും കുർബാനമദ്ധ്യേ SFO അംഗങ്ങളുടെ സഭാവസ്ത്രസ്വീകരണവും നിത്യവ്രതവാഗ്ദാനവും നടത്തി. 14 അംഗങ്ങളുടെ സഭാവസ്ത്രസ്വീകരണവും 9 അംഗങ്ങളുടെ നിത്യവ്രതവാഗ്ദാനവും നടന്നു. വി. കുർബാനയ്ക്കുശേഷം നേർച്ചകഞ്ഞിഭക്ഷണവും ഉണ്ടായിരുന്നു. റീജണൽ സെമിനാർ ഏറ്റെടുത്ത് വളരെ ഭംഗിയായി നടത്തിയ തെക്കേക്കര സെന്റ് ജോൺസ് പള്ളി ഭ്രാതൃത്വത്തിനും ബഹു. വികാരി റവ. ഫാ. തോമസ് പുത്തൻപുരയ്ക്കും SFO ചങ്ങനാശേരി അതിരൂപതാ കുടുംബത്തിന്റെ നന്ദിയും സ്നേഹവും പ്രാർത്ഥനയും നേരുന്നു.

## വാഴപ്പള്ളി റീജണൽ സെമിനാർ

SFO വാഴപ്പള്ളി റീജണൽ കൗൺസിലിന്റെ നേതൃത്വത്തിൽ വാഴപ്പള്ളി റീജണൽ സെമിനാർ ജൂൺ 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണി മുതൽ തുരുത്തി മർത്ത് മറിയം ഫൊറോനാ പള്ളിയിൽ അർദ്ധ സെമിനാറായി നടത്തി. രാവിലെ 9 മണിക്ക് രജിസ്ട്രേഷനും തുടർന്ന് പരിശുദ്ധ മാതാവിന്റെ ജപമാലയ്ക്കുശേഷം ഫ്രാൻസിസ്ക്കൻ പ്രഭാതപ്രാർത്ഥനയും നടത്തി. തുടർന്ന് ഫൊറോനാ വികാരി വെരി റവ. ഫാ. ഗ്രിഗറി ഓണംകുളം SFO അംഗങ്ങളെ സ്വാഗതം ചെയ്ത് സന്ദേശം നല്കി. തുടർന്ന് തെന്നടിപള്ളി വികാരി റവ. ഫാ. ജോസഫ് ആറുപറയിൽ ''കുടുംബജീവിതം ഫ്രാൻസിസ്ക്കൻ പാതയിൽ'' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. തുടർന്ന് SFO അതിരൂപതാ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. തോമസ് വെട്ടിക്കാലായിൽ OFM Cap. ന്റെ കാർമ്മികത്വത്തിൽ വി. കുർബാനയും കുർബാനമദ്ധ്യേ SFO അംഗങ്ങളുടെ വ്രതവാഗ്ദാനവും നടത്തി. 35 അംഗങ്ങളുടെ സഭാവസ്ത്രസ്വീകരണവും 20 അംഗങ്ങളുടെ നിത്യവ്രതവാഗ്ദാനവും നടന്നു. വി. കുർബാനയ്ക്കുശേഷം സ്നേഹവിരുന്നും നടത്തി. റീജണൽ സെമിനാർ ഏറ്റെടുത്തു നടത്തിയ തുരുത്തി മർത്ത്മറിയം ഫൊറോനാ ഭ്രാതൃത്വത്തിനും ബഹു. ഫൊറോനാ വികാരി റവ. ഫാ. ഗ്രിഗറി ഓണംകുളത്തിനും കൊച്ചച്ചൻ ഗ്രിഗറി മേപ്പുറത്തിനും SFO ചങ്ങനാശേരി അതിരൂപതാ കുടുംബത്തിന്റെ നന്ദിയും സ്നേഹവും പ്രാർത്ഥനയും നേരുന്നു.

## ജൂലൈ 8 ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 183-ാം ജന്മവാർഷികം

കേരള കത്തോലിക്കാ സഭയിലെ ആദ്യ അല്മായ ദൈവദാസനായ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 183-ാം ജന്മവാർഷികം 2019 ജൂലൈ 8-ാം തീയതിയാണ്. പൊതുവായ ആഘോഷങ്ങളില്ലെങ്കിലും അതിരൂപതയിലെ എല്ലാ ഭ്രാതൃത്വങ്ങളും അന്നേദിവസം ഇടവക ദൈവാലയങ്ങളിൽ വി. കുർബാനചൊല്ലിക്കാൻ ഏർപ്പാടുചെയ്യുകയും അംഗങ്ങൾ വി. കുർബാനയിൽ പങ്കെടുത്ത് തൊമ്മച്ചന്റെ തുടർ നാമകരണനടപടികൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുക.

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖിലകേരള ക്വിസ് മത്സരം ഈ വർഷവും സമുചിതമായി നടത്തുന്നതായിരിക്കും. തീയതിയും സമയവും പിന്നാലെ അറിയിക്കുന്നതായിരിക്കും.

വി. തോമാശ്ലീഹായുടെ ദുക്റാനതിരുനാളിന്റെയും വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെയും ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 183-ാം ജന്മവാർഷികത്തിന്റെയും മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നമ്മുടെ സി.സി.യുടെ 65-ാമത് വാർഷികാഘോഷം ഇക്കഴിഞ്ഞ മെയ് 26ന് നടത്തുകയുണ്ടായല്ലോ. പോയ വർഷം യേശുനാഥൻ നമ്മുടെമേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്കു നന്ദി പറയുവാനും പുത്തൻ ഉണർവോടെയും ഉത്സാഹത്തോടെയും യേശുവിനു സാക്ഷ്യം വഹിക്കുന്നതിനു ലഭിച്ച ഒരു അവസരമായിട്ടും വേണം നാം ഇതിനെ കാണുവാൻ. വാർഷികാവലോകനം ഒറ്റ വാക്കിൽ ഒതുക്കിയാൽ, പുതിയ കോൺഫ്രൻസുകൾ സ്ഥാപിക്കുന്നതിലും അംഗങ്ങളെ ചേർക്കുന്നതിനും സമ്മേളനാവസരങ്ങളിൽ നമ്മുടേതായ വിഹിതം രഹസ്യപിരിവിലൂടെ നൽകുന്നതിലും ചാരിതാർത്ഥ്യജനകമായ പ്രവർത്തനമായിരുന്നുവെന്നുവേണം പറയുവാൻ.

എന്നാൽ കൂടുതലായി ഒരു അപഗ്രഥനം നടത്തിയാൽ, അതിലെ പോരായ്മകൾ ഓരോന്നായി മനസിലാക്കുവാൻ സാധിക്കും. ഓരോരുത്തരേയും എൽപിച്ചിരിക്കുന്ന വാർഷികറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തങ്ങളുടെ കോൺഫ്രൻസുകളെയും, എസികളെയും മറ്റുള്ളവയുമായി ഒരു താരതമ്യ പഠനം ആദ്യമേ തന്നെ നടത്തുക. അതുവഴി മനസിലാക്കുവാൻ സാധിക്കുന്ന പോരായ്മകൾ സ്വയം തിരുത്തുക. കോൺഫ്രൻസുകളിൽ പ്രസിഡന്റിന്റെ ഉത്തരവാദിത്വപൂർണ്ണമായ പ്രവർത്തനങ്ങളും, പ്രവർത്തകാംഗങ്ങൾ നിയമാവലിക്കനുസൃതമായി പ്രവർത്തിച്ചിട്ടുണ്ടോയെന്ന് സ്വയം ഒരു ആത്മശോധന ചെയ്യുകയും ചെയ്താൽ തീർച്ചയായും നാം ദൈവസന്നിധിയിൽ കൂടുതൽ സ്വീകാര്യരായിത്തീരും.

ഇവിടെ സ്വയം പര്യാപ്തമായ കുടുംബാംഗങ്ങളെക്കുറിച്ചോ, സമൂഹത്തെക്കുറിച്ചോ ചിന്തിക്കുന്നുണ്ടോ എന്നൊരു ചോദ്യം അവശേഷിക്കുന്നുണ്ട്. സമൂഹം എന്നുപറയുമ്പോൾ കോളേജുകളെയോ ആശുപത്രികളെയോ അല്ല ഉദ്ദേശിക്കുന്നത്, മറിച്ച് വൃദ്ധസദനത്തേയോ അതുപോലെയുള്ള നീതിക്കുവേണ്ടി പോരാടുന്ന മറ്റു സമൂഹത്തെയാണുദ്ദേശിച്ചത്. ഇവിടെ സഭയുടെ വളർച്ചയ്ക്കോ, പ്രേഷിത പ്രവർത്തനങ്ങളുടെ വ്യാപ്തിക്കോ, ഒരു പരിധിവരെ ബാധകമാകുന്നതായും കാണുന്നു. ഇവിടെ നാം മറന്നുപോകുന്ന ഒന്നുണ്ട്, വിശ്വാസത്തിന്റെ അനുഭവം. അതു കുറയുമ്പോൾ ദൈവവുമായുള്ള അടുപ്പവും കുറയുവാനിടയാകും. ഇവിടെ മനസിലാക്കേണ്ട വേറൊന്നുണ്ട്. പ്രാർത്ഥനയുടെ അനുഭവം. അവിടെ വചനം പങ്കുവയ്ക്കലിന്റെ പ്രാധാന്യത്തെക്കുറിച്ചും ചിന്തിക്കേണ്ടിയിരിക്കുന്നു. വായിച്ച വിശുദ്ധ ഗ്രന്ഥഭാഗത്തിൽ സ്പർശിച്ച വചനഭാഗം ആഴത്തിൽ വിചിന്തനം ചെയ്യണം. ഇതു നമ്മുടെ പ്രവർത്തനത്തിന്റെ ആദ്യപടിയായി സ്വീകരിച്ചശേഷം ദൗത്യനിർവ്വഹണത്തിലേക്കു കടക്കുക.

ഈ അവസരത്തിൽ പ്രസിസന്ധികൾ ഉണ്ടായാലും അതിനെ പരാജയമായി കണക്കാക്കാതെ, അതു തരണം ചെയ്യുന്നതിനുള്ള മാർഗ്ഗം തേടുക

യാണുവേണ്ടത്. ഏറ്റെടുത്ത ദൗത്യം ഉപകാരപ്രദവും ആവശ്യവുമാണെന്ന് എല്ലാവർക്കും ബോധ്യപ്പെടണം. ആരൊക്കെ എപ്പോൾ എന്തുചെയ്യണമെന്നും, ചുരുങ്ങിയ കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതുമാകുവാൻ ശ്രദ്ധ ചെലുത്തണം. ദൗത്യനിർവ്വഹണത്തിൽ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നുവെന്ന തോന്നൽ ഉണ്ടാകത്തക്കവിധത്തിൽ എല്ലാവരും സജീവമായും സ്വതന്ത്രമായും പ്രാർത്ഥിക്കണം. നമ്മുടെ പ്രവർത്തനാനുഭവത്തിൽ ഭവനസന്ദർശനവും ദത്തുകുടുംബസന്ദർശനവും ആവശ്യം വേണ്ടതാണെന്നുള്ള ചിന്ത എല്ലാവരിലും ഉണ്ടായിരിക്കണം. അവ ശരിയാംവിധം രേഖപ്പെടുത്തുന്നതിലും, വാർഷിക റിപ്പോർട്ടു തയ്യാറാക്കുമ്പോൾ മേൽഘടകത്തിനു കൊടുക്കുകയും ചെയ്യേണ്ടതാണ്. അന്തർദേശീയ തലത്തിൽ നാം ഒരു കുടുംബമായി പ്രവർത്തിക്കുമ്പോൾ നമ്മുടെ പ്രവർത്തനങ്ങൾ മറ്റുള്ളവർ മാതൃകയാകത്തക്കവിധത്തിലുള്ള പ്രവർത്തനം നമ്മുടെ ഭാഗത്തുനിന്നുണ്ടാകണം. പ്രവർത്തനത്തിൽ ഒരു ഏകോപനം ഉണ്ടാകുന്നതിനും അതു സഹായിക്കും.

നാം ഏറ്റം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം വർഷാവസാനത്തിലുള്ള നമ്മുടെ നീക്കിയിരുപ്പിനെക്കുറിച്ചാണ്. ഈ വർഷം മൊത്തം വരുമാനത്തിന്റെ 20% നീക്കിയിരിപ്പായിട്ടാണു കാണുന്നത്. മിച്ചം വരുന്ന തുക നമുക്കാവശ്യമില്ലാത്തതാണെന്നും ഇതാണ് മുകൾഘടകങ്ങളുടെ വിലയിരുത്തൽ. അങ്ങനെ വരുമ്പോൾ മിച്ചം വരുന്ന തുക അതായത് ക്ലോസിംഗ് ബാലൻസ് ആവശ്യത്തിലിരിക്കുന്ന മറ്റു സി.സി.കളിലേക്ക് മാറ്റണമെന്നും നിർദ്ദേശിക്കുവാൻ നാഷണൽ കൗൺസിലിനധികാരമുണ്ട്. ദേശീയ വാർഷികത്തിൽ അതു ചർച്ചാവിഷയമാവുകയും ചെയ്യുന്നുണ്ട്. അത് ഓരോ കോൺഫ്രൻസുകളും മനസിലാക്കേണ്ടതുണ്ടെന്നറിയുന്നു.

## സി.സി. മീറ്റിംഗ്

അടുത്ത സി.സി. മീറ്റിംഗ് ജൂലൈ 13ന് ശനിയാഴ്ച (രണ്ടാം ശനി) സി.സി. ഓഫീസിൽ കൂടുന്നതാണ്. കാലത്ത് 09.45ന് സമ്മേളനം ആരംഭിക്കത്തക്കവിധത്തിൽ എല്ലാവരും വന്നുചേരണം. കഴിഞ്ഞ വാർഷികത്തെക്കുറിച്ച് ഒരു അവലോകനം പ്രധാന ചർച്ചാവിഷയമായിരിക്കും.

പരമകാരുണ്യവാനായ ദൈവം നമ്മുടെ ഓരോ പ്രവർത്തനങ്ങൾക്കും ഉചിതമായ പ്രതിഫലം തീർച്ചയായും നൽകും. അതുവഴി നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹത്തോടെ,
**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

### 1. 'ആരോഗ്യഗ്രാമം മുട്ടാർ' ഉദ്ഘാടനം ജൂൺ 22,23 തീയതികളിൽ നടത്തപ്പെട്ടു.

മഹാപ്രളയത്തിൽ തകർന്നടിഞ്ഞ മുട്ടാർ ഗ്രാമത്തിലെ ജനതയുടെ ആരോഗ്യം സംരക്ഷിക്കുവാനും, കുടിവെള്ള പ്രശ്നത്തിനും, ശൗചാലയങ്ങളുടെ ശോചനീയാവസ്ഥയ്ക്കും ഒരു പരിധിവരെ പരിഹാരം കാണുവാനുമുള്ള പദ്ധതിയാണ് 'ആരോഗ്യഗ്രാമം മുട്ടാർ'. കൺസേൺ ഇന്ത്യ ഫൗണ്ടേഷന്റെ സഹായത്തോടെ ഒരു വർഷം നീണ്ടുനില്ക്കുന്ന പദ്ധതികളാണ് ചാരിറ്റിവേൾഡ് ട്രസ്റ്റ് മുട്ടാറിൽ നടപ്പിലാക്കുക. വാർഡുകൾതോറും മൊബൈൽ ലാബിന്റെ സഹായത്തോടെ ആരോഗ്യപരിശോധന നടത്തി ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നു. ക്യാൻസർ ക്ലബ്ബ്, ഡയബറ്റിക് ക്ലബ്ബ് എന്നിവ രൂപീകരിക്കുന്നു. നല്ല ശീലങ്ങളായ യോഗ ക്ലബ്ബ്, വാക്കേഴ്സ് ക്ലബ്ബ് എന്നിവയും പ്രോത്സാഹിപ്പിക്കുന്നു. സെപ്റ്റിക് ടാങ്കുകൾ, ആർ.ഒ.പ്ലാന്റുകൾ, മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നു.

### 2. 'ആരോഗ്യഗ്രാമം' വെളിയനാടും രാമങ്കരിയിലും

മുട്ടാർ ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിക്കുന്ന ആരോഗ്യഗ്രാമത്തിന്റെ സംവിധാനങ്ങൾ കൺസേൺ ഇന്ത്യ ഫൗണ്ടേഷൻ താല്പര്യപ്പെട്ടതു കൊണ്ട് രണ്ടു പഞ്ചായത്തുകൾ കൂടി ഏറ്റെടുക്കുവാൻ ചാരിറ്റി വേൾഡിനോട് ആവശ്യപ്പെട്ടിരിക്കുന്നു. അതിനാൽ വെളിയനാട്, രാമങ്കരി എന്നീ രണ്ടു പഞ്ചായത്തുകൾ കൂടി ഏറ്റെടുക്കുകയാണ്. പ്രത്യാശ മോഡൽ രീതിയാണ് ആരോഗ്യഗ്രാമത്തിനായി അവലംബിക്കുക. ഇതിനോടകം 122 പഞ്ചായത്തുകളിൽ നടപ്പാക്കിയ പ്രത്യാശ മോഡലിന്റെ അനുഭവമാണ് ചാരിറ്റി വേൾഡിന്റെ കരുത്ത്.

### 3. പ്രവേശനോത്സവം പ്രതിഷേധദിനമായി ആചരിച്ചു.

2019 ജൂൺ 6-ാംതീയതി കേരളത്തിലെ സ്ക്കൂളുകളിൽ പ്രവേശനോത്സവം നടന്നുവെങ്കിൽ കേരളത്തിലെ സ്പെഷ്യൽ സ്ക്കൂളുകൾ 'പ്രതിഷേധദിന'മായി ആചരിച്ചു. കേരളഗവൺമെന്റ് സ്പെഷ്യൽ സ്ക്കൂളുകളോടു കാട്ടുന്ന അവഗണനയ്ക്കെതിരെയാണ് പ്രതിഷേധിച്ചത്. സ്പെഷ്യൽ സ്ക്കൂളുകൾക്കുള്ള ഗ്രാന്റ് കൃത്യമായി കിട്ടുക, ഗ്രേഡിംഗ് സംവിധാനം നടപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുള്ള നിവേദനം ചങ്ങനാശേരി എം.എൽ.എ. സി.എഫ്.തോമസിനു നല്കി. ജൂൺ 6-ാം തീയതി 2 മണിക്ക് തിരുഹൃദയനിവാസിൽ കൂടിയ പ്രതിഷേധ സമ്മേളനത്തിൽ ഫാ.സെബാസ്റ്റ്യൻ പുന്നശേരി അദ്ധ്യക്ഷത വഹിച്ചു. സി.ഉവർ ജോസ് എസ്.ഡി, സി.ിയോ മരിയ എഫ്.സി.സി, സി. ജെയിൻ മേരി എന്നിവർ പ്രസംഗിച്ചു.

### 4. അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സംയുക്ത പരിശീലനം

ജൂൺ 1-ാം തിയതി ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ മാനസിക ഭിന്നശേഷിക്കാരെ പരിശീലിപ്പിക്കുന്ന ചങ്ങനാശേരിയിലെ നാലു സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും നടന്ന പരിശീലന പരിപാടി ചങ്ങനാശേരി അതിരൂപത ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. ഇത്തിത്താനം ആശാഭവൻ, തിരുഹൃദയ

നിവാസ്, ജീവോദയ, ജിമ്മി പടനിലം സെന്റർ എന്നീ സ്പെഷ്യൽ സ്ക്കൂളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വേണ്ടിയായിരുന്നു പരിശീലനം സംഘ ടിപ്പിച്ചത്. ഫാ. ജോൺസൺ തുണ്ടിയിൽ, ഫാ. ജോസ് നിലവന്തറ എന്നിവർ ക്ളാസ്സുകൾ നയിച്ചു.

## 5. പരിസ്ഥിതി ദിനം - മുട്ടാറിൽ

ചങ്ങനാശേരി ചാരിറ്റി വേൾഡ് മുട്ടാർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ആരോഗ്യഗ്രാമം പദ്ധതിയുടെ ഭാഗമായി ജൂൺ 7-ാം തീയതി പരിസ്ഥിതി ദിനം ആയി ആചരിച്ചു. വായു മലിനീകരണം തടയുവാൻ ആര്യവേപ്പിൻ തൈകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നട്ടുകൊണ്ട് മിത്രക്കരി സെന്റ്. സേവ്യേഴ്സ് സ്ക്കൂളിലെയും, മുട്ടാർ സെന്റ്. ജോർജ്ജ് ഹയർ സെക്കൻഡറി സ്ക്കൂളിലെയും വിദ്യാർത്ഥികളാണ് പരിസ്ഥിതി ദിനം അർത്ഥവത്തായി ആഘോഷിച്ചത്. കൊച്ചു കുട്ടികൾ മുതൽ മുതിർന്ന വിദ്യാർത്ഥികൾ വരെയുള്ളവരാണ് ഈ സത്ക്കർമ്മത്തിൽ പങ്കാളികളായത്. ഒരു ഗ്രാമത്തെ ആരോഗ്യമുള്ള ഗ്രാമമാക്കു വാനുള്ള ഗ്രാമ പഞ്ചായത്തിന്റയും ചാരിറ്റി വേൾഡിന്റെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങൾക്ക് ചങ്ങനാശേരി ബുള്ളറ്റ് ക്ലബ്ബും ആര്യവേപ്പിൻ തൈകൾ വിതരണം ചെയ്തുകൊണ്ട് സഹകാരികളായി. മുട്ടാർ സെന്റ്. ജോർജ്ജ് ഹയർ സെക്കൻഡറി സ്ക്കൂൾ മാനേജർ ഫാ. തോമസ് തയ്യിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം ഫാ. സെബാസ്റ്റ്യൻ പുന്നശേരി ഉദ്ഘാടനം ചെയ്തു. മിത്രക്കരി സെന്റ്. സേവ്യേഴ്സ് സ്ക്കൂൾ ഹെഡ്മിസ്ട്രസ് റോസമ്മ സെബാസ്റ്റ്യൻ, ബുള്ളറ്റ് ക്ലബ്ബ് മെമ്പർ ബിൻസു, ബിനു, ജോമോൻ വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

## 6. പട്ടിണിരഹിത ചങ്ങനാശേരി താലൂക്ക് - ഭക്ഷണകിറ്റുകളുടെ വിതരണം ജൂൺ 10-ന് നടന്നു.

ചങ്ങനാശേരി താലൂക്കിൽ പട്ടിണിയിൽ കഴിയുന്ന 100 കുടുംബങ്ങൾക്ക് ഭക്ഷണസാധനങ്ങൾ അടങ്ങിയ കിറ്റുകൾ ജൂൺ 10-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് ചീരഞ്ചിറ ജിമ്മി പടനിലം സെന്ററിൽ വിതരണം ചെയ്തു.

## 7. മാടപ്പള്ളിയുടെ കാരുണ്യസ്പർശം

മാടപ്പള്ളി പഞ്ചായത്തിൽ 20-ാം വാർഡിൽ താമസിക്കുന്ന മുര്യൻകാവുങ്കൽ വീട്ടിൽ ബിജുവിന്റെ ഭാര്യ 45 വയസ്സുള്ള മിനിക്കുവേണ്ടി മാടപ്പള്ളി പഞ്ചായത്ത് ഒന്നിച്ചു. ഇരുവൃക്കകളും തകരാറിലായ മിനിയുടെ ശസ്ത്രക്രിയയ്ക്കു വേണ്ടി 15 ലക്ഷം രൂപ സമാഹരിക്കുവാൻ മാടപ്പള്ളിയിലെ 1, 2,7,8,19,20 എന്നീ 6 വാർഡു കൾ ഒന്നിച്ചു. ജൂൺ 9-ാം തീയതി ഞായറാഴ്ച രാവിലെ 9 മുതൽ 2 മണി വരെ നടന്ന ധനസമാഹരണത്തിൽ 15 ലക്ഷത്തിന് പകരം 22.50 ലക്ഷം രൂപ സമാഹ രിച്ചു.

## 8. ഭവനങ്ങളുടെ ശിലാസ്ഥാപനം

2018 - ലെ മഹാപ്രളയത്തിൽ ഭവനരഹിതരായവർക്ക് ചങ്ങനാശേരി പെരുമ്പു ഴക്കടവിൽ 6 ഭവനങ്ങൾ ഒരുങ്ങുന്നു. ജൂൺ 8-ാം തീയതി ഉച്ചകഴിഞ്ഞ് 4 മണിക്ക് ഭവനങ്ങളുടെ ശിലാസ്ഥാപനം സി.എഫ്.തോമസ് എം.എൽ.എ നിർവ്വഹിച്ചു. മുൻ സിപ്പൽ ചെയർമാൻ ലാലിച്ചൻ കുന്നിപ്പറമ്പിൽ അദ്ധ്യക്ഷനായ ശിലാസ്ഥാപന സമ്മേളനം സി.എഫ്.തോമസ് ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി ക്ലബ്ബ് പ്ര സിഡന്റ് ചാൾസ് മാത്യു പാലാത്ര സ്വാഗതം നേർന്ന സമ്മേളനത്തിൽ ബിഫി വർഗ്ഗീസ് പുല്ലുകാട്, എൻ.എസ്.എസ് ചങ്ങനാശേരി താലൂക്ക് യൂണിയൻ പ്ര

സിഡന്റ് ഹരികുമാർ കോയിക്കൽ, എസ്.എൻ.ഡി.പി ചങ്ങനാശേരി താലൂക്ക് യൂണിയൻ പ്രസിഡന്റ് ഗിരീഷ് കോനാട്, സതീഷ് ഐക്കര, ഫാ. സെബാസ്റ്റ്യൻ പുന്നശേരി, ഫാ. ജോസ് നിലവന്തറ, ഫാ. ജോഫി പുതുപ്പറമ്പിൽ, വിനു ജോബ് എന്നിവർ പ്രസംഗിച്ചു. പി.പി. വർഗ്ഗീസ് പുല്ലുകാട് മെമ്മോറിയൽ വകയായി ബിഫി വർഗ്ഗീസ് പുല്ലുകാട് പെരുമ്പുഴക്കടവിൽ നല്കിയ 40 സെന്റ് സ്ഥലത്ത് ആദ്യഘട്ടത്തിൽ പണിയുന്ന 6 ഭവനങ്ങൾ ചങ്ങനാശേരി ക്ലബ്ബും ചാരിറ്റി വേൾഡും മീഡിയാ വില്ലേജും സംയുക്തമായിട്ടാണ് നിർമ്മിച്ച് നല്കുന്നത്. 2018-ലെ ചങ്ങനാശേരി മെഗാഫെസ്റ്റിന്റെ മുഖ്യലക്ഷ്യമായ പ്രളയബാധിതർക്ക് ഭവനങ്ങൾ യാഥാർത്ഥ്യമാകുന്നതിൽ എല്ലാവരും സന്തോഷം പ്രകടിപ്പിച്ചു.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**

എക്സിക്യൂട്ടീവ് ഡയറക്ടർ

മാധ്യമജാഗ്രതയുടെ ഭാഗമായി ചങ്ങനാശേരി മീഡിയാ കമ്മീഷൻ ആരംഭിച്ചിരിക്കുന്നു ന്യൂസ് പോർട്ടൽ വെബ്സൈറ്റാണ് darsanam.online ഈ ന്യൂസ് പോർട്ടലിന്റെ മൊബൈൽ ആപ് ഇപ്പോൾ Playstore-ൽ ലഭ്യമാണ്. DARSANAM ONLINE NEWS PORTAL എന്ന് type ചെയ്തോ താഴെ കൊടുത്തിരിക്കുന്നു QR code scan ചെയ്തോ ആപ് ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്.

*ചാസ് 69-ാം പേജ് തുടർച്ച...*

ഡയറക്ടർ റവ. ഫാ. റ്റിജോ മതിലകത്തുകുഴിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു.

## ട്രസ്റ്റ് രജിസ്ട്രേഷൻ നടത്തി

പുളിംകുന്ന് മേഖലയിലെ കണ്ണാടി, പുന്നക്കുന്നം യൂണിറ്റുകൾ 2019 ജൂൺ മാസം ട്രസ്റ്റ് രജിസ്ട്രേഷൻ നടത്തി.

## ക്രെഡിറ്റ് യൂണിയൻ സംഗമം

പടഹാരം യൂണിറ്റിൽ ജൂൺ 11-ാം തീയതി ക്രെഡിറ്റ് യൂണിയൻ ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. ക്രെഡിറ്റ് യൂണിയന്റെ ഉദ്ദേശലക്ഷ്യങ്ങളെപ്പറ്റി കോ-ഓർഡിനേറ്റർ ശ്രീ. ബിനു ജോസഫും പ്രവർത്തനരീതികളെപ്പറ്റി യൂണിറ്റ് ആഡിറ്റർ കെ.സി. ജോർജ്ജും സംസാരിച്ചു. 58 അംഗങ്ങൾ പങ്കെടുത്തു.

## തയ്യൽ പരിശീലനം ഉദ്ഘാടനം

അതിരമ്പുഴ യൂണിറ്റിൽ സ്വയം തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി ജൂൺ 24 ന് മൂന്നുമാസം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. 30 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

''പരിശുദ്ധാത്മാവിലുള്ള സ്നാനം ലോകം മുഴുവൻ പങ്കുവെയ്ക്കപ്പെടണം. സഭ മുഴുവനും യേശുക്രിസ്തുവിന്റെ ശരീരത്തിൽ ഐക്യപ്പെടുവാനും ദരിദ്രരെ പരിഗണിക്കാനും അവരെ ശുശ്രൂഷിക്കുവാനും നമുക്ക് കഴിയണം. സുവിശേഷവൽക്കരണം എന്നാൽ മതപരിവർത്തനമല്ല പ്രത്യുത സ്നേഹം പങ്കുവെയ്ക്കലാണ്. സ്നേഹമില്ലാതെയുള്ള സുവിശേഷവൽക്കരണ പദ്ധതികളെല്ലാം ഫലശൂന്യമാണ്. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ യഥാർത്ഥ സാക്ഷ്യം നൽകലാണ് സുവിശേഷവൽക്കരണം'' (ഫ്രാൻസിസ് പാപ്പാ - ഈ പെന്തക്കുസ്താ തിരുനാളിൽ (ജൂൺ 8) പുതുതായി വത്തിക്കാനിൽ വെച്ച് രൂപീകരിക്കപ്പെട്ട CHARISന്റെ ഉദ്ഘാടനവേളയിലെ പ്രസംഗത്തിൽനിന്ന്).

## CHARIS ഫ്രാൻസിസ് പാപ്പയുടെ ആശീർവ്വാദത്തോടെ സാർത്ഥകമായി

ലോകമെമ്പാടുമുള്ള എല്ലാ കരിസ്മാറ്റിക് പ്രവർത്തനങ്ങളെയും ഉടമ്പടി കൂട്ടായ്മകളെയും (Covenant Communities) ഒരു കുടക്കീഴിൽ അണിനിരത്തിക്കൊണ്ട് അല്മായർക്കും കുടുംബത്തിനുമായുള്ള വത്തിക്കാൻ തിരുസംഘത്തിന്റെ തലവനായ കർദ്ദിനാൾ Kevin Farrel-ന്റെ നേതൃത്വത്തിൽ രൂപവൽക്കരിക്കപ്പെട്ടിരിക്കുന്ന CHARIS (Catholic Charismatic Renewal International Service) ഫ്രാൻസിസ് മാർപാപ്പായുടെ ആശീർവ്വാദത്തോടെ സാർത്ഥകമായി. വത്തിക്കാനിൽ ജൂൺ മാസം 6 മുതൽ 8 വരെ നടത്തപ്പെട്ട, 6000-ത്തോളം അംഗങ്ങൾ ഒത്തുചേർന്ന, അന്താരാഷ്ട്ര കരിസ്മാറ്റിക് പ്രതിനിധിയോഗത്തിൽ വെച്ചാണ് ഫ്രാൻസിസ് പാപ്പാ CHARIS ന്റെ ഉദ്ഘാടനം നിർവഹിച്ചത്. മറ്റു സഭാത്മക മുന്നേറ്റങ്ങൾ പോലെ CHARIS നു ഒരു പ്രത്യേക ഘടനയോ സ്ഥാപകരോ ഇല്ല.

ലോകത്തിലുള്ള എല്ലാ കരിസ്മാറ്റിക് പ്രവർത്തകർക്കും സേവനം ചെയ്യുവാനായി രൂപവൽക്കരിക്കപ്പെട്ടിരിക്കുന്ന അനിതരസാധാരണമായ ഒരു അന്താരാഷ്ട്ര കൂട്ടായ്മയാണിതെന്ന് പാപ്പാ പറഞ്ഞു. ഭരണല്ല, സേവനമാണ് സഭയുടെ മുഖമുദ്ര. സഭയിലെ നവീകരണ പ്രവർത്തനങ്ങളുടെ മുന്നോട്ടുള്ള ഗമനത്തെ സുഗമമായി നയിക്കുന്ന, തികച്ചും സേവനസന്നദ്ധതയുള്ള ഒരു സമിതിയായി ഇത് പ്രവർത്തിക്കണമെന്നും പാപ്പാ ഓർമ്മിപ്പിച്ചു.

## രണ്ടാം ശനിയാഴ്ച കൂട്ടായ്മ

പതിവുപോലെ ജൂൺ എട്ടാം തീയതി ഉച്ചകഴിഞ്ഞ് രണ്ടുമണി മുതൽ അഞ്ചുമണി വരെ സോണിലെ എല്ലാ സബ്സോണുകളേയും പ്രതിനിധീകരിക്കുന്ന അംഗങ്ങൾ കത്തീഡ്രൽ കബറിട ദൈവാലയത്തിൽ ഒന്നിച്ചുകൂടുകയും പ്രാർത്ഥിക്കുകയും സോണിന്റെ ആകമാനം പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ഇടവകതോറും കൂട്ടായ്മകൾ രൂപീകരിക്കുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് ചിന്തിച്ചുകൊണ്ട് എല്ലാവരും താത്പര്യപൂർവ്വം ചർച്ചകളിൽ പങ്കെടുത്തു.

## സബ്റീജിയൻ ഫോർമേഷൻ പ്രോഗ്രാം

പാലാ ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽവെച്ച് ജൂൺമാസം 28-29 തീയതികളിൽ സബ്റീജിയൻ ഫോർമേഷൻ പ്രോഗ്രാം സംഘടിപ്പിക്കപ്പെടുന്നു. ബഹു. KST ചെയർമാൻ ഫാ. ജോസഫ് താമരവെളിയച്ചന്റെയും മറ്റു വൈദീകരുടേയും പ്രഗത്ഭരായ അൽമായശുശ്രൂഷകരുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന ദ്വിദിന ഫോർമേഷൻ പ്രോഗ്രാമിൽ നാല് സോണുകളിൽ നിന്നുമുള്ള 150-ഓളം അംഗങ്ങളെ പ്രതീക്ഷിക്കുന്നു.

## സോണൽ സർവീസ് ടീം മീറ്റിംഗ്

ജൂൺമാസത്തെ സോണൽ സർവീസ് ടീം മീറ്റിംഗ് പതിനെട്ടാം തീയതി രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ സോണൽ ആനിമേറ്ററച്ചന്റെ പുതിയ ഇടവകയായ വില്ലൂന്നി ദൈവാലയത്തിന്റെ മീറ്റിംഗ് ഹാളിൽ നടത്തപ്പെട്ടു. യോഗത്തിൽ, 2019 നവംബർമാസത്തിൽ നടക്കാനിരിക്കുന്ന ചങ്ങനാശേരി കരിസ്മാറ്റിക് കൺവെൻഷന്റെ വെന്യൂവായി മുൻപ് നിശ്ചയിച്ചിരുന്ന വേരൂർ ഇടവക ദൈവാലയം ചില സാങ്കേതിക കാരണങ്ങളാൽ നൽകാനാകില്ലെന്ന് വികാരിയച്ചൻ അറിയിച്ചതായി ബഹു. താന്നിയത്ത് അച്ചൻ പറഞ്ഞു. പുതിയ വെന്യൂ കണ്ടുപിടിക്കുവാനും അതിന്റെ സാദ്ധ്യതകൾ പരിശോധിക്കുവാനുമായി സോണൽ കോർഡിനേറ്ററെ ചുമതലപ്പെടുത്തി.

താന്നിയത്ത് അച്ചന്റെ പ്രവർത്തനമേഖല സോണിന്റെ അതിർത്തിയിൽനിന്നും വളരെയധികം ദൂരെ ആയതിനാലും ഇടവകയിലെ തിരക്കേറിയ പ്രവർത്തനങ്ങളുടെ കൂടെ സോണിന്റെ കാര്യങ്ങൾ വേണ്ടവിധം ശ്രദ്ധിക്കാൻ കഴിയാത്ത സ്ഥിതി നിലകൊള്ളുന്നതിനാലും സോണിന്റെ പ്രവർത്തനങ്ങളെ സഹായിക്കുവാനായി കരിസ്മാറ്റിക് അനുഭാവമുള്ള ഒരു അസിസ്റ്റന്റ് ആനിമേറ്ററെ പ്രാർത്ഥനാപൂർവ്വം കണ്ടെത്തണമെന്ന് അച്ചൻ ആവശ്യപ്പെട്ടു. അതുപോലെ ഇപ്പോഴത്തെ സ്ഥിതിവിവരങ്ങൾ പിതാവിനെ ധരിപ്പിക്കണമെന്നും അച്ചൻ അറിയിച്ചു.

മൂന്നുമണിക്ക് പ്രാർത്ഥനയോടെ മീറ്റിംഗ് പര്യവസാനിച്ചു.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)
ഫോൺ: 9446903631

**ടോമിച്ചൻ പുല്ലങ്കാവുങ്കൽ**
(കോ-ഓർഡിനേറ്റർ)
ഫോൺ: 9061954230

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



143

# പുരോഹിതനും പ്രേഷിതാഭിമുഖ്യവും

(തിരുവചനഭാഗം: ശ്ലീഹ 18,1-28)

പൗലോസ്ശ്ലീഹായുടെ കോറിന്തോസിലുള്ള പ്രേഷിതപ്രവർത്തനമാണ് ശ്ലീഹന്മാരുടെ നടപടി 18-ാം അദ്ധ്യായത്തിലെ പ്രധാനവിഷയം. ഈ അദ്ധ്യായത്തെ അഞ്ചു ഭാഗങ്ങളായി തിരിക്കാം.

1. പൗലോസ് കോറിന്തോസിൽ (18,1-4)
2. പൗലോസിന്റെ കോറിന്തോസിലെ പ്രവർത്തനം (18,5-11)
3. പൗലോസ് ന്യായാസനത്തിനു മുമ്പിൽ (18,12-17)
4. പൗലോസ് അന്ത്യോക്യായിൽ തിരിച്ചെത്തുന്നു (18,18-23)
5. അപ്പോളോസ് എഫേസോസിൽ (18,24-28)

കോറിന്തോസ് ആഥൻസിനു പടിഞ്ഞാറായി സ്ഥിതിചെയ്തിരുന്ന ഒരു തുറമുഖപട്ടണമായിരുന്നു. സാമ്പത്തികനേട്ടംമാത്രം ലക്ഷ്യമാക്കി ജീവിതം നയിച്ചിരുന്നവരുടെ നഗരം. അസന്മാർഗികതയും കുത്തഴിഞ്ഞ ജീവിതവും നയിച്ചിരുന്ന ജനതയുടെ കേന്ദ്രമായിരുന്നു അത്. അവിടെ പൗലോസ്ശ്ലീഹാ നിർവഹിച്ച സുവിശേഷപ്രഘോഷണം പ്രേഷിതാഭിമുഖ്യമുള്ള പുരോഹിതശുശ്രൂഷയ്ക്ക് പ്രചോദനാത്മകമാണ്.

## 1. പ്രേഷിതാഭിമുഖ്യവും ജോലിയും

*"അവർ ഓരേ തൊഴിൽക്കാരായിരുന്നതുകൊണ്ട് അവൻ അവരുടെ കൂടെ താമസിക്കുകയും ഒന്നിച്ചു ജോലി ചെയ്യുകയും ചെയ്തു. കൂടാരപ്പണിയായിരുന്നു അവരുടെ ജോലി. എല്ലാ സാബത്തിലും അവൻ സിനഗോഗിൽവച്ച് സംവാദത്തിൽ ഏർപ്പെടുകയും യഹൂദരെയും ഗ്രീക്കുകാരെയും വിശ്വസിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു"* (18,3-4).

കോറിന്തോസിൽവച്ച് പൗലോസ്ശ്ലീഹാ അക്വീലായെയും അയാളുടെ ഭാര്യ പ്രിഷില്ലായെയും പരിചയപ്പെട്ടു. അവർ റോമിൽനിന്നു വന്നവരായിരുന്നു. അവർ റോമാ വിടുവാനുണ്ടായ സാഹചര്യം ലൂക്കാ വിവരിക്കുന്നുണ്ട്. ക്ലോഡിയസ് ചക്രവർത്തി യഹൂദന്മാരെയെല്ലാം അവിടെനിന്നു ബഹിഷ്കരിക്കുവാൻ ആജ്ഞ പുറപ്പെടുവിച്ചു. അതനുസരിച്ച് യഹൂദരായ അവർ തലസ്ഥാനനഗരത്തിൽനിന്നും തങ്ങളുടെ വാസം കോറിന്തോസിലേക്കു മാറ്റുകയായിരുന്നു. ക്രിസ്ത്വാബ്ദം 2-ാം നൂറ്റാണ്ടിൽ ഡ്യൂട്ടോണിയസ് എഴുതിയ ക്ലോഡിയസിന്റെ ജീവചരിത്രത്തിൽ

(XXV: 4) ഇങ്ങനെയൊരു പ്രസ്താവനയുണ്ട്: ''ക്രെസ്തൂസിന്റെ പ്രേരണയാൽ യഹൂദന്മാർ നിരന്തരം കലഹം ഉണ്ടാക്കിക്കൊണ്ടിരുന്നു. തന്മൂലം ചക്രവർത്തി അവരെ റോമിൽനിന്നും ബഹിഷ്കരിച്ചു''. 'ക്രിസ്തൂസ്' എന്നതായിരിക്കാം 'ക്രെസ്തൂസ്' എന്നു കാണപ്പെടുന്നത്. യഹൂദന്മാരിൽ ക്രിസ്തുവിശ്വാസം സ്വീകരിക്കാത്തവർ ആ വിശ്വാസം സ്വീകരിച്ചവരെ അടിച്ചമർത്തുവാൻ ചെയ്ത ശ്രമമായിരിക്കാം ആ കലഹത്തിനു കാരണം.

റോമിൽനിന്നു വന്ന അക്വീലായും കുടുംബവും പൗലോസും ഉപജീവന ത്തിനു കൂടാരപ്പണി ചെയ്തുവന്നതിനാൽ അവർ തമ്മിലുള്ള പരിചയം കൂടു തൽ ദൃഢതരമായിത്തീർന്നു. യഹൂദപാരമ്പര്യത്തിൽ ശാസ്ത്രാദ്ധ്യാപകന്മാർ തങ്ങളുടെ ജോലിക്ക് ശമ്പളം വാങ്ങുമായിരുന്നില്ല. അതിനാൽ അവർ സ്വന്തം കാലയാപനത്തിനുവേണ്ടി എന്തെങ്കിലുമൊരു തൊഴിൽ ചെയ്തുവന്നിരുന്നു. പൗലോസ് അതു നിർവഹിച്ചിരുന്ന വസ്തുത പുതിയനിയമത്തിൽ പലയിടത്തും എടുത്തുപറയുന്നു (ശ്ലീഹ 18,3; 20,34; 1 കൊറി 4,12; 9,15). കൂടാരപ്പണി എന്നത് തോൽകൊണ്ടോ, ആടിന്റെ രോമംകൊണ്ടോ വസ്ത്രങ്ങളും മറ്റും നിർമ്മിക്കുന്ന തൊഴിലായിരുന്നു. ജോലിചെയ്യുന്നതോടൊപ്പം, എല്ലാ സാബത്തിലും സിനഗോ ഗിൽ പോയി സംവാദത്തിൽ ഏർപ്പെടുകയും യഹൂദരെയും ഗ്രീക്കുകാരെയും പൗലോസ് വിശ്വസിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. ജോലിയും പ്രേ ഷിതാഭിമുഖ്യവും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ല. ക്രൈസ്തവരെ സംബ ന്ധിച്ചിടത്തോളം ജോലിയിലൂടെത്തന്നെയാണ് പ്രേഷിതാഭിമുഖ്യം പുലർത്തേ ണ്ടതും പ്രേഷിതപ്രവർത്തനം ചെയ്യേണ്ടതും. പുരോഹിതനെ സംബന്ധിച്ചും ഇതു പ്രസക്തമാണ്. അനുദിനജോലിയിലൂടെ പ്രേഷിതപ്രവർത്തനം ചെയ്യാൻ പുരോഹിതൻ അത്മായരെ പ്രബുദ്ധരാക്കുകയും ചെയ്യണം.

## 2. പ്രേഷിതാഭിമുഖ്യവും പ്രതികൂലസാഹചര്യങ്ങളും

*''അവിടംവിട്ട് അവൻ ദൈവഭക്തനായ തീസിയോസ് യൂസ്തോസ് എന്നൊ രുവന്റെ വീട്ടിലേക്കു പോയി. സിനഗോഗിനു തൊട്ടടുത്തായിരുന്നു അവന്റെ വീട്. സിനഗോഗധികാരിയായ ക്രിസ്പൂസും അവന്റെ കുടുംബം മുഴുവനും കർത്താവിൽ വിശ്വസിച്ചു. കോറിന്തോസുകാരിൽ പലരും വചനംകേട്ടു വിശ്വസി ക്കുകയും ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു. രാത്രിയിൽ കർത്താവ് ദർശനത്തിൽ പൗലോസിനോടു പറഞ്ഞു: ഭയപ്പെടേണ്ട, നിശ്ശബ്ദനായിരിക്കാതെ പ്രസംഗിക്കുക. എന്തെന്നാൽ, ഞാൻ നിന്നോടുകൂടെയുണ്ട്. ആരും നിന്നെ ആക്രമിക്കുകയോ ഉപദ്രവിക്കുകയോ ഇല്ല. ഈ നഗരത്തിൽ എനിക്ക് വളരെ ആളുകളുണ്ട്''* (18,7-10).

പൗലോസ് സീലാസിനെയും തിമോത്തിയോസിനെയും ബറോവായിൽ വിട്ട ശേഷമാണല്ലോ ആഥൻസിലേക്കു പോയത്. വേഗത്തിൽ തന്നോടുചേരണമെന്ന് പൗലോസ് നല്കിയിരുന്ന നിർദ്ദേശമനുസരിച്ച് അവർ കോറിന്തോസിലെത്തി. സഹപ്രവർത്തകരുടെ വരവുവരെ പൗലോസ് അദ്ധ്വാനിച്ച് ഉപജീവനം കഴി ക്കുകയും സാബത്തുകളിൽ സിനഗോഗിൽ പ്രസംഗിക്കുകയും ചെയ്തുവന്നു. എന്നാൽ സഹപ്രവർത്തകരുടെ വരവിനുശേഷം പൗലോസ് മുഴുവൻ സമയവും സുവിശേഷപ്രഘോഷണത്തിൽ ഏർപ്പെടുവാൻ തുടങ്ങി. സീലാസും തിമോ ത്തിയോസും കൊണ്ടുവന്ന ധനസഹായംമൂലമായിരിക്കാം ഇതു സാദ്ധ്യമായത്. പൗലോസിന്റെ സുവിശേഷപ്രഘോഷണം ക്രിസ്തുവിശ്വാസികളായ യഹൂദരും

മറ്റു യഹൂദരും തമ്മിൽ ഒരു വേർതിരിവുണ്ടാക്കി. വിശ്വാസം സ്വീകരിക്കാതിരുന്ന യഹൂദരുടെ എതിർപ്പുമൂലം പൗലോസ് കോറിന്തോസിലെ സിനഗോഗിനോടു യാത്ര പറഞ്ഞു പിരിയുകയും, പിന്നീട് തീസിയോസ് യൂസ്തോസ് എന്നയാളുടെ ഭവനം കേന്ദ്രീകരിച്ച് സുവിശേഷപ്രഘോഷണം തുടരുകയും ചെയ്തു. അതിന്റെ ഫലമായി സിനഗോഗധികാരിയായ ക്രിസ്പൂസും അവന്റെ കുടുംബം മുഴുവനും കോറിന്തോസുകാരിൽ പലരും കർത്താവിൽ വിശ്വസിക്കുകയും ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു (18,8).

ഈ പശ്ചാത്തലത്തിൽ, പൗലോസിന് രാത്രിയിൽ കർത്താവിന്റെ ദർശനമുണ്ടായി. കർത്താവു പൗലോസിനോടു പറഞ്ഞു: ''ഭയപ്പെടേണ്ട, നിശബ്ദനായിരിക്കാതെ പ്രസംഗിക്കുക. എന്തെന്നാൽ ഞാൻ നിന്നോടുകൂടെയുണ്ട്. ആരും നിന്നെ ആക്രമിക്കുകയോ ഉപദ്രവിക്കുകയോ ഇല്ല. ഈ നഗരത്തിൽ എനിക്കു വളരെ ആളുകളുണ്ട്'' (18,9-10). സുവിശേഷപ്രഘോഷണശുശ്രൂഷയുടെ പിന്നിലുള്ള ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ രഹസ്യാത്മകസ്വഭാവമാണ് ഇവിടെ വ്യക്തമാകുന്നത്. മനുഷ്യസ്വാതന്ത്ര്യത്തെ ബഹുമാനിച്ചുകൊണ്ടുള്ള ഡയലോഗ് രീതിയിലാണ് ദൈവം മനുഷ്യനുമായി കണ്ടുമുട്ടുന്നത്. ദൈവത്തിന്റെ സ്വന്തം ജനമായി തിരഞ്ഞെടുക്കപ്പെട്ടവരും മെസിയാനിക പ്രതീക്ഷകളുടെ ഉടമകളുമായവർ സുവിശേഷം തിരസ്കരിക്കുമ്പോൾ, ഇതൊന്നുമില്ലാത്തവർ സുവിശേഷം സസന്തോഷം സ്വീകരിക്കുകയും അനുഗൃഹീതരാകുകയും ചെയ്യുന്നു. അപ്രകാരമുള്ള പശ്ചാത്തലത്തിൽ സുവിശേഷപ്രഘോഷകനെ കർത്താവ് ധൈര്യപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈശോയുടെ ജീവിതത്തിൽ അനുഭവപ്പെട്ടതുപോലെ അനുകൂലപ്രതികൂല പ്രതികരണങ്ങൾ സുവിശേഷപ്രഘോഷകരായ പുരോഹിതരുടെ ജീവിതത്തിലുമുണ്ടാകും. എന്നാൽ പ്രേഷിതാഭിമുഖ്യം കൈവെടിയാതെ സുവിശേഷശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതനു കഴിയണം.

## 3. പ്രേഷിതാഭിമുഖ്യവും കഷ്ടതകളും

*''ഗാല്ലിയോ അക്കായിയായിൽ ഉപസ്ഥാനപതിയായിരിക്കുമ്പോൾ, യഹൂദർ പൗലോസിനെതിരേ സംഘടിതമായ ഒരാക്രമണം നടത്തി. അവർ അവനെ ന്യായാസനത്തിനുമുമ്പിൽ കൊണ്ടുവന്ന് ഇപ്രകാരം പറഞ്ഞു: ഈ മനുഷ്യൻ നിയമവിരുദ്ധമായ രീതിയിൽ ദൈവാരാധന നടത്താൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു''* (18,12-13).

ഗാല്ലിയോ അക്കായിയായിൽ ഉപസ്ഥാനപതിയായിരിക്കുമ്പോൾ, യഹൂദർ പൗലോസിനെതിരെ സംഘടിതമായ ഒരാക്രമണം നടത്തി. ഇതുവരെ പൗലോസിനെതിരായ ന്യായതീർപ്പുകളെല്ലാം ഓരോ നഗരത്തിലെയും അധികാരികളുടേതായിരുന്നു. അവയ്ക്ക് അതാതു നഗരങ്ങളിൽമാത്രമേ പ്രാബല്യമുണ്ടായിരുന്നുള്ളു. എന്നാൽ ഒരു പ്രദേശം മുഴുവന്റെയുംമേൽ അധികാരമുള്ള റോമൻ ഗവർണ്ണറുടെ വിധിക്ക് കൂടുതൽ വ്യാപകമായ അംഗീകാരം പ്രതീക്ഷിക്കാവുന്നതായിരുന്നു. അതു ലഭിക്കുവാനാണ് യഹൂദന്മാർ ശ്രമിച്ചത്. യഹൂദന്മാരുടെ യത്നത്തിനു പിന്നിൽ മറ്റൊരു ലക്ഷ്യവുമുണ്ടായിരുന്നു. റോമാ സാമ്രാജ്യത്തിൽ രാഷ്ട്രത്തിന്റെ അംഗീകാരമുള്ള മതങ്ങളും അംഗീകാരമില്ലാത്ത മതങ്ങളും പ്രവർത്തിച്ചിരുന്നു. യഹൂദമതത്തിന് അപ്രകാരമുള്ള അംഗീകാരമുണ്ടായിരുന്നു. ക്രിസ്തുമതത്തെ യഹൂദമതത്തിന്റെ ഒരു വിഭാഗമായി കരുതി അംഗീകാരം ലഭി

ക്കാനുള്ള സാദ്ധ്യത ഇല്ലാതാക്കുകയായിരുന്നു യഹൂദരുടെ ലക്ഷ്യം. എന്നാൽ ഗാല്ലിയോ ഉത്തമനും ആദർശധീരതയുമുള്ള ഒരു ഭരണാധിപനെന്ന നിലയിൽ അവരുടെ യത്നത്തെ പരാജയപ്പെടുത്തി (18,14-16).

എന്നാൽ യഹൂദർ ഒന്നുചേർന്ന് സിനഗോഗധികാരിയായ സൊസ്തേനോസിനെ പിടിച്ച് കോടതിയുടെ മുമ്പിൽവച്ചുതന്നെ അടിച്ചു (18,17). സൊസ്തേനൊസ് ക്രിസ്ത്യാനികളോട് സഹതാപമുള്ളവനായിരുന്നിരിക്കണം. പിന്നീട് ഈ സൊസ്തേനോസിനെപ്പറ്റി, തന്റെ സഹപ്രവർത്തകനായി, കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ പൗലോസ് പരാമർശിക്കുന്നുണ്ട് (1 കൊറി 1,1). പൗലോസിനോടും ക്രിസ്ത്യാനികളോടുമുള്ള സഹതാപം പിന്നീട് ഒരു ക്രിസ്ത്യാനിയാകുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുണ്ടാവണം. ഏതായാലും പൗലോസിനും, അദ്ദേഹത്തിന്റെ സുവിശേഷപ്രഘോഷണത്തോട് സഹതാപമുണ്ടായിരുന്ന സൊസ്തേനോസിനും കഷ്ടപ്പാടുകൾ സഹിക്കേണ്ടതായി വന്നു. പ്രേഷിതാഭിമുഖ്യമുള്ള ജീവിതം നയിക്കുന്ന ക്രൈസ്തവർക്കെല്ലാം കഷ്ടപ്പാടുകൾ നേരിടേണ്ടിവരും. നടപടിഗ്രന്ഥം വിവരിക്കുന്ന ആദിമസഭാചരിത്രവും അന്നുമുതൽ ഇന്നുവരെയുള്ള സഭാചരിത്രവും ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്. എന്നാൽ കഷ്ടപ്പാടുകളോടൊപ്പം ദൈവസ്നേഹം നല്കുന്ന സമാശ്വാസവും സന്തോഷവും അവർക്കുണ്ടാകും എന്നതും സഭാചരിത്രം ഉദാഹരിക്കുന്ന ഒരു വസ്തുതയാണ്. പ്രേഷിതാഭിമുഖ്യത്തോടെ ശുശ്രൂഷ ചെയ്യുന്ന പുരോഹിതന് ലോകത്തിന്റെ കഷ്ടപ്പാടുകൾ നേരിടാനുള്ള ശക്തി ലഭിക്കുകയും ദൈവത്തിന്റെ സമാശ്വാസവും സന്തോഷവും ആസ്വദിക്കുവാനുള്ള ഭാഗ്യം സിദ്ധിക്കുകയും ചെയ്യും.

## 4. പ്രേഷിതാഭിമുഖ്യവും ദൈവോന്മുഖതയും

*''അവൻ എഫേസോസിൽ എത്തിച്ചേർന്നു. അവൻ മറ്റുള്ളവരെ അവിടെ വിട്ടിട്ട്, സിനഗോഗിൽ പ്രവേശിച്ച് യഹൂദരുമായി വാദത്തിൽ ഏർപ്പെട്ടു. കുറേനാൾകൂടി തങ്ങളോടൊത്തു താമസിക്കാൻ അവർ ആവശ്യപ്പെട്ടെങ്കിലും അവൻ സമ്മതിച്ചില്ല. ദൈവം അനുവദിച്ചാൽ ഞാൻ നിങ്ങളുടെ അടുത്തേക്കു തിരിച്ചു വരും എന്നു പറഞ്ഞ് അവൻ വിടവാങ്ങുകയും എഫേസോസിൽനിന്ന് കപ്പൽ കയറുകയും ചെയ്തു''* (18,19-21).

പൗലോസ്ശ്ലീഹാ കോറിന്തോസിൽനിന്നും സിറിയാ, പാലസ്തീനാ എന്നീ സ്ഥലങ്ങളിലേക്കു പോയി. അക്വീലായും പ്രിഷില്ലായും പൗലോസിനോടൊത്തു പോകുകയുണ്ടായി. അവർ കെങ്ക്രെയിലെത്തിയപ്പോൾ, അവിടെവച്ച് പൗലോസ് തല ക്ഷൗരം ചെയ്യിച്ചു. കോറിന്തോസിൽ വച്ചുണ്ടായ വിജയകരമായ പ്രേഷിതപ്രവർത്തനത്തെ പരിഗണിച്ച് സംഖ്യാപുസ്തകം 6,5 ൽ നിർദ്ദേശിക്കുന്ന നാസീർവ്രതം പാലിക്കുന്നതിനായിരിക്കാം അപ്രകാരം ചെയ്തത്. നാസീർവ്രതത്തെപ്പറ്റി ഇപ്രകാരമാണ് പറയുന്നത്: ''ക്ഷൗരക്കത്തി വ്രതകാലത്ത് അവന്റെ തലയിൽ സ്പർശിക്കരുത്. കർത്താവിന്റെ മുമ്പിൽ വ്രതമനുഷ്ഠിക്കുന്ന കാലമത്രയും വിശുദ്ധി പാലിക്കണം; മുടി വളർത്തണം'' (സംഖ്യ 6,5). കോറിന്തോസിൽ തന്റെ പ്രേഷിതപ്രവർത്തനത്തിനുണ്ടായ വിജയം, തന്റെ മാനുഷികമായ കഴിവുകൊണ്ടല്ല, പ്രത്യുത ദൈവത്തിന്റെ കൃപ മാത്രമാണ് എന്നുള്ള പൗലോസിന്റെ അംഗീകാരത്തിന്റെ ഒരടയാളമായി ഈ വ്രതമെടുക്കലിനെ പരിഗണിക്കാവുന്നതാണ്. വ്രതകാലത്ത് വളർത്തിയ മുടിയാണ് കെങ്ക്രെയിൽവച്ച് പൗലോസ്

മുണ്ഡനം ചെയ്തത് (18,18). പൗലോസിന്റെ ദൈവാഭിമുഖ്യത്തിന്റെ ഒരടയാള മായി ഇതിനെ പരിഗണിക്കാം.

പിന്നീട് പൗലോസ് അക്വീലായും പ്രിഷില്ലയുമൊരുമിച്ച് കപ്പൽമാർഗം ഏഷ്യാ മൈനറിലെ ഒരു പ്രധാന നഗരവും തുറമുഖവുമായിരുന്ന എഫേസോസിൽ ചെന്നുചേർന്നു. മൂന്നാം പ്രേഷിതയാത്രയിൽ പൗലോസിന്റെ സുവിശേഷപ്ര ഘോഷണത്തിന്റെ പ്രധാനപ്പെട്ട ഒരു നഗരമായിരുന്നു എഫേസോസ്. എന്നാൽ ഇപ്രാവശ്യം അവിടെ അധികംകാലം ചിലവഴിക്കാൻ ശ്ലീഹാ ഉദ്ദേശിച്ചിരുന്നില്ല. അതുകൊണ്ട് അവിടുത്തെ സിനഗോഗിൽവച്ച് യഹൂദരുമായി സംവാദം നടത്തി സുവിശേഷപ്രഘോഷണത്തിന് ആരംഭമിട്ടശേഷം, കപ്പൽ കയറി കേസറിയായി ലേക്കു പോവുകയാണു ചെയ്തത് (18,19-21). കുറേനാൾക്കൂടി തങ്ങളോടൊത്തു താമസിക്കാൻ അവർ ആവശ്യപ്പെട്ടെങ്കിലും പൗലോസ് അതു സമ്മതിക്കാതെ, ''ദൈവം അനുവദിച്ചാൽ ഞാൻ നിങ്ങളുടെ അടുത്തേക്കു തിരിച്ചുവരും'' (18,21) എന്നു പറഞ്ഞ് അവിടെനിന്നും വിടവാങ്ങുകയാണു ചെയ്തത്. മാനുഷിക മായ പരിഗണനകളെക്കാളുപരി ദൈവഹിതത്തിനു പൂർണ്ണമായി വിധേയപ്പെട്ട, ദൈവോന്മുഖജീവിതമായിരുന്നു പൗലോസിന്റേത്. പ്രേഷിതാഭിമുഖ്യമുള്ള പുരോഹിതന്റെ ഒരവശ്യ സവിശേഷതയായിരിക്കണം ഇപ്രകാരമുള്ള ദൈവോ ന്മുഖജീവിതം.

## 5. പ്രേഷിതാഭിമുഖ്യവും പ്രോത്സാഹനവും

*''കർത്താവിന്റെ മാർഗത്തെക്കുറിച്ച് അവന് ഉപദേശവും ലഭിച്ചിരുന്നു. അവന് യോഹന്നാന്റെ ജ്ഞാനസ്നാനത്തെക്കുറിച്ചുമാത്രമേ അറിവുണ്ടായിരുന്നുള്ളു. എങ്കിലും, ഈശോയെക്കുറിച്ചുള്ള കാര്യങ്ങൾ ആത്മാവിൽ ഉണർവോടെ, തെറ്റു കൂടാതെ പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തിരുന്നു. അവൻ സിനഗോ ഗിലും ധൈര്യപൂർവം പ്രസംഗിക്കാൻ തുടങ്ങി. പ്രഷില്ലായും അക്വീല്ലായും അവന്റെ പ്രസംഗം കേട്ടു. അവർ അവനെ കൂട്ടിക്കൊണ്ടുപോയി ദൈവത്തിന്റെ മാർഗ്ഗം കൂടുതൽ വ്യക്തമായി പറഞ്ഞുകൊടുത്തു''* (18,25-26).

നടപടിഗ്രന്ഥം 18-ാം അദ്ധ്യായം 24-ാം വാക്യം മുതൽ 21-ാം അദ്ധ്യായം 17-ാം വാക്യം വരെ പൗലോസ്ശ്ലീഹായുടെ മൂന്നാം പ്രേഷിതയാത്രയുടെ വിവരണ മാണ്. പൗലോസ് തന്റെ ഒന്നാമത്തെയും രണ്ടാമത്തെയും പ്രേഷിതയാത്രകൾ ആരംഭിച്ചത് അന്ത്യോക്യായിൽനിന്നായിരുന്നു (13,1; 15,36). ഈ മൂന്നാം പ്രേഷി തയാത്രയും പൗലോസ് ആരംഭിക്കുന്നത് അന്ത്യോക്യായിൽനിന്നുതന്നെയാണ് (18,22-23). ഈ സന്ദർഭത്തിൽ അപ്പോളോസ് എന്നു പേരുള്ള അലക്സാൺഡ്രി യാക്കാരനായ ഒരു യഹൂദൻ എഫേസോസിൽ വരികയും ഈശോയെക്കുറിച്ച് പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. അയാൾ വാഗ്മിയും വിശുദ്ധ ലിഖിതങ്ങളിൽ അവഗാഹം നേടിയവനുമായിരുന്നു (18,24-25). അയാൾക്കു യോഹന്നാന്റെ സ്നാനത്തെക്കുറിച്ചുമാത്രമേ അറിവുണ്ടായിരുന്നുള്ളുവെങ്കിലും ഈശോയെക്കുറിച്ചുള്ള കാര്യങ്ങൾ ആത്മാവിൽ ഉണർവോടെ, തെറ്റുകൂടാതെ പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തിരുന്നു (18,25). നടപടിഗ്രന്ഥത്തിൽ പരാമർശിക്കപ്പെടുന്ന (ശ്ലീഹ 1,15) നൂറ്റിയിരുപതോളം സഹോദരരിൽ ഒരുവനാ യിരിക്കാം ഇയാൾ എന്നാണ് വി. ജോൺ ക്രിസോസ്റ്റോം അഭിപ്രായപ്പെടുന്നത്. (John Chrisostom, Homily, 20)

അപ്പോളോസ് എഫേസോസിലെ സിനഗോഗിൽ ഈശോയെക്കുറിച്ച് ധൈര്യപൂർവം പ്രസംഗിക്കുന്നതുകേട്ട അക്വീലായും പ്രിഷില്ലയും അയാളെ കൂട്ടിക്കൊണ്ടുപോയി ദൈവത്തിന്റെ മാർഗം കൂടുതൽ വ്യക്തമായി പറഞ്ഞു കൊടുത്തു (18,26). അപ്രകാരം അപ്പോളോസ് നല്ല ഒരു സുവിശേഷപ്രഘോഷകനായിത്തീർന്നു. പിന്നീട് എഫേസോസിൽനിന്നും അക്കായിയായിലേക്കു പോകുവാൻ വിശ്വാസികൾ അയാളെ പ്രോത്സാഹിപ്പിക്കുകയും അയാളെ സ്വീകരിക്കുന്നതിന് അവിടുത്തെ വിശ്വാസികൾക്ക് എഴുതുകയും ചെയ്തു. അവിടെ എത്തിച്ചേർന്നതിനുശേഷം, അവിടുത്തെ വിശ്വാസികളെ അയാൾ വളരെയധികം സഹായിച്ചു. മാത്രമല്ല, പൊതുസ്ഥലങ്ങളിൽവച്ച് വിശുദ്ധഗ്രന്ഥങ്ങൾ ഉദ്ധരിച്ചു കൊണ്ട് മിശിഹാ ഈശോതന്നെയാണെന്നു തെളിയിക്കുകയും യഹൂദന്മാരെ വാക്കുമുട്ടിക്കുകയും ചെയ്തിരുന്നു (18,27-28). ഇപ്രകാരം സഹവിശ്വാസികളെയും സഹപ്രവർത്തകരെയും സുവിശേഷപ്രഘോഷണത്തിനായി ഒരുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുവാൻ സഭാംഗങ്ങൾക്കെല്ലാം കടമയുണ്ട്. സഭാസമൂഹത്തിന്റെ ശുശ്രൂഷകരെന്ന നിലയിൽ പുരോഹിതർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുകയും താല്പര്യമെടുക്കുകയും ചെയ്യണം.

## ജീവിതസൂചിക

1. പ്രേഷിതാഭിമുഖ്യവും ജോലിയും എന്റെ പുരോഹിതശുശ്രൂഷയിൽ ഞാൻ എങ്ങനെ സംയോജിപ്പിക്കുന്നു?
2. പ്രതികൂല സാഹചര്യങ്ങളിൽ പ്രേഷിതാഭിമുഖ്യം കൈവെടിയാതെ സുവിശേഷശുശ്രൂഷ നിർവഹിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
3. പുരോഹിതശുശ്രൂഷാനിർവഹണത്തിൽ കഷ്ടപ്പാടുകളോടൊപ്പം ദൈവത്തിന്റെ സമാശ്വാസവും സന്തോഷവും അനുഭവിക്കുവാൻ എനിക്കു സാധിക്കുന്നുണ്ടോ?
4. മാനുഷികമായ പരിഗണനകളെക്കാൾ ദൈവോന്മുഖതയ്ക്ക് പ്രാധാന്യം കല്പിക്കുന്ന ഒരു ജീവിതവും ശുശ്രൂഷയുമാണോ എന്റേത്?
5. സഹപ്രവർത്തകരെയും വിശ്വാസികളെയും സുവിശേഷപ്രഘോഷണത്തിനായി ഒരുക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**മെയ് 2019**

26 സെന്റ് ജോസഫ് വായ്പൂർ ന്യൂ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

27 രാവിലെ അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് അതിരമ്പുഴ പാറോലിക്കലിൽ പുതുതായി നിർമ്മിക്കാൻ ആഗ്രഹിക്കുന്ന ചാപ്പലിന്റെ ശിലാസ്ഥാപനകർമ്മം നിർവ ഹിച്ചു. തുടർന്ന് കുറിച്ചിയിൽ എം.എൽ.എഫ് സമൂഹാംഗമായ സി. മരിയ ഗൊരോത്തിയുടെ ശവസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് സെന്റ് ബർക്കുമാൻസ് സ്കൂളിന്റെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരം അരമനയിലെ സ്തുത്യർഹമായ സേവനത്തിനുശേഷം മറ്റു മേഖലകളി ലേക്ക് യാത്രയാകുന്ന വൈദികർക്ക് യാത്രയയപ്പ് നൽകി.

28 ചങ്ങനാശേരിയിലേക്കും ഇറ്റാവയിലേക്കുമായി ഈ വർഷം തിരഞ്ഞെടു ക്കപ്പെട്ട വൈദികവിദ്യാർത്ഥികളെയും അവരുടെ മാതാപിതാക്കളെയും അതിരൂപതാകേന്ദ്രത്തിൽ വച്ച് കണ്ടു. വൈകുന്നേരം വാഴൂർ അനുഗ്രഹാ ഭവനിൽ ബാച്ച് ഗാതറിങ്ങിൽ പങ്കെടുത്തു.

29 രാവിലെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും യാത്രയാകുന്ന മാത്യു താന്നിയത്തച്ചന് ആശംസകൾ നേരുകയും ചെയ്തു.

30 സ്വർഗാരോഹണതിരുനാൾ ദിനത്തിൽ രാവിലെ വെട്ടിത്തുരുത്ത് സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി.കുർബാന അർപ്പിച്ചു. തുടർന്ന് അതി രൂപതാകേന്ദ്രത്തിൽ പാലമറ്റം ബേത്തോമാ സഹോദരികളുടെ വാർഷി കയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് സന്ദർശകരെ സ്വീ കരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ റീജൻസിക്കാരുടെ മാസധ്യാനത്തോടനുബന്ധിച്ചു ക്ലാസ് എടുത്തു.

31 രാവിലെ അതിരൂപതാകേന്ദ്രത്തിൽ കുട്ടികളുടെ സുരക്ഷയെപ്പറ്റിയും അതിനോടനുബന്ധിച്ചുള്ള നിയമനടപടികളെയുംപറ്റിയുള്ള ചർച്ചയ്ക്ക് നേതൃത്വം നൽകി. വൈകുന്നേരം മുണ്ടുപാലം സെന്റ് മേരീസ് ദൈവാ ലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനമദ്ധ്യേ വചന സന്ദേശം നൽകി. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷന്റെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

**ജൂൺ 2019**

01 ദൈവദാസൻ കുര്യാളശേരി പിതാവിന്റെ 94-ാം ചരമവാർഷികത്തോടനുബന്ധിച്ച് ചങ്ങനാശേരി കബറിടപള്ളിയിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്കായി ജിമ്മി പടനിലം സെന്ററിൽ വച്ച് നടത്തപ്പെട്ട ബോധവൽക്കരണ ട്രെയിനിംഗ് ക്ലാസ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകുന്നേരം നവീകരിച്ച മണ്ണാർകുന്ന് സെന്റ് ജോർജ് ദൈവാലയത്തിന്റെ കൂദാശകർമ്മത്തിന് കാർമ്മികത്വം വഹിച്ചു.

02 അതിരൂപതാകേന്ദ്രത്തിൽ ചങ്ങനാശേരി അതിരൂപതയിലെ ബധിര-മൂക സഹോദരങ്ങൾക്കായി സംഘടിപ്പിച്ച ഒരു ദിവസത്തെ പരിപാടിയിൽ പങ്കെടുക്കുകയും അവരോടൊപ്പം വി. കുർബാന അർപ്പിക്കുകയും ചെയ്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ സഞ്ജീവനി പുനരധിവാസ കേന്ദ്രത്തിന്റെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

03 അതിരുപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

04 ജൂൺ 4 മുതൽ 5 വൈകുന്നേരം വരെ പി.ഒ.സി.യിൽ കെ.സി.ബി.സി മീറ്റിംഗിൽ പങ്കെടുത്തു.

06 സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിൽ തിരുവല്ല അതിരൂപതയുടെ മുൻ അദ്ധ്യക്ഷനായിരുന്ന ഗീവർഗീസ് മാർ തിമോത്തെയോസ് തിരുമേനിയുടെ ശവസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

07 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചങ്ങനാശേരി ഫൊറോനയിലെ യുവജനങ്ങൾക്കായി ഫാത്തിമാപുരം എസ്.എച്ച് സ്കൂളിൽ നടത്തപ്പെട്ട യുവജനക്യാമ്പിലും തുരുത്തി ഫൊറോനയിലെ യുവജനങ്ങൾക്കായി തുരുത്തി കാനായിൽ നടത്തപ്പെട്ട യുവജന ക്യാമ്പിലും പങ്കെടുത്ത് സന്ദേശം നൽകി.

08 രാവിലെ അസംപ്ഷൻ കോളജ് ഓഡിറ്റോറിയത്തിൽ ചങ്ങനാശേരി അതിരൂപത ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനവർഷ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ട്രെയിനിംഗ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് ലിറ്റിൽ ഫ്ളവർ കടുവാക്കുളം ദൈവാലയത്തിൽ എം.സി.ബി.എസ്. സമൂഹാംഗമായ അയ്യമ്പള്ളി ബഹു. ജോർജ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് കത്തീഡ്രൽ ദൈവാലയത്തിൽ മൂറോൻ തൈല കൂദാശാകർമ്മത്തിന് നേതൃത്വം നൽകുകയും അതിരൂപത മതബോധനവർഷത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

09 വടക്കേ അമിച്ചകരി സെന്റ് ജോർജ് ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം പൗരസ്ത്യ വിദ്യാപീഠത്തിന്റെ പുതിയ ബ്ലോക്കിന്റെ വെഞ്ചരിപ്പ് കർമ്മത്തിൽ പങ്കെടുത്തു. തുടർന്ന് പുന്നത്തുറ ഇടവകാംഗമായ ഏലിക്കുട്ടി നിലപ്പനയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

10 രാവിലെ സെന്റ് തോമസ് വടവാതൂർ സെമിനാരിയിൽ പരിശുദ്ധ കുർബാന

അർപ്പിക്കുകയും പുതിയ അദ്ധ്യയനവർഷത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ സംഘടിപ്പിച്ച ഇന്റർചർച്ച് കൗൺസിലിൽ പങ്കെടുത്തു. വൈകുന്നേരം വടവാതൂർ എം.ഒ.സി.യുടെ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ നവീകരിച്ച സന്ദേശനിലയം ഓഫീസിന്റെ വെഞ്ചരിപ്പ്കർമ്മം നിർവഹിച്ചു.

11 രാവിലെ ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ വി. കുർബാന അർപ്പിക്കുകയും ബഹുമാനപ്പെട്ട വൈദികരെ സന്ദർശിക്കുകയും ചെയ്തു. തുടർന്ന് ചെത്തിപ്പുഴ ആശുപത്രിയിൽ രോഗികളായി കഴിയുന്ന വൈദികരെ സന്ദർശിക്കുകയും ഇളംകുളം ബഹു. കുര്യനച്ചന്റെ സഹോദരന്റെ മൃതദേശത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ അതിരൂപതയിലെ വിവിധ സന്യാസസമൂഹങ്ങളുടെ സുപ്പീരിയേഴ്സ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ട ഇന്റർ ഡിപ്പാർട്ട്മെന്റൽ മീറ്റിംഗിൽ പങ്കെടുത്തു.

12 ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ റീജൻസി ചെയ്യുന്ന ബ്രദേഴ്സിന്റെ മാസധ്യാനത്തോടനുബന്ധിച്ച് ക്ലാസ് എടുത്തു. തുടർന്ന് എം.ജി. യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലറായി തിരഞ്ഞെടുക്കപ്പെട്ട പാറമ്പുഴ ഇടകാംഗമായ സാബുസാറിനെയും അദ്ദേഹത്തിന്റെ പത്നിയെയും സ്വീകരിക്കുകയും അനുമോദിക്കുകയും ചെയ്തു.

13 രാവിലെ ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ ഇളങ്കുളം ബഹു. കുര്യനച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പച്ച-ചെക്കിടിക്കാട് ദൈവാലയത്തിൽ ബഹു. റോജൻ പുരയ്ക്കലച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. തുടർന്ന് നിരണം സെമിനാരി സംന്ദർശിച്ചു

14 രാവിലെ കത്തീഡ്രൽ ഇടവകാംഗമായ പെണ്ണമ്മ തോമസ് വട്ടക്കളത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

15 രാവിലെ മണിമല ഹോളിമാഗി ഇടവകയിലെ പ്ലക്കാട്ട് കുടുംബത്തിലെ അഞ്ചാമത്തെ ശിശുവിന് പ്രാരംഭകൂദാശകൾ നൽകി. തുടർന്ന് മണിമല ഫൊറോന ദൈവാലയത്തിൽ കുട്ടികളുടെ സമഗ്രവികസനം മുമ്പിൽ കണ്ട് അവർക്ക് നൽകുന്ന പരിശീലന പരിപാടിയായ 'OSAP' ഉദ്ഘാടനം ചെയ്തു. തുടർന്ന് മണിമല ഫൊഫോനയിലെ ആഘോഷമായി കുർബാനസ്വീകരണം നടത്തിയ കുട്ടികൾക്കായ് സംഘടിപ്പിച്ച ഏഞ്ചൽസ് മീറ്റിൽ പങ്കെടുത്ത് സന്ദേശം നൽകി. തുടർന്ന് പാലാ സിവിൽ സർവീസിൽ നിന്ന് ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിക്കുന്ന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചക്ക് ഏറ്റുമാനൂർ കാസാമരിയ റിട്രീറ്റ് ഹൗസിൽ വച്ച് നടത്തപ്പെട്ട അതിരമ്പുഴ ഫൊറോന യുവജന ക്യാമ്പ് സന്ദർശിക്കുകയും കുട്ടികളോട് സംസാരിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ

തൃക്കൊടിത്താനം ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിനായി സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

16 മുത്തൂർ സെന്റ് ആന്റണീസ് ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം കൈതവന തിരുഹൃദയ ദൈവാലയ ഓഡിറ്റോറിയത്തിൽ അതിരൂപതാ പിതൃദിനാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും തുടർന്ന് വിവാദമായ കാർട്ടൂൺ പുരസ്കാരം പിൻവലിക്കണമെന്നാവശ്യപ്പെട്ടുള്ള പ്രതിഷേധറാലിക്ക് നേതൃത്വം നൽകുകയും ചെയ്തു. തുടർന്ന് കടൽക്ഷോഭം രൂക്ഷമായ പ്രദേശങ്ങളായ ഔമശേരി, തൈക്കൽ മേഖലകൾ സന്ദർശിക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്തു.

17 രാവിലെ പാറേൽ എസ്.വി.ഡി. മൈനൽ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് മാമ്മൂട് ഷന്താൾഗിരി ആയുർവേദ ആശുപത്രിയുടെ വെഞ്ചരിപ്പ്കർമ്മം നിർവഹിക്കുകയും ഉദ്ഘാടനപരിപാടിയിൽ സംബന്ധിക്കുകയും ചെയ്തു. തുടർന്ന് പുതുശേരി സെന്റ് ജോസഫ് ബോയിസ് ഹോമിൽ പുതുതായി നിർമ്മിച്ച ബാസ്കറ്റ് ബോൾ കോർട്ടിന്റെ ഉദ്ഘാടനം നിർവഹിച്ചു.

18. രാവിലെ കുറുമ്പനാടം 'സ്നേഹനിവാസിൽ' വിശുദ്ധ കുർബാന അർപ്പിക്കുകയും കുട്ടികളോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം വിജയപുരം രൂപതാകേന്ദ്രത്തിൽ പിതാക്കന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

19 രാവിലെ വിജയപുരം രൂപതാകേന്ദ്രത്തിൽ മാസധ്യാനത്തിൽ പങ്കെടുത്തു. തുടർന്ന് വില്ലൂന്നി സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ തുരുത്തുമാലിൽ ബഹു. ജോസഫ് അച്ചന്റെ ശവസംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം നടത്തി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

20 രാവിലെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ദീപിക ദിനപത്രത്തിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

21 രാവിലെ ചങ്ങനാശേരി എസ്.ബി. എച്ച്.എസ്.എസിൽ എത്തിച്ചേരുകയും 10, +2 ക്ലാസുകൾ മുഴുവൻ സന്ദർശിച്ച് കുട്ടികളോട് സംസാരിക്കുകയും ചെയ്തു. തുടർന്ന് യോഗദിനത്തോടനുബന്ധിച്ച് നടത്തിയ യോഗാദിന പരിപാടികൾ ഉദ്ഘാടനം ചെയ്തു. തുടർന്ന് എസ്.ബി. സ്കൂൾ കെ.സി.എസ്.എൽ-ന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. എസ്.ബി. സ്കൂളിലെ എല്ലാ അദ്ധ്യാപകരെയും അനദ്ധ്യാപകരെയും കാണുകയും അവരുടെ അഭിപ്രായങ്ങൾ ശ്രവിക്കുകയും ചെയ്തു. വൈകുന്നേരം ചങ്ങനാശേരി എസ്.ബി. എച്ച്.എസ്.എസ്. -ൽ കുട്ടികൾക്കായി നടത്തപ്പെട്ട കെ.സി.എസ്.എൽ ക്യാംപ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

22 രാവിലെ പുന്നത്തുറ സിമിത്തേരി പള്ളിയിൽ വി.കുർബാന അർപ്പിച്ചു. തുടർന്ന് പുന്നത്തുറ ഇടവകാംഗങ്ങളായ കുഞ്ഞേപ്പ് പൂവത്തിങ്കലിന്റെയും വർക്കിച്ചൻ മുകളേലിന്റെയും മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് പുന്നത്തുറ സെന്റ് തോമസ് ദൈവാലയത്തിൽ വിവാഹം

ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് മിത്രക്കരി സെന്റ് സേവ്യർ ഓഡിറ്റോറിയത്തിൽ ചാരിറ്റി വേൾഡിന്റെ നേതൃത്വത്തിൽ നടക്കുന്ന 'ആരോഗ്യഗ്രാമം മുട്ടാർ' പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

23 രാവിലെ അതിരമ്പുഴ റീത്താ ചാപ്പലിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം സെന്റ് ജോർജ് മുട്ടാർ ഓഡിറ്റോറിയത്തിൽ ചാരിറ്റി വേൾഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'ആരോഗ്യഗ്രാമം മുട്ടാർ' പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

24 രാവിലെ സെന്റ് തോമസ് കുറിച്ചി സെമിനാരിയിൽ വി. കുർബാന അർപ്പിക്കുകയും വൈദിക വിദ്യാർത്ഥികളെ കാണുകയും ചെയ്തു. തുടർന്ന് മീഡിയ വില്ലേജിൽ പുതിയ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് വടവാതൂർ എം.ഒ.സി.യുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ എം.എസ്.എഫ്.എസ്. കോൺഗ്രിഗേഷന്റെ സുപ്പീരിയർ ജനറാൾ വെട്ടുവേലിൽ ബഹു. അബ്രഹാം അച്ചനെ സ്വീകരിക്കുകയും ആദരിക്കുകയും ചെയ്തു.

25 രാവിലെ താഴത്തുവടകര അരീക്കുഴിയിൽ ദേവസ്യ ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് കോട്ടാങ്കൽ ഇടവകാംഗവും ബഹു. ജോസഫ് കൊല്ലാറയച്ചന്റെ പിതൃസഹോദരനുമായ ജോസഫ് കുര്യന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ഇന്റർ എപ്പാർക്കിയൽ മീറ്റിൽ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരം ചെത്തിപ്പുഴ ആശുപത്രിയിൽ കൂട്ടുമ്മേൽ ബഹു. സിറിയക് അച്ചനേയും ആയില ബഹു. തോമസ് അച്ചനെയും സന്ദർശിച്ചു.

26 രാവിലെ തുരുത്തി ഇടവകാംഗമായ ആഗസ്തി തോമസ് ചൊറുക്കാവിലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് വടവാതൂർ സെമിനാരിയിൽ സെമിനാരി കമ്മീഷൻ സന്ദർശനം നടത്തി.

## മാർ തോമസ് തറയിൽ

**മെയ് 2019**

28 രാവിലെ തിരുവനന്തപുരത്ത് കാരിത്താസ് ഇന്ത്യയുടെ കോൺഫറൻസിൽ പങ്കെടുത്തു.

29 പാസ്റ്ററൽ സെന്റർ ദൈവാലയത്തിൽ വിവാഹഒരുക്ക ധ്യാനത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. ഉച്ചകഴിഞ്ഞ് വായ്പ്പൂരിൽ അതിരൂപതാംഗമായ ബഹു. ഫിലിപ്പോസ് കേഴപ്പാക്കലച്ചന്റെ പിതാവിന്റെ ഭവനത്തിലെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. സായാഹ്നത്തിൽ ചെത്തിപ്പുഴ മേഴ്സി ഹോമിൽ കെയർഹോമിന്റെ മീറ്റിംഗിൽ അധ്യക്ഷതവഹിച്ചു.

30 രാവിലെ പുന്നപ്രയിൽ ശ്രീ. ബിനോയ് കൂട്ടക്കരയുടെ പുതുതായി നിർമ്മിച്ച ഭവനത്തിന്റെ ആശീർവ്വാദം നടത്തി. ഉച്ചകഴിഞ്ഞ് പാലാരൂപതാകേ

ന്ദ്രത്തിൽ സമ്മേളനത്തിൽ സംബന്ധിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കുമായി നടത്തിയ മാസധ്യാനത്തിൽ പങ്കെടുത്തു.

31 മുടിയൂർക്കര തിരുക്കുടുംബദൈവാലയത്തിൽ നടന്ന മാമ്മോദീസാതിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. പിന്നീട് അതിരൂപതാകേന്ദ്രത്തിൽ സേഫ്ഗാർസിങ് യോഗത്തിൽ സംബന്ധിച്ചു. തുടർന്ന് പച്ച ലൂർദ്ദ്മാതാ ദൈവാലയത്തിൽ ബഹു. തോമസ് തെക്കേത്തല CMI അച്ചന്റെ പേരമ്മയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം പ്രീസ്റ്റ്ഹോമിൽ വിശ്രമജീവിതം നയിക്കുന്ന ബഹു. തോമസ് കിഴക്കേടത്തച്ചന് രോഗീലേപനം നല്കി. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ സെയിന്റ് ജോസഫ്സ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻസിന്റെ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു.

**ജൂൺ**

01 രാവിലെ മെത്രാപ്പോലീത്തൻ പള്ളിയിൽ അഭിവന്ദ്യ കുര്യാളശ്ശേരി പിതാവിന്റെ 94-ാം ചരമവാർഷികത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. ചെത്തിപ്പുഴ തിരുഹൃദയദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. തുടർന്ന് വില്ലൂന്നിയിൽ ബഹു. മുകളേൽപ്പറമ്പിൽ MCBS അച്ചന്റെ പിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് കൈനകരി സെയിന്റ് മേരീസ് ദൈവാലയത്തിൽ ബഹു. സിറിയക് കളത്തിലച്ചന്റെ ഓർമ്മകുർബാനയിൽ കാർമ്മികത്വം വഹിച്ചു.

02 രാവിലെ മണ്ണാർകുന്ന് സെയിന്റ് ഗ്രിഗോറിയോസ് ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷപൂർവമായ പരി. കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. സായാഹ്നത്തിൽ അതിരൂപതാകേന്ദ്രത്തിൽ സഞ്ജീവനിയുടെ ബോർഡ്മീറ്റിംഗിൽ സംബന്ധിച്ചു.

03 രാവിലെ കുടമാളൂർ സെയിന്റ് മേരീസ് ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു. തുടർന്ന് കുടമാളൂർ FCC കോൺവെന്റിൽ സന്ദർശനം നടത്തി. മാങ്ങാനം സ്പിരിച്വാലിറ്റി സെന്ററിൽ ചികിത്സയിലായിരിക്കുന്ന മല്പാൻ ബഹു. മാത്യു വെള്ളാനിക്കലച്ചനെ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് കുമരകം നസ്രത്ത് പള്ളിയിൽ മോൺ. ചിറ്റൂരച്ചന്റെ ഓർമ്മകുർബാനയിൽ കാർമ്മികത്വം വഹിച്ചു.

4-5 പാലാരിവട്ടം POC യിൽ KCBC സമ്മേളനത്തിൽ പങ്കെടുത്തു.


ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2019 JULY

| | | |
|---|---|---|
| 01 | **04:00 p.m.** | Golden Jubilee Celebration of DST Congregation @ St. Mary's Forane Church Bharananganam |
| 02 | **03:00 p.m.** | **Visitors' Time** |
| | **07:00 p.m.** | *Dukhrana* Celebration @ St. Thomas Minor Seminary |
| | **08:30 p.m.** | Home Day Celebration @ St. Thomas Hospital Chethipuzha |
| 03 | **06:30 a.m.** | Solemn Holy *Qurbana* @ MOC Vadavathoor |
| | **10:00 a.m.** | Annual Day Celebration @ Marthoma Vidhanikethan |
| | **12:00 p.m.** | *Dukrana* Celebration @ St. Joseph Priest Home Ithithanam |
| | **07:00 p.m.** | Supper @ Abp House |
| 04 | **03:00 p.m.** | Amala Theological College Executive Meeting @ Abp House |
| 05 | **04:30 p.m.** | Foundation Stone Laying of Care Home @ Vandanam |
| | **07:00 p.m.** | Supper @ Abp House |
| 06 | **04:00 p.m.** | Mother TheresaOld Age Home Blessing @ Nedumangad |
| 07 | **08:00 a.m.** | Niranam Pilgrimage |
| | **05:00 p.m.** | Ecumenical Gathering @ Abp House |
| 08 | | Engaged |
| 09 | **10:00 a.m.** | New Comers' Day Celebration @ St. Gregorios College Punnapra |
| 10 | | Engaged |
| 11 | | Engaged |
| 12 | **06:00 p.m.** | Interdepartmental Meeting @ Abp House |
| 13 | **10:00 a.m.** | Women Religious Meet @Assumption College |
| | **12:00 p.m.** | Project Year Inauguration of Kottayam Forane Council @ Lourdes Forane Kottaym |
| | **04:00 p.m.** | Golden Jubilee of Fr. Mathew Puthenparambil @ St. Joseph Church Laikadu |

| | | |
|---|---|---|
| | **07:30 p.m.** | Pulincunnoo Forane SMYM Camp @ Cana, Thuruthy |
| 14 | **06:30 a.m.** | Pastoral Visit @ St. Antony's Church Puthuppally |
| 15 | | Engaged |
| 16 | **10:00 a.m.** | Ecumenical Gathering @ Mount St. Thomas Kakkanad |
| 17 | **03:00 p.m.** | **Visitors' Time** |
| 18 | | Engaged |
| 19 | | Engaged |
| 20 | **03:00 p.m.** | Kudumbakoottayma Leaders Meet @ Holy Magi Church Manimala |
| 21 | **08:15 a.m.** | St. Alphonsa Pilgrimage @ Alphonsa Church Pongammodu, Tvm |
| 22 | **11:00 a.m.** | Inauguration of Silver Jubilee & New Academic Year @ St. John The Baptist College Nedumkunnam |
| | **03:00 p.m.** | Forane Vicars Meet to Discuss on 5 Year Plan @ Abp House |
| | **06:00 p.m.** | Monthly for Regents |
| 23-24 | | Engaged |
| 25 | | Engaged |
| 26 | **03:00 p.m.** | **Visitors' Time** |
| 27 | **09:00 a.m.** | Pravasi Sangamam@ Sandeshanilayam |
| 28 | **06:30 a.m.** | Pastoral Visit @ St. James Church Karikkattoor |
| 29-31 | | Priests Retreat (Batch II) |





# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2019 JULY

| | | |
|---|---|---|
| 03 | **07:30 a.m.** | *Qurbana* @ Cathedral |
| | **10:00 a.m.** | *Marthoma Vidhyanikethan* |
| | **12:00 p.m.** | Message @ Niranam |
| | **02:30-04:00** | **Visitors Time** |
| 04 | **05:00 p.m.** | Chapel *Qudasa* @ Nedumangadu |
| | **06:30 p.m.** | Ecumenical, St. Thomas Day Celebration @ TVM |
| 05 | **06:30 a.m.** | *Qurbana* @ Priest Home |
| | **08:30 a.m.** | Curia |
| | **02:30-4:00 p.m.** | **Visitors Time** |
| 06 | **10:00 a.m.** | Solemn Holy Communion @ Cathedral |
| | **11:30 a.m.** | Marriage @ Koothrappally |
| | **05:00 p.m.** | Old Age Home Blessing @ Nedumangadu |
| 07 | **09:00 a.m.** | Niranam Pilgrimage |
| | **01:30 p.m.** | *Qurbana* @ Niranam |
| 07-12 | | Retreat for Priests @ Vijayapuram |
| 12 | **06:00 p.m.** | Inter Departmental Meeting @ Archbishop House |
| 13 | **10:00 a.m.** | Catechism Teachers Training Course @ Vazhakkulam |
| | **04:00 p.m.** | Marriage @ Angamaly |
| 14 | **07:00 a.m.** | Parish Visit @ Anakkulam |
| 14-19 | | Retreat for Priests (I[st] Batch) @ Kunnamthanam |
| 15 | **06:30 a.m.** | *Qurbana* @ Kunnamthanam |
| | **09:00 a.m.** | Class @ Denahalaya |
| 16 | **11:00 a.m.** | Solemn Holy Communion @ Cathedral |
| 17 | **07:00 a.m.** | Baptism & Solemn Holy Communion @ Pulinkunnu |
| | **02:30-04:00** | **Visitors Time** |

| | | |
|---|---|---|
| 18 | **09:00 a.m.** | Class @ Denahalaya |
| 19 | **03:00 p.m.** | MSMI @ Kulathuvayal |
| 20 | **11:30 a.m.** | Marriage @ Thodupuzha |
| 21 | **09:00 a.m.** | Alphonsa Pilgrimage |
| | **11:30 a.m.** | *Qurbana* @ Pongumoodu |
| 21-26 | | Retreat for Priests @ Kannur |
| 27 | **10:00 a.m.** | Solemn Holy Communion @ Thellakom |
| | **11:30 a.m.** | *Pravasi Sangamam* @ Archbishop House |
| | **03:00 p.m.** | Solemn Holy Communion @ Podippara |
| | **04:30 p.m.** | *Kudumbakootayma* Leaders Meet @ Nedumkunnam |
| 28 | **10:00 a.m.** | *Qurbana* @ Parathy, Mayam |
| 28-Aug.02 | | Retreat for Priests (II$^{nd}$ Batch) @ Kunnamthanam |
| 29 | **06:30 a.m.** | *Qurbana* @ Kunnamthanam |
| | **02:30-04:00** | **Visitors Time** |
| 30 | **09:00 a.m.** | Class @ Denahalaya |
| 31- Aug. 06 | | Out of Station |

Fr Secretary to Auxiliary Bishop : 8078088468
Br Secretary : 8301803468